Aikyadeepam

# ഐക്യദീപം

ജനുവരി 2016

Since 1976 വില ₹ 10



## പൊന്നിൻ തേരേറുന്ന പുതുവർഷ കനവുകൾ

## കരുണയുള്ളവരാകാം

## നിലവിളി കേൾക്കുന്ന ദൈവം


മാലിന്യ
സംസ്കരണത്തിന്
ഒരു ഉത്തമ പരിഹാരം
ZERO FUEL INCINERATOR
MINIMUM INVESTMENT •
ZERO FUEL EXPENSE •
ZERO MAINTENANCE •
TWO YEARS WARRANTY •
സ്കൂൾ/ആശുപത്രി
ഹോസ്റ്റൽ/അഗതിമന്ദിരം
ഓഡിറ്റോറിയം/മാർക്കറ്റ്
ഏതിനും അനുയോജ്യമായത്
ZERO WASTE
The zero fuel solidwaste dispenser - Mfrs : Zerowaste Technologies
ies
IDEAL ENVIRONMENTAL SOLUTIONS & CONSULTANCY
Consultation & Marketing Office
IDEAL ENVIRONMENTAL
SOLUTIONS & CONSULTANCY
KERALA STATE POLLUTION CONTROL BOARD CERTIFIED
LABORATORY FOR WATER & EFFLUENT TESTING
Near Catholicate College, Pathanamthitta. Ph. 0468 222 9992
Cell. 95266 09992. office@ideales.org www.ideales.org
eden creative studio, 7719010489

# എഡിറ്റോറിയൽ editorial

ചക്രവാളത്തിൽനിന്നും യാത്രതിരിച്ച കാത്തിരിപ്പിന്റെ ഈറ്റുനോവിൻ തുള്ളികൾ ഒരു മഞ്ഞുതുള്ളിയായ് പുനർജനിക്കുമ്പോൾ ഒരു പ്രഭാതം ഉണരുന്നു; ഒപ്പം പുതിയ പ്രതീക്ഷകളും. ദൂരെ ദൂരെ നിന്നും ആ പ്രഭാതം അരികിലെത്തുവോളം നാം കാത്തിരിക്കുന്നു; പ്രതീക്ഷയും നന്മയും വിടരുന്ന ഒരു പുതുവർഷ പുലരിക്കായ്. ആകുലതയും അദ്ധ്വാനവും വീഴ്ത്തിയ കരിനിഴലിനുമീതെയും പ്രതീക്ഷയുടെ ഒരു ദേശാടനക്കിളി പറന്നുയരുന്നുണ്ട്. കാത്തിരിക്കുക; നല്ലത് ഇനിയും വരാനിരിക്കുന്നതല്ലേയുള്ളൂ.

മുന്തിരിത്തോട്ടത്തിലെ അത്തിവൃക്ഷം ഫലം കൊടുക്കുവാൻ മടിച്ചിട്ടും യജമാനന്റെ ദയയുടെ മേശയിൽനിന്നും വീണുകിട്ടിയ പുതുവർഷമെന്ന അപ്പക്കഷണവും, 'ഒരു വർഷം കൂടി അത് നിൽക്കട്ടെ' എന്ന ഔദാര്യവും ഫലം പുറപ്പെടുവിക്കണമെന്ന ചിന്തയോളം നമ്മെ നയിക്കുന്നു (ലൂക്കാ. 13:6–9). കാരുണ്യം ഒരു പുഴപോലെയും സ്നേഹം നീലാകാശംപോലെയും ഒഴുകിയാൽ നാം നല്ലവൃക്ഷങ്ങളും, നമ്മുടെ ഭവനങ്ങൾ പറുദീസകളുമാകും.

ഒരു പൂവിന് വിരിയാൻ ഒരു കാരണമുണ്ട്; ഒരു തിരമാലയ്ക്ക് കരയോട് പറയാനൊരു രഹസ്യവും. ജീവിതമെന്ന രഹസ്യം ജീവിക്കുവാനുള്ള കാരണങ്ങളിൽ കേന്ദ്രീകൃതമാണ്. പ്രതീക്ഷയുടെ തോണി മുങ്ങിപ്പോകുവാൻ നാം അനുവദിക്കരുത്. കൂരിരുളിന്റെ കൂടാരത്തെ ഒരു കൊച്ചുമിന്നാമിനുങ്ങ് പ്രകാശിപ്പിക്കുന്നില്ലേ? തകർന്നുവീണ മൺകൂടാരത്തിൽ നിന്നും ചിതലുകൾ കൂടുകൾ ഉയർത്തുന്നില്ലേ? കാത്തിരിക്കുക; നല്ല നാളുകൾ ഇനിയും വരാനിരിക്കുന്നതല്ലേയുള്ളൂ.

ഏവർക്കും
പുതുവത്സരാശംസകൾ...



# ഐക്യദീപം
Aikyadeepam

2016 ജനുവരി പുസ്തകം 46 ലക്കം 11



രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
എബിൻ തോമസ്

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ


## ഉള്ളടക്കം




06 പൊന്നിൻ തേരേറുന്ന പുതുവർഷ കനവുകൾ
മീരാ കൃഷ്ണ

10 കരുണയുള്ളവരാകാം
മാത്യൂസ് പാണ്ടിശ്ശേരിൽ

14 അനായസേന മരണം വിനാദൈന്യേന ജീവിതം
പ്രൊഫ. ടോണി മാത്യു

18 നിലവിളി കേൾക്കുന്ന ദൈവം
ഫാ. ബെന്നോ പുതിയാപറമ്പിൽ

സ്ഥിരം പംക്തികൾ

എഡിറ്റോറിയൽ
ഇടയശബ്ദം
പ്രബോധനം
സമകാലിക ചിന്ത
ഉള്ളതുപറഞ്ഞാൽ
കുടുംബവേദി
SHAPE YOUR GOALS



Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750


Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

# ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



ദൈവത്തെക്കുറിച്ച് മനുഷ്യർക്കുള്ള ധാരണകളും കാഴ്ചപ്പാടുകളും ചിത്രങ്ങളും ഏറെ വ്യത്യസ്തങ്ങളാണ്. കർക്കശനായ ഒരു നിയമപാലകനായി ചിലർ ദൈവത്തെ ചിത്രീകരിക്കുന്നു. തെറ്റുകൾക്ക് തക്കശിക്ഷ നൽകുന്ന നീതിമാനായ ഒരു ന്യായാധിപന്റെ ചിത്രമായിരിക്കും മറ്റുചിലർക്ക്. ചെറിയ തെറ്റിനുപോലും വലിയ ശിക്ഷ നൽകുന്നവനും എണ്ണി എണ്ണി പകരം വീട്ടുന്നവനുമായ ക്രൂരനായ വിധിയാളനായി ചിലർ അവനെ കാണുന്നു! എന്നാൽ തനിക്ക് തെറ്റുപറ്റിയെന്ന ദുഃഖത്തോടും ശിക്ഷയെപ്പറ്റിയുള്ള ആകുലതയോടും കൂടെത്തന്നെ സമീപിക്കുന്ന സ്വന്തം കുഞ്ഞിനെ ആർദ്രതയോടും അതീവ വാത്സല്യത്തോടും കൂടെ പുണർന്ന് ആശ്വസിപ്പിക്കുന്ന നല്ല അമ്മയെപ്പോലെ ദൈവത്തെ കാണുന്ന ഭക്തരും ഏറെയുണ്ട്. എന്ത് അപരാധവും ക്ഷമിച്ച് സ്നേഹിക്കാൻ മാത്രം കഴിയുന്ന ഒരു വത്സലപിതാവായി ദൈവത്തെ കാണുന്നതിനും ബുദ്ധിമുട്ടില്ല. ധാരണകളും അനുമാനങ്ങളും അനുഭവങ്ങളും എത്ര വൈവിദ്ധ്യമുള്ളവ! മനുഷ്യൻ തന്റെ ജീവിതയാത്രയിൽ തെരഞ്ഞെടുത്തിട്ടുള്ള ഈ ധാരണകളും ദൈവസങ്കല്പങ്ങളും ചിത്രീകരണങ്ങളും വിശകലനവിധേയമാവേണ്ടത് തന്നെയാണ്.




ദൈവിക വെളിപാടിന്റെ അക്ഷയഖനിയത്രേ വിശുദ്ധ വേദപുസ്തകം. "ദൈവത്തെപ്പറ്റി അറിയാൻ കഴിയുന്നതൊക്കെ അവർക്ക് വ്യക്തമായി അറിയാം. ദൈവം അവയെല്ലാം അവർക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി – അവിടുത്തെ അനന്തശക്തിയും ദൈവത്വവും – സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്" (റോമ 1:19–20). ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്ന അനേകം സംഭവങ്ങൾ വിശുദ്ധഗ്രന്ഥത്തിൽ ഉണ്ട്. അവിടുന്ന് സൃഷ്ടിയിലൂടെയും, സൃഷ്ടപ്രപഞ്ചത്തിലൂടെയും, സൃഷ്ടവസ്തുക്കളിലൂടെയും, ചരിത്രസംഭവങ്ങളിലൂടെയും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളിലൂടെയും സ്വയം വെളിപ്പെടുത്തുന്നു. അപൂർവ്വമെങ്കിലും 'ബാലാമിന്റെ കഴുതയിലൂടെ പോലും' (സംഖ്യ 22:28–30) സംസാരിക്കുന്നു. വ്യക്തിപരമായി ജീവിതത്തിൽ എപ്പോഴെങ്കിലും തന്നെത്തന്നെ ഏതെങ്കിലും വിധത്തിൽ ഓരോരുത്തർക്കും വെളിപ്പെടുത്തുന്നു. ഇല്ലായ്മയിൽനിന്ന് സർവ്വതും സൃഷ്ടിച്ചത് തന്റെ സ്നേഹത്തിന്റെ നിറവിൽ നിന്നാണ്. ദൈവസ്നേഹം കവിഞ്ഞൊഴുകിയതാണ് പ്രപഞ്ചസൃഷ്ടി എന്ന ദൈവശാസ്ത്രം നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഇത് ദൈവിക വെളിപാടാണെന്ന് നാം തിരിച്ചറിയണം. ഓരോ ശിശുവിന്റെ ജനനവും ഈ വേദതത്വത്തിന്റെ ആവർത്തനമല്ലാതെ മറ്റൊന്നല്ലെന്ന് തിരിച്ചറിയുവാനും നമുക്ക് കഴിയണം.

തന്റെ പ്രതിപുരുഷന്മാരെ ദൈവം തന്റെ വെളിപാടിന്റെ ഉപകരണങ്ങളാക്കി. "ഇപ്പോൾ അവിടുത്തെ വിശുദ്ധരായ അപ്പോസ്തലന്മാർക്ക് പരിശുദ്ധാത്മാവിനാൽ വെളിവാക്കപ്പെട്ടതുപോലെ, മറ്റു തലമുറകളിലെ മനുഷ്യർക്ക് ഇത് വെളിവാക്കപ്പെ

(ശേഷം 37–ാം പേജിൽ)

# പൊന്നിൻ തേരേറുന്ന പുതുവർഷ കനവുകൾ 2016



**മീരാകൃഷ്ണ**
(മാനേജർ,
അസൈന്റ് പബ്ലിക്കേഷൻ, കോട്ടയം)

"അത്യുന്നങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ സന്മനസ്സുള്ളവർക്കു ശാന്തിയും സമാധാനവും."

ഇരുപതു നൂറ്റാണ്ടുകൾക്കു മുമ്പ് നടന്ന ഒരു തിരുപിറവി. ബേദ്ലഹേമിലെ പുൽക്കൂട്ടിൽ, ഇല്ലായ്മകളുടെ നടുവിലേക്കു യേശുദേവൻ പിറന്നു വീണു. പിറവികൊണ്ട പൊന്നുണ്ണിയെ പുൽത്തൊട്ടിയിൽ കിടത്തിക്കൊണ്ടു പൂർണ്ണ സംതൃപ്തി നേടിയ മറിയം കേട്ട മനോഹരമായ ഗാനാലാപമാണിത്. ആമേൻ പറഞ്ഞ് ദൈവവചനത്തെ ഏറ്റുവാങ്ങിയ മറിയത്തിന്റെ ജീവിതം അവസാന നിമിഷംവരെ ദൈവത്തിനുള്ള സ്തുതിയായിരുന്നു.

അധികാരത്തെ ആരാധിക്കുകയും അധികാരത്തിനുവേണ്ടി ധർമ്മലംഘനം നടത്തുകയും ചെയ്യുന്ന വർത്തമാനകാല അവസ്ഥയിൽ അധികാരത്തെ അടിയോടെ പിഴുതെറിഞ്ഞ് അരമനയിൽനിന്നു ബോധപൂർവ്വം ഒഴിഞ്ഞുമാറി അഗതിയുടെ രൂപഭാവങ്ങൾ ഉൾക്കൊണ്ട് പുൽക്കൂട്ടിൽ

ശയിക്കുന്ന പൊന്നുണ്ണിയുടെ ജന്മദിനസ്മരണതന്നെ ധർമ്മച്യുതിയുടെ നേർക്കുള്ള വെല്ലുവിളിയാണ്. സ്നേഹവും എളിമയും എവിടെയുണ്ടോ അവിടെയാണ് ഈശ്വരൻ വസിക്കുന്നതെന്ന ദിവ്യസന്ദേശമാണ് ഓരോ ഡിസംബർ മാസത്തിലും കുളിരായി നമ്മെ ഓർമ്മപ്പെടുത്തുന്നത്. ആ സ്മരണ മനുഷ്യമനസ്സിനെ വിശുദ്ധീകരിക്കലാണ്. വിശുദ്ധിയുടെ ശീതളിമയിൽ പുതുവർഷത്തെ വരവേൽക്കാനൊരുങ്ങുമ്പോൾ ആദ്യം തന്നെ നന്മയും സ്നേഹവും ദയയും വിവേകവും ആണ് മനസ്സിൽ നിറയ്ക്കേണ്ടത്. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽനിന്നു മാറി അണുകുടുംബവ്യവസ്ഥിതിയാണിന്ന്. ഇവിടെ കുടുംരിക്കാനുള്ള സാധ്യത ഏറെയാണ്. മദ്യപാനസംസ്കാരം ഇന്നത്തെ യുവതലമുറയെ വഴിതെറ്റിച്ചുകൊണ്ടിരിക്കുന്നു. സ്കൂൾ കോളേജ് കാമ്പസുകളിൽപോലും കഞ്ചാവുപൊതികൾ സുലഭം. അതുപോലെ സെക്സ് റാക്കറ്റുകളുൾപ്പെടെയുള്ള ചതി പതുങ്ങിയിരിക്കുന്നു. ചുറ്റുപാടുകളിൽനിന്ന് രക്ഷപ്പെടണമെങ്കിൽ അതീവ ശ്രദ്ധ അധികാരികൾക്കു തൊട്ട് ഉണ്ടായേ മതിയാകൂ. അണുകുടുംബവ്യവസ്ഥിതിയിൽ ഓരോ കുട്ടിയും കുടുംബത്തിലെ രാജകുമാരനാണ്. അവൻ പറയുന്ന ദുശ്ശാഠ്യങ്ങളെല്ലാമനുസരിക്കുന്ന രക്ഷകർത്താക്കിടയിൽനിന്നാണ് വിദ്യാലയത്തിലെത്തുന്നത്. ആരേയും അംഗീകരിക്കാൻ തയ്യാ



ബത്തിൽ പരസ്പരം സ്നേഹവും ബഹുമാനവും നഷ്ടപ്പെട്ട് അരങ്ങിലാടുന്ന നടൻമാരെ പോലെ ഓരോരുത്തരും അവരുടെ റോളുകൾ അഭിനയിക്കുകയാണ്. കൂട്ടിന് മലയാള ടെലിവിഷനിലെ ചില സദാചാരവിരുദ്ധസീരിയലുകളും. മൊബൈൽ ഫോണിലും ഇന്റർനെറ്റിലുമുള്ള കപടസൗഹൃദങ്ങളിൽ തലകുത്തനെ വീണു കിടക്കുകയാണു മലയാളികൾ. മനസ്സു തുറന്നുള്ള സംഭാഷണങ്ങളും കുശലം പറച്ചിലുകളും എല്ലാം കുടുംബത്തിലും സമൂഹത്തിലും നഷ്ടപ്പെട്ടു. അയൽക്കാരെ അറിയുകപോലുമില്ല. കുട്ടികൾ കണ്ടു വളരുന്നത് ഈ സ്നേഹരാഹിത്യമാണ്. പരസ്പരം കലഹിക്കുന്ന മാതാപിതാക്കളുടെ ഇടയിൽ വളരുന്ന കുട്ടികൾ പലപ്പോഴും വികലമായ മാനസികാവസ്ഥകളുടെ അടിമകളാകുന്നു. കുട്ടികളെക്കൊണ്ട് കള്ളം പറയാൻ ശീലിപ്പിക്കരുത്. അത് അവരുടെ സ്വഭാവമായി മാറും. കുട്ടികളുടെ മുമ്പിലിരുന്ന് മദ്യപാനവും മറ്റു ലഹരി ഉപയോഗങ്ങളും അരുത്. കുട്ടികൾ അത് അനുകരല്ലാത്ത ഇവരുടെയടുക്കൽ അദ്ധ്യാപകർ വെറും യന്ത്രമായി മാറുന്നു. കുട്ടികൾ വെള്ളയടിച്ച ഭിത്തിപോലെയും. ഗുരു-ശിഷ്യന്മാരുടെ ആത്മബന്ധം പോലും നഷ്ടപ്പെട്ട കെട്ട കാലമാണിന്ന്. അറിവിന്റെ പ്രവാഹമാണറിയാതെ തടയപ്പെടുന്നത്. ഗുരുശിഷ്യബന്ധത്തിന്റെ പവിത്രത വിളിച്ചോതുന്ന ഒരു ശ്ലോകം ശ്രദ്ധിക്കുക.

"ഓം സഹനാവവതു
സഹ നൗഭുനക്തു
സഹവീര്യം കരവാവഹൈ
തേജസ്വിനാവധീതമസ്തു
ഓം ശാന്തി ശാന്തി ശാന്തി:"

ദൈവം നമ്മെ രണ്ടുപേരെയും രക്ഷിക്കട്ടെ
നമുക്ക് ആത്മാനന്ദം അനുഭവിക്കട്ടെ
നമുക്കു രണ്ടുപേർക്കും വീര്യമുണ്ടാകട്ടെ
നമ്മൾ തേജസ്വികളാകട്ടെ

എന്നാണ് ഈ ധ്യാനമന്ത്രത്തിന്റെയർത്ഥം. തന്റെ മുന്നിലിരിക്കുന്ന ശിഷ്യനെക്കാൾ ശ്രേഷ്ഠനാണ് താനെന്ന് ഗുരുവിനറിയാം. എങ്കിലും പണ്ട് ആചാര്യന്മാർ ശിഷ്യരോടൊപ്പമിരുന്നാണ് വിദ്യകൾ പറഞ്ഞു കൊടുത്തത്. ആചാര്യന്മാരെല്ലാം ഏതുമതത്തിലധഷ്ഠിതരായാലും എളിമയും വിനയവുമാണ് കുട്ടികളിലേയ്ക്കു പകർന്നു കൊടുക്കുന്നത്. കബീർദാസ് എന്ന ഹിന്ദി കവി പറഞ്ഞത് ദൈവവും ഗുരുവും ഒരുമിച്ചു വന്നാൽ ഞാനാദ്യം ഗുരുവിനെ നമസ്കരിക്കുമെന്നാണ്. കാരണം ദൈവത്തിലേക്കുള്ള പടവുകൾ കാണിച്ചു കൊടുക്കുന്നത് ഗുരുവാണ്. ഈ ജ്ഞാനം കുടുംബങ്ങളിൽനിന്ന് സമൂഹത്തിലേക്കും പകർന്നു കൊടുക്കുവാൻ ഈ പുതുവർഷം സാധിക്കട്ടെ. ഒരു സംസ്കാരത്തിന്റെ വസന്തമോ ജീർണ്ണിക്കലോ ആദ്യം വെളിപ്പെടുന്നത് അവിടുത്തെ ഭാഷയിലാണ് എന്നു പറഞ്ഞത് മെക്സിക്കൻ എഴുത്തുകാരൻ ഒക്ടോവിയോ പാസ് ആണ്. നമ്മുടെ സംസ്കാരത്തിനു സംഭവിക്കുന്ന ഏതു ചെറിയ മാറ്റവും ആദ്യം വെളിപ്പെടുന്നത് ഭാഷയിലാണ്. ഒരു ജനതയുടെ ജീവിതരീതി മാറുമ്പോൾ മനോഭാവങ്ങളോടൊപ്പം ഭാഷയും മാറുമെന്നതിനു തെളിവാണ് മലയാളിയും മലയാളവും. സാക്ഷരതയുടെ കാര്യത്തിൽ ഒന്നാമതു നിൽക്കുന്ന നമ്മുടെ കേരളത്തിൽ 2011–2012 ലെ കണക്കു പ്രകാരം 3.34 കോടി ആളുകൾ വസിക്കുന്നുണ്ട്. $3\,{}^{1}/_{2}$ കോടിയോളം വരുന്ന ജനങ്ങളുടെ മാതൃഭാഷയാണു മലയാളം. 1500 വർഷം മുമ്പ് സംസ്കൃതഭാഷ രേഖപ്പെടുത്താൻ ദക്ഷിണേന്ത്യയിൽ ജൈനർ ഉപയോഗിച്ച ലിപിയാണ് മലയാളത്തിന്റെ ലിപി. ഈ പുതുവർഷം പ്രത്യേകം ഓർക്കുക ജന്മനാടിനേയും മാതൃഭാഷയേയും തള്ളിപ്പറയരുത്. ജന്മനാടിനേയും, മാതൃഭാഷയേയും സ്നേഹിക്കേണ്ടത് മനുഷ്യന്റെ മൗലികമായ കടമകളിൽപെടുന്നതാണ്. നമ്മുടെ നാടിന്റെ പേരുപോലും ശരിയായി എഴുതണമെന്ന ചിന്തപോലും ഇല്ലാത്തവരല്ലേ മലയാളികൾ. ഓർക്കുക നമ്മുടെ നാടിന്റെ പേരു കേരളം എന്നാണ്. നാമതു കേരളാ എന്നാക്കിയിട്ടു കാലമെത്രയായി. നാമോരോരുത്തരും നമ്മുടെ നാടിനെയും നമ്മുടെ ഭാഷയേയും നമ്മുടെ സംസ്കാരത്തേയും സ്നേഹിക്കുവാൻ ഈ പുതുവർഷത്തിൽ പ്രതിജ്ഞാബദ്ധരാകേണ്ടതാണ്. നാമുപയോഗിക്കുന്ന ഭാഷ നന്നാവണമെങ്കിൽ നല്ല ശ്രവണാനുഭവവും നല്ല വായനാനുഭവവും നല്ല ഭാഷണാനുഭവവും വേണം. അതുകൊണ്ട് നമ്മൾ കുടുംബങ്ങളിലും സമൂഹത്തിലും നല്ലതു പറയുക, നല്ലതു കേൾക്കുക - നല്ലതു വായിക്കുക. ദൃശ്യമാധ്യമത്തിന്റെ കനത്ത വെല്ലുവിളി മൂലം വായനകുറയുന്നു. ദൃശ്യമാധ്യമങ്ങൾ നഷ്ടപ്പെടുത്തിയത് മനോവികാസം, മൂല്യപരമായ വിചിന്തനങ്ങൾ അവനവനെക്കുറിച്ചുള്ള തിരിച്ചറിവുകൾ, മുതലായവയാണ്. മനുഷ്യന്റെ അടിസ്ഥാനാവശ്യം ഗോചരീയ സ്വത്വത്തി(Phinominalcell)ന്റെ പരിരക്ഷണമാണെന്ന് കോംബസെ, സ്നിഗ് (Gnig) മുതലായ മനശാസ്ത്രജ്ഞർ വിലയിരുത്തിയിട്ടുണ്ട്. മലയാളം ടെലിവിഷൻ ചാനലുകളിൽ കേൾക്കുന്നതും മിനിസ്ക്രീനിൽ എഴുതിക്കാണിക്കുന്നതുമായ ഭാഷയാണ് സാധാരണ ഇനങ്ങളെ ഇന്ന് കൂടുതൽ സ്വാധീനിക്കുന്ന മലയാളം. ചാനൽഭാഷ നമ്മുടെ മലയാളത്തെ കൈപിടിച്ചു നടത്തുകയോ നടത്തിക്കുകയോ അല്ല. കല്ലിലും മുള്ളിലും കുഴിയിലും ഒക്കെ ഇട്ട് വലിച്ചിഴയ്ക്കുകയാണ് എന്ന സത്യം ഇനിയെങ്കിലും നമ്മൾ തിരിച്ചറിയണം. വായനയെ നമ്മുടെ യുവതലമുറ തീർത്തും കൈവിട്ടിരിക്കുന്നു എന്ന സത്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. പത്രത്തിൽ അവർ വായിക്കുന്നത് ചരമകോളവും ക്രിമിനൽ കോളങ്ങളുമാണ്. പഠിക്കുന്നതും ജീവിക്കുന്നതും പണമുണ്ടാക്കാനാണ്എന്നും പണം വണ്ടികളും ഫോണും മദ്യവും മറ്റു ചിലതുമൊക്കെ തരപ്പെടുത്താനാണെന്നുമുള്ള അബദ്ധധാരണയിലാണവർ.

ശാസ്ത്രസാങ്കേതികതയിൽ പെട്ടെന്ന് വലിയ മുന്നേറ്റമാണ് കേരളത്തിനുണ്ടായത്. അതിനനുസരിച്ച് മാനസികനില ഉയർന്നിട്ടില്ല. ഇവിടെ മാനസിക ആരോഗ്യ പരിപാലനമാണ് ഏറ്റവും ആവശ്യം. പുതിയകാലം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് വൃദ്ധജനങ്ങളുടെ സുരക്ഷിതത്വം. ജീവിതം മുഴുവൻ കഷ്ടപ്പെട്ട് വാർദ്ധക്യത്തിലെത്തുമ്പോൾ മക്കൾക്കു ഭാരമായി മാറുന്ന അവസ്ഥ. അവരുമായി ഒന്നു സംസാരിക്കുവാനോ അല്പസമയം അരികത്തിരുന്നൊന്ന് സ്നേഹപൂർവ്വം തലോടുവാനോ ആരുമില്ലാത്ത ഒരു നിസ്സഹായാവസ്ഥ. കുടുംബത്തിൽ അന്യമായി ഒറ്റപ്പെട്ടു പോകുന്ന ഒരവസ്ഥ. ബന്ധങ്ങളിലൂടെയുള്ള സ്നേഹത്തിന്റെ നൂൽപാലങ്ങൾ ഇല്ലാതാവുകയും വ്യക്തികൾ അവനവനിലേയ്ക്ക് ഒരു ലോകം സൃഷ്ടിക്കുകയും ചെയ്യുന്നു. മാതാപിതാക്കളേയും വൃദ്ധരേയും ഉപേക്ഷിച്ചു പോകുന്ന കഥ മുൻകാലത്ത് കേട്ടുകേൾവിപോലുമില്ലാത്തതാണ്. ഇന്നതൊരു പൊതു സ്വീകാര്യതയായി. വൃദ്ധരെ സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾ വളരെ ദുർബലമാണു താനും. നിസ്സഹായമായ ജീവിതാവസ്ഥകളെ രക്ഷിക്കുവാനുള്ള വകുപ്പുകളില്ല എന്നുതന്നെ പറയാം. മാതാപിതാക്കളെ പെരുവഴിയിലുപേക്ഷിച്ച കഥകൾ അനവധി പോയവർഷം നമ്മൾ കേട്ടു. മാതാപിതാക്കളെ പെരുവഴിയിലുപേക്ഷിക്കുന്നതിനും അനാഥാലയങ്ങളിലാക്കുന്നതിനും ആരേയും ശിക്ഷിച്ചു ജയിലിലടച്ചതായി കേട്ടിട്ടുമില്ല. ഇവിടെ മനുഷ്യ മനസാക്ഷിയുടെ കോടതിയാണ് തീരുമാനിക്കേണ്ടത് വാർദ്ധക്യങ്ങൾ തെരുവിൽ അഗതികളകരുതെന്ന്. വൃദ്ധജനങ്ങളുടെ ശാപം ശിരസ്സിൽ വീഴാതിരിക്കാൻ ഈ പുതുവർഷത്തിനു കഴിയട്ടെ. ജീവിതമൂല്യങ്ങളുടെ നിരാസത്തേക്കാൾ ദർശനബോധങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് നമ്മുടെ സമൂഹത്തിൽ. നമ്മുടെ പുതുതലമുറ യന്ത്രംപോലെ മാറുന്നു. ആരുമരിച്ചാലും എന്തു സംഭവിച്ചാലും വെറും നിർവികാരത. ബ്രോയിലർ ചിക്കനും കഴിച്ച് ജീവിക്കുന്ന കുറച്ച് ഇന്റർനെറ്റ് ജീവികൾ. ഇവിടെ ഒരു കഥ ഓർക്കുകയാണ്. പൗലോ കൊയ്ലോയുടെ 'ദി ആൽക്കെമിസ്റ്റ്' എന്ന പുസ്തകത്തിലെ കഥ. 'സാന്റിയാഗോ' എന്ന ആട്ടിടയ യുവാവിനെ ജ്ഞാനിയായ ഒരു ഗുരുവിന്റെയടുക്കൽ അയ

യ്ക്കുന്ന കഥ. നഗര കാഴ്ചകൾ കാണുന്നതിന് പുറപ്പെടും മുമ്പ് ഗുരു ഒരു സ്പൂണിൽ എണ്ണനിറച്ച് അവന്റെ കയ്യിൽ കൊടുത്തു. കാഴ്ചകൾ കണ്ടു നടന്ന സാന്റിയാഗോ തിരിച്ചു വന്നപ്പോൾ കയ്യിലിരുന്ന സ്പൂണിലെ എണ്ണ മുഴുവൻ അതേപടിയുണ്ടായിരുന്നു. എന്തുകണ്ടു എന്ന ചോദ്യത്തിന്റെ ഉത്തരം 'കണ്ടില്ല' എന്നതായിരുന്നു. രണ്ടാമത്തെപ്രാവശ്യവും ഗുരു എണ്ണ നിറച്ചു കൊടുത്തു നഗരക്കാഴ്ചകൾ കാണാൻ വിട്ടു. എണ്ണ ഒരു തുള്ളി പോലും ഇല്ലാതെ തിരിച്ചുവന്ന സാന്റിയാഗോയോട് ഗുരു പറഞ്ഞു ഏതു കാഴ്ചയിലും സുഖഭോഗങ്ങളിലും മുഴുകിയാലും ജീവിതമൂല്യങ്ങൾ കൈവെടിയരുത്. സാന്റിയാഗോയ്ക്ക് ഗുരുകൊടുത്ത സ്പൂണിലെ എണ്ണ പോലെയാണ് നമ്മുടെ ജീവിത മൂല്യങ്ങളും. എത്ര ഉന്നതങ്ങളിലായാലും ഏതു കൂട്ടുകെട്ടിലകപ്പെട്ടാലും മൂല്യങ്ങൾ നഷ്ടപ്പെടുത്തരുത് എന്ന് ഈ പുതുവർഷത്തിൽ നമുക്കൊരുമിച്ചു തീരുമാനിക്കാം.



ഇക്കഴിഞ്ഞ നാളുകളിൽ ബാലപീഡനങ്ങളുടേയും സ്ത്രീപീഡനങ്ങളുടെയും ദലിത് പീഡനങ്ങളുടെയും കഥകൾ ധാരാളം കേട്ടു. സമത്വ മനോഭാവം സമൂഹത്തിൽ വളർത്തിയെടുക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ തന്നെ ഇന്റർനെറ്റുകളുടെയും മൊബൈൽ ഫോണുകളുടേയും അമിത ഉപയോഗത്താൽ എരിഞ്ഞടങ്ങുന്ന ജീവിതങ്ങൾ അനവധിയാണ്. കുട്ടികൾ നെറ്റിൽ കയറുമ്പോൾ അവർ എന്തു ചെയ്യുന്നുവെന്ന് രക്ഷകർത്താക്കൾ തീർച്ചയായും ശ്രദ്ധിച്ചിരിക്കണം. അപക്വമായ മനസ്സുകളിൽ കിട്ടുന്ന അധിക അറിവുകൾ സമൂഹത്തെ പ്രത്യേകിച്ചും കുട്ടികളെ തകർത്തുകളയും എന്ന് ഓരോ വ്യക്തികളും ഓർത്തുകൊണ്ടു വേണം ഇന്നുമുതൽ ജീവിക്കേണ്ടത്. 2013-2015ലെ കണക്കെടുത്താൽ കാൻസർപോലുള്ള മാരകരോഗങ്ങൾ ഏറുകയാണ്. സർവ്വത്രവിഷമയം, കുടിക്കുന്നത് വിഷം ,കഴിക്കുന്നത് വിഷം, പച്ചക്കറിയിൽ വിഷം, കറിപൗഡറുകളിൽ വിഷം, ഈ വിഷം ഭക്ഷിച്ച് മനുഷ്യൻ രോഗികളാകുന്നു. ഫാസ്റ്റ്ഫുഡ് സംസ്കാരം മാറ്റി മഹാത്മാഗാന്ധി പറഞ്ഞതു പോലെ മാനുഷിക ഊർജ്ജം ചിലവഴിച്ച് ഭക്ഷ്യോൽപ്പാദനം നടത്തുവാൻ ഇനിയും സമയം കളയരുത്. ഒരു പ്രതിവിധിയുമില്ലാത്ത മറ്റൊരു കാര്യമാണ് സംസാരത്തിലെ വിഷം – ആ വിഷം മാറണമെങ്കിൽ ദൈവചിന്തകൾ മനസ്സിൽവളരേണം. ഇവിടെയാണ് ആരാധനാലയങ്ങളുടെ പ്രസക്തി.

വിദ്യാഭ്യാസം ഇന്ന് വെറും യന്ത്രനിർമാണമായി മാറി. പുതുതലമുറയ്ക്ക് അറിവിന്റെ ആഴങ്ങളിലൂടെ കടന്നു പോകേണ്ടിവരുന്നില്ല. സാമൂഹ്യബോധമില്ല. ബന്ധങ്ങളും കടപ്പാടുകളുമില്ല. നഗ്നതമറയ്ക്കുക എന്ന ലക്ഷ്യമല്ല വസ്ത്രധാരണത്തിൽ പോലുമുള്ളത് എങ്ങനെ മറയ്ക്കാതിരിക്കും എന്നുള്ളതാണ്. കമ്പ്യൂട്ടർ അധിഷ്ഠിതവും വിർചൽ സങ്കല്പങ്ങളിലധിഷ്ഠിതവും ചിന്താശൂന്യതയുമുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായമാണിന്നുള്ളത്. പുതുതലമുറയെ യാഥാർത്ഥ്യത്തിൽനിന്നകറ്റി നിർത്തുന്ന സാമൂഹ്യ പരിതസ്ഥിതികൾ നിരവധിയാണ്. സമൂഹത്തിലെ അസമത്വങ്ങളും അനീതികളും അവരറിയുന്നില്ല. വൈകാരികത എന്ന അവസ്ഥ പുതുതലമുറയുടെ തലച്ചോറിൽനിന്നെടുത്തു മാറ്റപ്പെട്ടു കഴിഞ്ഞു. മറിച്ച് ഒരുതരം ക്രിമിനലായുള്ള പരിപ്രേക്ഷ്യം നൽകാവുന്ന നിസംഗതയാണ് കാണുന്നത്.... ആത്മീയമായ ഉദാസീനതയും ഹൃദയശൂന്യതയും താല്ക്കാലിക നിലനിൽപ്പിനായുള്ള വ്യാജ ജീവിതവും മദ്യപാനശൈലിയും വഴിവിട്ട കൂട്ടുകെട്ടുകളുമാണ് ഇന്ന് കുട്ടികൾ അനുകരിക്കേണ്ടവർ പലപ്പോഴും അവർക്ക് പകർന്നു കൊടുക്കുന്നത്. വിശ്വം ആനന്ദദായകമാണ്. ആ വിശ്വാനന്ദം പ്രപഞ്ചത്തിന്റെ സുസ്ഥിതിക്കും പരിണാമത്തിനും ഇണങ്ങുംവിധം ജീവിച്ചാലേ അനുഭവവേദ്യമാകൂ. അവസാനമായി ഒന്നുകൂടി. വേദപുരാണങ്ങളും വിശുദ്ധ ഗ്രന്ഥങ്ങളും ദാനത്തിന്റെ മഹത്വത്തെപ്പറ്റി പറയുന്നുണ്ട്. കൊടുക്കലിന്റേയും വാങ്ങലിന്റേയും നിയമം അതാണ്. കൊടുക്കുന്നത് നല്ലത് എന്തും ആകട്ടെ പുഷ്പമോ, സദ്വചനമോ, ആശിർവാദമോ, ദ്രവ്യമോ, പണമോ, അതു പുണ്യമാണ്. ഏറ്റവും വലിയ ദാനം സ്നേഹവും കരുണയും ദയയുമാണ്. അത് നമ്മൾ ലോകത്തിനു പകർന്നുനൽകിക്കൊണ്ട് സത്യത്തെ ഭ്രാതാവായും ശാന്തിയെ പത്നിയായും ക്ഷമയെ പുത്രനായും സ്വീകരിച്ച് കൂടെ വസിപ്പിക്കുക. ഇതാകട്ടെ മനസിൽ കരുതേണ്ട പുതുവർഷ കനവുകൾ.

പുതുവർഷാശംസകളോടെ.........................

●

# കരുണയുള്ളവരാകാം



**മാത്യൂസ് പാണ്ടിശ്ശേരിൽ**

"ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" (മത്താ. 9:13). കരുണയുടെ സുവർണ്ണലിപികളാലാണ് സുവിശേഷം എഴുതപ്പെട്ടിരിക്കുന്നത്. ദൈവം കരുണാനിധിയാണ്, കരുണാസാഗരമാണ്. വിശക്കുന്നവന് അപ്പം ദൈവകാരുണ്യമാണ്. ഭവനരഹിതന് ഭവനവും, അനാഥന് സനാഥത്വവും, അശരണന് ശരണവും, ദൈവത്തിന്റെ കാരുണ്യം തന്നെയാണ്. ദൈവത്തിന്റെ കരുണയിൽ നിന്ന് ജന്മമെടുത്ത, വളർന്ന മനുഷ്യൻ ദൈവത്തിന്റെ കാരുണ്യപ്രവാഹത്തിന് യോജ്യമായ പശ്ചാത്തലം ഒരുക്കണം. സൃഷ്ടിയോടുള്ള കരുണയെ നിഷേധിക്കുന്നവൻ സൃഷ്ടാവിന്റെ കരുണയ്ക്കുള്ള അർഹത നഷ്ടപ്പെടുത്തുകയാണ്.

ഇത് കരുണയുടെ ജൂബിലിവർഷം, 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ. നാമെല്ലാം പാപികളായതിനാൽ ദൈവകരുണ ഏറെ ആവശ്യമുള്ളവരാണ്. ഈ ജൂബിലിവർഷം കരുണയുടെ സന്തോഷം വീണ്ടെടുക്കുകയും കണ്ടെത്തുകയും ചെയ്യണമെന്നും അങ്ങനെ എല്ലാവരിലേക്കും ആശ്വാസം പകരാൻ നമുക്ക് കഴിയണമെന്നും ഫ്രാൻസിസ് പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു.

കരുണ ആഴമേറിയ ഒരു പദമാണ്, അത് ദൈവികഭാവമാണ്. കരുണ ഒരുവൻ ആർജ്ജിക്കുന്നതല്ല, അവനിൽ സ്വയമേ മുളപൊട്ടു

MERCIFUL LIKE THE FATHER



ന്നതാണ്. അതിന് ദൈവാരൂപിയുടെ അനുഭവമുണ്ടാകണം. ഈ അനുഭവത്തിനായി പ്രാർത്ഥിക്കണം. കരുണയുള്ളവനേ സ്നേഹിക്കാനും ക്ഷമിക്കാനും മറക്കാനും പൊറുക്കാനും പറ്റൂ. ഈ ഭൂമി ഇന്നും മനുഷ്യന് വാസയോഗ്യമായി നിലനിൽക്കുന്നതിന് ഒരേയൊരു കാരണം ഇന്നും ഇവിടെ കരുണയുള്ളവരുണ്ട് എന്നതുകൊണ്ടാണ്.

കരുണയെന്ന പദത്തിന്റെ അർത്ഥം കരുതലും കരംകൊടുക്കലുമാണെന്ന് വിശുദ്ധ ഗ്രന്ഥം. ഭൂമിയിൽ ദൈവപിതാവിന്റെ കരുണയുടെ മുഖമാണ് യേശുക്രിസ്തു. അവൻ കരുണയുടെ കഥകൾ പറഞ്ഞു (ലൂക്കാ 15), കരുണയുടെ പ്രവർത്തികൾ ചെയ്തു (മത്താ.9:36), കരുണ പഠിപ്പിച്ചു (മത്താ.18:33). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് നേരെ നമ്മുടെ കർത്താവ് കാർക്കശ്യത്തിന്റെ വാൾ പ്രയോഗിക്കുന്നില്ല. അവളെ വിസ്തരിക്കുകയോ, വിധിക്കുകയോ ചെയ്യുന്നില്ല. എന്നാൽ 'മേലിൽ പാപം ചെയ്യരുത്' എന്ന താക്കീത് നൽകാൻ അവിടുന്ന് മറക്കുന്നുമില്ല. അതവളുടെ ജീവിതത്തിലെ താളപ്പിഴകളെ മാറ്റി. ഇതുപോലെ ക്രിസ്തു ആരോടൊക്കെ കരുണ കാണിച്ചുവോ അവരെല്ലാം വന്ന മോശപ്പെട്ട വഴി ഉപേക്ഷിച്ച് പിന്നീട് നന്മയുടെ പാതയിൽ സഞ്ചരിച്ചു. സമരിയാക്കാരി സ്ത്രീയും സക്കേവൂസും, നല്ല കള്ളനുമൊക്കെ ഇതിൽപ്പെടും. കാരുണ്യം മാനസാന്തരത്തിന് ഇടയാകണം. ദുഷ്ടന്റെ മേലും ശിഷ്ടന്റെ മേലും ഒരുപോലെ മഴപെയ്യിക്കുന്ന പിതാവത്രേ കരുണയുടെ ശ്രേഷ്ഠ മാതൃക. എല്ലാം വാരിയെടുത്ത് വീടുവിട്ടിറങ്ങിയ മകനെ കാത്തിരിക്കുന്ന പിതാവാണ് കാരുണ്യത്തിന്റെ ദൈവികമുഖം. മുറിവേറ്റ് അർദ്ധപ്രാണനായി വഴിയിൽ കിടന്ന യഹൂദനെ സ്വന്തമായി ഏറ്റെടുത്ത നല്ല സമരിയാക്കാരനാണ് കരുണയുടെ മാനുഷിക മുഖം.യേശുവിന്റെ അത്ഭുതങ്ങളെല്ലാം അവിടുത്തെ കാരുണ്യത്തിന്റെ പ്രവർത്തികളായിരുന്നു. കാനായിലെ കല്യാണവീട്ടിൽ ഈ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സുഗന്ധം വീശാൻ തുടങ്ങി. വിശന്നുവലഞ്ഞ ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരുടെ മേൽ കരുണതോന്നി. അപ്പം വർദ്ധിപ്പിച്ചുകൊടുത്തുകൊണ്ട് അവരുടെ വിശപ്പടക്കി. അടുത്തുള്ളവന്റെ, ഒപ്പമുള്ളവന്റെ സങ്കടമറിയാനും അതിനോട് പ്രതികരിക്കാനും കഴിയുന്ന വിനയവും കരുണയും ഒത്തുചേർന്ന ഹൃദയമുള്ള ആ ശതാധിപനെ യേശു പ്രശംസിച്ചു (ലൂക്ക. 7:1-10). ദൈവവിശ്വാസമെന്നത് കരുണ വർഷിക്കുന്ന പരസ്നേഹം തന്നെയെന്ന് ക്രിസ്തു സമർത്ഥിക്കുന്നു. കരുണ ഒരു തത്വമല്ല, വെറുമൊരു പഠനവിഷയവുമല്ല.


കരുണ ഒരു പെരുമാറ്റരീതിയാണ്. കരുണ എനിക്ക് ലഭിക്കണമെങ്കിൽ ഞാനാദ്യം കരുണകൊടുത്ത് തുടങ്ങണം. തിരക്കുള്ള ബസ് സ്റ്റാൻഡിനു സമീപത്തെ ഫുട് പാത്തിലിരുന്ന് ഓറഞ്ചു വിൽക്കുകയായിരുന്ന അയാളോട് അവിടെനിന്നും എഴുന്നേറ്റു പോകാൻ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരൻ പറഞ്ഞു. "സാറേ, അഷ്ടിക്കു വകയില്ലാഞ്ഞിട്ടാ കടം വാങ്ങി ഈ കച്ചവടത്തിനിറങ്ങിയത്. വേറെ എവിടെയിരുന്നാലും ഒരെണ്ണം പോലും ചെലവാകത്തില്ല. കുറച്ചുനേരത്തേക്ക് ഇവിടെ ഒന്നിരുന്നോട്ടെ." പോലീസുകാരൻ ഒന്നു കണ്ണടച്ചു. ബസ് ഇറങ്ങിവന്ന ഒരു സാധുബംഗാളി സ്ത്രീയുടെ തോളത്ത് ഉറങ്ങിക്കിടന്ന രോഗിയായ മൂന്നുവയസ്സുകാരി ആ ഓറഞ്ച് കണ്ട് നിലവിളിക്കാൻ തുടങ്ങി. കൈയ്യിൽ അവശേഷിച്ച ചില്ലറ നാണയങ്ങൾ നീട്ടി അറിയാവുന്ന മുറി മലയാളത്തിൽ അവൾ ഒരു ഓറഞ്ച് ചോദിച്ചു. പണം എണ്ണി നോക്കി അയാൾ പച്ചമലയാളത്തിൽ പറഞ്ഞു, ഇത് നാലുരൂപ. ഒരു ഓറഞ്ചിന് അഞ്ചുരൂപ. ഒരു രൂപാ കൂടി താ. ഇല്ലേ നീ പോ." ഏറ്റം ചെറിയ ഒരു ഓറഞ്ച് ചൂണ്ടി അവൾ കെഞ്ചി. "ബാബുജീ..."

അയാൾ നിഷ്കരുണം സ്വരം കടുപ്പിച്ച് അവളെ ആട്ടിയോടിച്ചു. "പോടീ, പോ." ഉടൻ അതിലും ഉച്ചത്തിൽ പോലീസുകാരന്റെ സ്വരം മുഴങ്ങി: ''നിന്റെ കുട്ടയുമെടുത്ത് വേഗം സ്ഥലംവിടടാ. ഒരു നിമിഷം ഇനി നിന്നെ ഇവിടെ ഇരുത്തില്ല." കരുണ ലഭിച്ചവൻ കരുണ കാണിക്കാനും ബാദ്ധ്യസ്ഥനാണ്.

ജെത്രോയുടെ ആടുകളെ മോശ മേയിച്ചു നടക്കുമ്പോൾ ആട്ടിൻകൂട്ടത്തിലെ ഒരു കുഞ്ഞാടിനെ കാണാതായി. ഒരു രാത്രിയും ഒരു പകലും മോശ അതിനെ അന്വേഷിച്ച് അലഞ്ഞു. ഒടുവിൽ മുൾച്ചെടികൾ നിറഞ്ഞ 100 അടിയോളം ആഴമുള്ള വലിയ കുഴിയിൽ കിടക്കുന്ന ആടിനെ മോശ കണ്ടു. അതിന്റെ ദയനീയ കരച്ചിൽ മോശയുടെ കരളലിയിച്ചു. സ്വന്തം സുരക്ഷ വകവയ്ക്കാതെ കഠിനമായ മുൾക്കാടിലൂടെ മോശ കുഴിയിലിറങ്ങി കാലൊടിഞ്ഞു കിടന്ന ആടിനെ വാരിയെടുത്ത് വളരെ കഷ്ടപ്പെട്ട് കുഴിയിൽനിന്നും പുറത്തുകടന്നു. മോശയുടെ ശരീരം മുഴുവൻ കഠോരമുള്ളുകളാൽ വരഞ്ഞുകീറി രക്തം ഒഴുകുകയായിരുന്നു. എന്നാൽ മോശ തന്റെ കഠിന വേദന കാര്യമാക്കാതെ ആടിനെ തോളിലേറ്റി തിരികെ നടക്കുമ്പോൾ ദൈവം വിളിച്ചു: ''മോശേ... യാഹ്‌വേയാണ്..." ഇങ്ങനെ ഹൃദയത്തിൽ വറ്റാത്ത കരുണയും ക്ഷമയുമുള്ള ഭൂമുഖത്തെ ഏറ്റം സൗമ്യനായ മോശയെ തന്റെ തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനതയുടെ വിമോചിതനായി ദൈവം അന്ന് നിയോഗിക്കുകയായിരുന്നു.

"നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവനായിരിക്കുവിൻ"(ലൂക്ക 6:35-38) എന്ന നമ്മുടെ കർത്താവിന്റെ കല്പന പാലിക്കാൻ ഈ ജൂബിലി വർഷം നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. അതിനുവേണ്ടുന്ന കരുണയ്ക്കായി പരിശുദ്ധാരൂപിയോട് പ്രാർത്ഥിക്കാം. അങ്ങനെ ദൈവത്തിൽനിന്ന് കരുണ സ്വീകരിച്ച് മറ്റുള്ളവരോട് കാരുണ്യം കാണിക്കാൻ സർവ്വേശ്വരൻ നമ്മെ ഏവരെയും ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

●



# അമ്മ പറഞ്ഞ

**1** ദാരിദ്ര്യം നിറഞ്ഞു നിന്നിരുന്ന ആ വീട്ടിൽ എല്ലാ ദിവസവും രാത്രി ഭക്ഷണം കഴിക്കുമ്പോൾ മകന്റെ പാത്രത്തിലേക്ക് തന്റെ പങ്കുകൂടെ അമ്മ ഇട്ടുകൊടുക്കുമായിരുന്നു. അമ്മക്ക് വേണ്ടേ എന്നുള്ള എന്റെ ചോദ്യത്തിന് എനിക്ക് വിശപ്പില്ലെന്നായിരുന്നു അമ്മയുടെ സ്ഥിരം മറുപടി.

**2** വീട്ടിൽ വളരെ അപൂർവ്വമായിട്ടായിരുന്നു മീൻ വാങ്ങിയിരുന്നത്. എല്ലാ കഷ്ണങ്ങളും മകന് നൽകിക്കഴിഞ്ഞ് മുള്ളുകൾ മാത്രമായിരുന്നു അമ്മയുടെ ഭക്ഷണം. മീൻ കഷ്ണം ഇഷ്ടമല്ലെന്നായിരുന്നു അമ്മയുടെ മറുപടി.

**3** മകന്റെ പഠനത്തുള്ള പണം കണ്ടെത്തുന്നതിനായി അടുത്തുള്ള തീപ്പെട്ടി കമ്പനിയിൽ അമ്മ ജോലിക്ക് പോയിരുന്നു. ഫാക്ടറിയിൽ നിന്ന് സാധനങ്ങൾ കൊണ്ടുവന്നും രാത്രികളിൽ വീട്ടിലിരുന്ന് അമ്മ ജോലി ചെയ്യുമായിരുന്നു. ഒരു തണുപ്പുള്ള രാത്രിയിൽ മകൻ ഉറക്കം തെളിഞ്ഞപ്പോൾ ജോലിചെയ്യുന്ന അമ്മയെയാണ് കണ്ടത്. അമ്മ എന്താണ് കിടക്കാത്തത് എന്നുള്ള ചോദ്യത്തിന്. ഉറക്കം വരുന്നില്ലെന്നായിരുന്നു ഉത്തരം.

ചെറുകഥ



# 8 നുണകൾ

**4** പിതാവിന്റെ പെട്ടന്നുള്ള മരണം അമ്മയുടെയും മകന്റെയും ജീവിതം കൂടുതൽ ദുഷ്കരമാക്കി. ബന്ധുക്കളും സുഹൃത്തുക്കളും മറ്റൊരു വിവാഹത്തിന് നിർബന്ധിച്ചെങ്കിലും സ്നേഹിക്കാനുള്ള മനസ്സ് നഷ്ടമായതുകൊണ്ട് വിവാഹം വേണ്ട എന്നാണ് അമ്മ എല്ലാരോടും പറഞ്ഞത്.

**5** മകൻ പരീക്ഷയ്ക്കായി അർദ്ധരാത്രിവരെ പഠിക്കുമ്പോൾ അമ്മയും അവനോടൊപ്പം ഉറങ്ങാതിരിക്കുമായിരുന്നു. രാത്രിയിൽ മകന് ചായകൊടുക്കുമ്പോൾ അമ്മ എന്താണ് ചായ കുടിക്കാത്തത് എന്ന ചോദ്യത്തിന് രാത്രിയിൽ ചായ ഇഷ്ടമല്ലെന്നായിരുന്നു മറുപടി.

**6** കോളേജ് വിദ്യാഭ്യാസത്തിനായി മകൻ പട്ടണത്തിലേക്കു പോയി. പഠനത്തിനോടൊപ്പം ഒരു ജോലിയും അവന് ലഭിച്ചു. അമ്മയുടെ കഷ്ടപ്പാടുകളെകുറിച്ച് ബോധ്യമുണ്ടായിരുന്നതുകൊണ്ട് അവൻ ചിലവുകൾ ചുരുക്കി ചെറിയ ഒരു തുക അമ്മയ്ക്ക് അയച്ചുകൊടുത്തു. എനിക്കിപ്പോൾ പണത്തിന് യാതൊരു ബുദ്ധിമുട്ടുമില്ല ഭക്ഷണകാര്യങ്ങളിൽ നീ കൂടുതൽ ശ്രദ്ധിക്കണം എന്നുള്ള കുറിപ്പോടെ അമ്മ ആ പണം തിരിച്ചയച്ചു.

**7** വിദ്യാഭ്യാസം കഴിഞ്ഞ ഉടനെതന്നെ അവന് വിദേശത്ത് ജോലി ലഭിച്ചു. അമ്മയെക്കൂടെ കൊണ്ടുപോകാനായിരുന്നു മകന്റെ പദ്ധതി. പക്ഷെ ഉയർന്ന നിലയിലൊന്നും ജീവിക്കാൻ ഇഷ്ടമില്ലന്ന് പറഞ്ഞ് അമ്മ പോകാൻ തയ്യാറായില്ല.(താൻ കൂടി ചെന്നാൽ വിദേശത്തെ ചിലവുകൾ താങ്ങാൻ മകന് കഴിയില്ലെന്ന് അമ്മക്കറിയാമായിരുന്നു.)

**8** അമ്മയ്ക്ക് ക്യാൻസർ ആണെന്നുള്ള വിവരമറിഞ്ഞാണ് മകൻ നാട്ടിലേക്ക് വന്നത്. പാതിമറഞ്ഞ ബോധത്തിനിടയിലും ആശുപത്രികിടക്കയിൽ വച്ച് മകനെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു. “തീരെ വേദനയില്ല” പിറ്റെ ദിവസം അമ്മ മരിക്കുകയും ചെയ്തു.

അമ്മമാരുടെ സ്നേഹത്തിന് ചിലപ്പോൾ നുണയുടെ രൂപവും ഉണ്ടാകാം. എന്നിട്ടും എത്രയോ അമ്മമാരാണ് ഓരോ ദിവസവും വഴിയരികുകളിലും അനാഥാലയങ്ങളിലുമൊക്കെ ഉപേക്ഷിക്കപ്പെടുന്നത്.

“നിന്റെ ദൈവമായ കർത്താവ് തരുന്ന രാജ്യത്ത് നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക.” (പുറ :20-13)



**നരച്ച തല ശോഭയുള്ള കിരീടമാകുന്നു, നീതിയുടെ മാർഗ്ഗത്തിൽ അതിനെ പ്രാപിക്കണം (സദൃശവാക്യം 16:31), വൃദ്ധരുടെ നര അവർക്ക് ഭൂഷണം (സദൃ. 20:29), ആരെങ്കിലും അപ്പനെയും അമ്മയെയും ദുഷിച്ചാൽ അവന്റെ വിളക്ക് കൂരിരുട്ടത്ത് കെട്ടുപോകും (സദൃ.20:20) തുടങ്ങിയ ബൈബിൾ വാക്യങ്ങൾ ശ്രദ്ധിക്കുക. അന്ത്യനിമിഷത്തിൽ, അമ്മയായ കന്യകമറിയത്തെ, പ്രിയശിഷ്യനായ യോഹന്നാനെ ഭരമേല്പിക്കുന്ന ക്രിസ്തു, മനുഷ്യരാശിയുടെ മുന്നിൽ മാതൃകയായി നിൽക്കുന്നു.**

# "അനായസേന മരണം വിനാദൈന്യേന ജീവിതം"




**പ്രൊഫ. ടോണി മാത്യു വെണ്ണിക്കുളം**

റിട്ട: പ്രഫസർ റാന്നി സെന്റ് തോമസ് കോളജ്
കേരള സാഹിത്യ അക്കാദമി മുൻ മെമ്പർ
എം.ജി.യൂണി. ബോർഡ് ഓഫ് സ്റ്റഡീസ് മുൻ അംഗം
മഹാകവി വെണ്ണിക്കുളം സ്മാരക സമിതി പ്രസിഡന്റ്


ഈ രണ്ടു കാര്യങ്ങളും ആഗ്രഹിക്കാത്ത മനുഷ്യർ ഉണ്ടാവില്ല. ദൈവവിശ്വാസികൾ ഈ ആവശ്യത്തിനായി പ്രാർത്ഥിക്കും. വിധി പോലെ വരും എന്നുകരുതി ഇച്ഛാശക്തിയോടെ ജീവിക്കുന്നവരുമുണ്ട്. ഏതായാലും മനുഷ്യർ ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ചിന്തിക്കുന്നവരാണ്. ശൈശവം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ ചതുർദശകളിൽ വാർദ്ധക്യത്തെക്കുറിച്ചാണ് എല്ലാവർക്കും ആശങ്കയുള്ളത്. മനുഷ്യർ മാത്രമല്ല, ദേവന്മാർപോലും ഈ ജീവിതാവസ്ഥയെ ഭയപ്പെട്ടിരുന്നു. വൃദ്ധതയിൽനിന്നും രക്ഷപെടാനാണ് അവർ പാലാഴി കടഞ്ഞെടുത്ത അമൃതം ഭക്ഷിച്ച് നിത്യയുവാക്കളായത്. അവരുടെ കണ്ണിമ ചിമ്മുകയില്ല, കാൽപ്പാദം ഭൂമിയിൽ സ്പർശിക്കുകയില്ല. മനോവേഗത്തിൽ സഞ്ചരിക്കും. നിർന്നിമേഷാക്ഷികളുള്ളതുകൊണ്ട് അവരിൽനിന്നും ആർക്കും ഒന്നും ഒളിക്കാനാവുകയില്ല.

വാനവരുടെ ഈ സവിശേഷതകളൊക്കെ മാനവരും ആഗ്രഹിക്കുന്നുണ്ട്. പക്ഷേ, ദൈവത്തേക്കാൾ അല്പം താഴ്ത്തി മനുഷ്യരെ സൃഷ്ടി



ച്ചതുകൊണ്ട് അതു സാധിക്കുന്നില്ല. മഹാകവി കുഞ്ചൻ നമ്പ്യാരുടെ ഭാഷയിൽ പറഞ്ഞാൽ "ഇരുന്നൂറു വയസ്സുള്ള അപ്പൂപ്പന്മാരുമിപ്പോൾ കുഞ്ഞായിട്ടിരി"ക്കാനാണ് ആഗ്രഹിക്കുന്നത്. ദേവന്മാരെ ജരാനരകൾ ബാധിക്കില്ല. ബാധിച്ച ജരാനരകളെ ഇല്ലാതാക്കാനുള്ള ശ്രമത്തിലാണ് മനുഷ്യർ. നരച്ച തലയോ ചുളുങ്ങിയ തൊലിയോ ഇന്നൊരു അപൂർവ്വ കാഴ്ചയാണ്. വൃദ്ധനെന്നോ വയസ്സനെന്നോ വിളിച്ചാൽ പക്ഷേ, അവരുടെ മുഖം ചുളിയും. എന്തോ അശ്ലീലം കേട്ടമാതിരി നോക്കും. വൃദ്ധി പ്രാപിച്ചവനാണ് വൃദ്ധൻ എന്നൊന്നും അവർ ചിന്തിക്കില്ല. അറിവിലും അനുഭവത്തിലും വൃദ്ധി പ്രാപിച്ചവർ എന്ന അർത്ഥം സൂചിപ്പിക്കുന്ന വൃദ്ധൻ എന്ന പദം അവർക്ക് അലർജിയാണ്. മുതിർന്ന പൗരൻ (സീനിയർ സിറ്റിസൺ) എന്ന വാക്കാണ് പഥ്യം.

സ്നിഗ്ദ്ധമായ ബാല്യവും മുഗദ്ധമായ യൗവ്വനവും വേഗം കഴിഞ്ഞുപോകുമെങ്കിലും, വാർദ്ധക്യം നീണ്ടുനിൽക്കുന്നതായാണ് ഇപ്പോഴത്തെ അവസ്ഥ. ആരോഗ്യം, ആയുർദൈർഘ്യം, വൃദ്ധപരിചരണം (ജീറിയാട്രിക്സ്), സാന്ത്വന ചികിത്സ (പാലിയേറ്റീവ് കെയർ), മരണാസന്ന പരിചരണം (ഹോസ്പിക് കെയർ) തുടങ്ങിയവയൊക്കെയാവാം ഇതിനു കാരണം. സ്നേഹാദരവുകളർഹിക്കുന്ന കാന്തിയും മൂല്യവുമുള്ള സ്ഫടികപാത്രമാണ് വാർദ്ധക്യം. അശ്രദ്ധമായി തൊട്ടാൽ അത് പൊട്ടുകയും ചെയ്യും. കുടുംബവും സമൂഹവും രാഷ്ട്രവും അതീവശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയവുമാണിത്.

ഈശോവാസ്യോപനിഷത്തിൽ ഒരു പ്രാർത്ഥന യുണ്ട്,

"കുർവ്വന്നേവേഹ കർമ്മാണി

ജിജീവിഷേത് ശതം സമാഃ"

കർമ്മം ചെയ്തുകൊണ്ട് നൂറുവയസ്സുവരെ ജീവിക്കട്ടെ എന്ന ശുഭചിന്തയാണിത്! മരണം വരെയും പ്രവർത്തനനിരതരായിരിക്കണം തന്റെ ജീവിതമെന്ന താല്പര്യമാണിതിലുള്ളത്. വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കണമെന്ന ബൈബിൾ വാക്യവും ചേർത്തു വായിക്കുക. ആരോഗ്യമുള്ളവർ യാചിക്കുന്നത് തെറ്റാണെന്ന് ഖുർ ആൻ വ്യക്തമാക്കിയിട്ടുണ്ട്.

ഒരു മനുഷ്യന്റെ ആയുഷ്കാലം എഴുപതു വർഷമാണ്, ഏറെയായാൽ എൺപതും എന്ന് ബൈബിൾ അഭിപ്രായപ്പെടുമ്പോൾ, ഓരോരുത്തരുടെയും ജീവിതകാലയളവ് അല്ലാഹു നിശ്ചയിച്ചിട്ടുണ്ടെന്നാണ് ഖുർ ആൻ വചനം. ഈ പരാമർശങ്ങളൊക്കെ നില

നിൽക്കെത്തന്നെ ജീവിതം അതിന്റെ ദുർജേനയകേളികൾ നടത്തിക്കൊണ്ടിരിക്കുകയാണ്!

മഹാഭാരതത്തിലെ യക്ഷപ്രശ്നത്തിൽ, യക്ഷൻ ഒരു ചോദ്യം ധർമ്മപുത്രരോട് ഉന്നയിക്കുന്നുണ്ട്. ലോകത്തിലെ ഏറ്റവും വലിയ അത്ഭുതമെന്താണ്? ചുറ്റുപാടുമുള്ള ജീവജാലങ്ങളെല്ലാം ദിനംതോറും നശിച്ചുകൊണ്ടിരിക്കുമ്പോഴും തനിക്ക് നാശമില്ല എന്ന് കരുതുന്ന ചിന്തയാണതെന്നായിരുന്നു ഉത്തരം. ഇതിൽപ്പരം ആശ്ചര്യമെന്തുണ്ട്. മക്കൾ നൂറ്റുവരും വധിക്കപ്പെട്ടിട്ടും കൊലപാതകം നടത്തിയ പാണ്ഡവരോടൊപ്പം വസിക്കുന്ന ധൃതരാഷ്ട്രരെക്കുറിച്ച് വ്യാസൻ പറയുന്നത് 'ജീവിതാശാബലീയസി' എന്നാണ്. ജീവിക്കാനുള്ള ആശ അത്ര ബലമേറിയതാണ്. എന്തെല്ലാം സംഭവിച്ചാലും എനിക്ക് ജീവിക്കണം എന്നതാണ് ഓരോരുത്തരുടെയും ചിന്ത. അതിനെയാണ് ജിജീവിഷ എന്നുപറയുന്നത്.

ജിജീവിഷയുമായി കഴിയുന്ന വൃദ്ധജനങ്ങളെ പരിചരിക്കുന്നത് മനുഷ്യത്വത്തിന്റെ ലക്ഷണമാണ്. മഹാരഥന്മാരും മതഗ്രന്ഥങ്ങളുമെല്ലാം ഈ തത്വത്തെ അംഗീകരിച്ചിട്ടുണ്ട്. നീ ദീർഘായുസ്സോടെ ഇരിപ്പാനും നിനക്ക് നന്മയുണ്ടാകാനുമായി അമ്മയപ്പന്മാരെ ബഹുമാനിക്കുക.

നരച്ച തല ശോഭയുള്ള കിരീടമാകുന്നു, നീതിയുടെ മാർഗ്ഗത്തിൽ അതിനെ പ്രാപിക്കണം (സദൃശവാക്യം 16:31), വൃദ്ധരുടെ നര അവർക്ക് ഭൂഷണം (സദൃ. 20:29), ആരെങ്കിലും അപ്പനെയും അമ്മയെയും ദുഷിച്ചാൽ അവന്റെ വിളക്ക് കൂരിരുട്ടത്ത് കെട്ടുപോകും (സദൃ.20:20) തുടങ്ങിയ ബൈബിൾ വാക്യങ്ങൾ ശ്രദ്ധിക്കുക. അന്ത്യനിമിഷത്തിൽ, അമ്മയായ കന്യകമറിയത്തെ, പ്രിയശിഷ്യനായ യോഹന്നാനെ ഭരമേല്പിക്കുന്ന ക്രിസ്തു, മനുഷ്യരാശിയുടെ മുന്നിൽ മാതൃകയായി നിൽക്കുന്നു.

"മാതൃദേവോ ഭവ, പിതൃദേവോ ഭവ

ആചാര്യദേവോ ഭവ, അതിഥിദേവോ ഭവ" എന്ന് അനുശാസിക്കുന്ന ഭാരതീയ ദർശനവും നാം ഉൾക്കൊള്ളണം. മാതാപിതാക്കളെയും ഗുരുജനങ്ങളെയും അതിഥികളെയും ഈശ്വരതുല്യം കണക്കാക്കണം.

"നിന്റെ രക്ഷിതാവിന്റെ കല്പനയ്ക്കല്ലാതെ നീ കീഴ്പ്പെട്ടു ജീവിക്കരുത്. മാതാപിതാക്കളോട് ഔദാര്യം കാണിക്കണം. അവർ രണ്ടിലൊരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെ അടുക്കൽവച്ച് വാർദ്ധക്യം പ്രാപിച്ച്, അവരെ ശുശ്രൂഷിക്കേണ്ട ഭാരം നിന്നിൽവന്നു ചേർന്നാൽ, 'ഛെ' എന്നുപോലും നീ അവരോട് പറഞ്ഞുപോകരുത്. പരുഷസ്വരത്തിൽ നീ അവരെ എതിർത്തു സംസാരിക്കരുത്. അവർ രണ്ടു പേരോടും ആദരണീയമായ വാക്കുകൾ നീ പറയുക. ഇക്കാര്യങ്ങൾ നിന്റെ രക്ഷയ്ക്കായി കല്പിച്ചുകഴിഞ്ഞിട്ടുണ്ട്" (ഖുർ ആൻ 17:23). മുതിർന്നവരോട് നാം സ്വീകരിക്കേണ്ട നിലപാടാണ് ഈ കാഴ്ചപ്പാടിലുള്ളത്. പ്രായമായവരെ ആദരിക്കുന്നവർക്ക്, അല്ലാഹു സ്വർഗത്തിൽ ഉന്നതസ്ഥാനം നൽകി അനുഗ്രഹിക്കും എന്ന് നബി പ്രസ്താവിച്ചിട്ടുണ്ട്.

പുതിയ തലമുറയിലെ വ്യക്തികളോട് ക്രിയാത്മകമായി ഇടപെടാൻ മുതിർന്നവർ ശ്രമിക്കണം. അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞ്, അതിലെ നല്ല വശം സ്വീകരിക്കണം. അല്ലാതെ, പഴയതെല്ലാം മോശമാണെന്ന മുൻവിധി പാടില്ല. തലമുറകൾ തമ്മിലുള്ള വിടവ് (ജനറേഷൻ ഗ്യാപ്പ്) കഴിയുന്നത്ര കുറയ്ക്കാൻ ഇരുകൂട്ടരും ശ്രദ്ധിക്കണം. പഴമനസ്സിലെ മൂല്യബോധത്തെ കൈവിടാതെതന്നെ, പുതിയ ചിന്താഗതികളുമായി പൊരുത്തപ്പെടാൻ ശ്രമിക്കണം. ത്യാജ്യഗ്രാഹ്യ വിവേചനം പാലിക്കുകയും വേണം. കാലത്തിനനുസരിച്ച് കോലവും ശീലവുമൊക്കെ മാറുമല്ലോ. അതിനെ പൂർണ്ണമായി തള്ളിക്കളയാനാവില്ല. സ്ത്രീകളുടെ അഭിപ്രായങ്ങൾക്ക് മുന്തിയ പരിഗണന നൽകണം. അവർ അമ്മയോ ഭാര്യയോ പെങ്ങളോ മകളോ ആവട്ടെ. തക്കംപോലെ പെരുമാറാനുള്ള ഒരു കഴിവ് ഈശ്വരൻ സ്ത്രീകൾക്ക് നൽകിയിട്ടുണ്ട്. "നാരികൾക്ക് നയനം സുസൂക്ഷ്മമാം" എന്ന കവിവചനവുമോർക്കുക.

എന്റെ കാലം കഴിഞ്ഞു, എനിക്കിനി ഒന്നും ചെയ്യാനില്ല എന്നുപറഞ്ഞ് ആലസ്യത്തിലിരിക്കുന്ന വൃദ്ധജനങ്ങൾ സമൂഹത്തിനു ഭാരമായി മാറും. അണ്ണാൻ കുഞ്ഞിനും തന്നാലായത് ചെയ്യാമല്ലോ. **An idle mind is devils workshop** - മടിപിടിച്ചിരിക്കുന്ന മനസ്സ് ചെകുത്താന്റെ ശില്പശാലയാണ് എന്ന് മറക്കാതിരിക്കുക. 'മനസ്സോടാത്ത കുമാർഗ്ഗമില്ലടോ' എന്ന് കവി പറഞ്ഞതുപോലെ, വേണ്ടാതീനമൊക്കെ ചിന്തിച്ചുകൂട്ടുകയായിരിക്കും അക്കൂട്ടർ. വായന, ഡയറിയെഴുത്ത്, സുഹൃത് സല്ലാപങ്ങൾ, കുടുംബാംഗങ്ങളുമൊത്തുള്ള ഉല്ലാസയാത്ര, പേരക്കുട്ടികളുമായുള്ള കളിതമാശകൾ, റേഡിയോ ശ്രവണം, നല്ല പ്രഭാഷണങ്ങൾ കേൾക്കൽ തുടങ്ങിയവയൊക്കെ ആകാമല്ലോ. ആവശ്യക്കാർക്കുവേണ്ട ഉപദേശ നിർദ്ദേശങ്ങളും കൊടുക്കണം മുതിർന്ന പൗരന്മാർ.

ഊണുമുറിയിലിരുന്ന് കഴിക്കാനും സ്വീകരണമുറിയിലിരുന്ന് ടിവികാണാനും ഇളംതിണ്ണ (സിറ്റൗട്ട്)യിലിരുന്ന് പത്രം വായിക്കാനും കുളിമുറിയിൽ ശൗചകർമ്മങ്ങൾ ചെയ്യാനും ശ്രമിക്കണം. എല്ലാംകൂടെ കിടപ്പുമുറിയിലാക്കരുത്. അത് മടുപ്പുളവാക്കും. ഉച്ചമയക്കത്തിനോ ഉറക്കത്തിനോ മാത്രമേ കിടക്കറയിൽ പ്രവേശിക്കാവൂ. വല്ലപ്പോഴും അടുക്കളയിലോട്ടും ചെല്ലണം. രുചിക്കൂട്ടുകളുടെ നിറവും മണവുമൊക്കെ കണ്ടാസ്വദിക്കണം. പ്രഭാതത്തിലും സായാഹ്നത്തിലും മുറ്റത്തെങ്കിലും ഒന്നുലാത്തണം. മണ്ണിന്റെ മണവും വിണ്ണിന്റെ വിശുദ്ധിയും ആസ്വദിക്കാമല്ലോ. അരുണോദയത്തിൽനിന്നും സായാഹ്നസൂര്യനിൽനിന്നും പ്രസരിക്കുന്ന രശ്മികൾ ഔഷധമൂല്യമുള്ളതാണെന്ന് വൈദ്യശാസ്ത്രം പറയുന്നു. അവ ശരീരത്തിൽ പതിയട്ടെ; ഒരുന്മേഷം കിട്ടും.

വൃദ്ധജനങ്ങളുടെ നേതൃത്വത്തിലായിരിക്കണം കുടുംബപ്രാർത്ഥന. അവിടെ ഈശ്വരസാന്നിദ്ധ്യമുണ്ടാവും. മുത്തശ്ശനും മുത്തശ്ശിക്കും രാവിലെയും രാത്രിയും ഒരു ഗുഡ് മോണിംഗും ഗുഡ് നൈറ്റും പറയാൻ പേരക്കുട്ടികൾ മറക്കരുത്. അവരുടെ വാത്സ

ല്യാമൃതം നുകർന്ന് അല്പനേരം കൂടെക്കിടക്കുന്നതും നല്ലതാണ്. അവർ പറയുന്ന കഥയും പാട്ടുമൊക്കെ ഇളംമനസ്സിന് ഊർജ്ജം പകരാതിരിക്കില്ല. അവരുടെ ഭാവനയിൽ മാരിവില്ല് വിടരും.

പ്രായമേറുമ്പോൾ കർമ്മേന്ദ്രിയങ്ങളുടെ ശേഷി കുറയും എന്നത് ഒരു ശാസ്ത്രസത്യമാണെങ്കിലും അമിതമായി ആകുലപ്പെടേണ്ടതില്ല. വൃദ്ധജനങ്ങളുടെ ഒരു മുഖ്യപരാതി, ഭയങ്കര ഓർമ്മക്കുറവാണെന്നാണ്. ആരെക്കണ്ടാലും മറവിക്കാര്യം പറഞ്ഞുകൊണ്ടിരിക്കും. അതിനുമാത്രം മറവിയില്ല! "മറവിതൻ മാറാപ്പെടുക്കാൻ മാത്രം മറവിയുണ്ടായിട്ടില്ലത്ര നാളും" എന്ന കവി വചനം എത്ര സത്യം.

വൃദ്ധരായ മാതാപിതാക്കളെ പങ്കിടുന്ന ഏർപ്പാട് മക്കൾ ഉപേക്ഷിക്കണം. അച്ഛൻ ഒരു മകന്റെ കൂടെയും അമ്മ മറ്റൊരു മകന്റെ കൂടെയും താമസിക്കുന്ന ഏർപ്പാടാണിത്. സാമ്പത്തികമാണ് ഇതിന്റെ അടിസ്ഥാനമെന്ന് പറയാം. മാതാപിതാക്കളുടെ മനഃക്ലേശം ആരും കണക്കാക്കുന്നില്ല. അവരൊന്നിച്ച്, കഴിയുമെങ്കിൽ ഒരു കട്ടിലിൽതന്നെ കിടക്കണം. മന്ദഗതിയിലായ ഉച്ഛ്വാസവായു പരസ്പരം തഴുകട്ടെ. ചുളിവീണ ത്വക്ക് പരസ്പരം സ്പർശിക്കട്ടെ. അത് നൽകുന്ന സുഖവും സന്തോഷവും സുരക്ഷയും നമുക്ക് കാണാവുന്നതിലുമപ്പുറമാണ്. നിങ്ങളുടെ ഊഴം വരുമ്പോൾ അവരെ ക്ഷണിച്ച് ഒന്നിച്ച് പാർപ്പിക്കുക. ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യർ അകറ്റരുത്.

**വല്ലപ്പോഴും അടുക്കളയിലോട്ടും ചെല്ലണം. രുചിക്കൂട്ടുകളുടെ നിറവും മണവുമൊക്കെ കണ്ടാസ്വദിക്കണം. പ്രഭാതത്തിലും സായാഹ്നത്തിലും മുറ്റത്തെങ്കിലും ഒന്നുലാത്തണം. മണ്ണിന്റെ മണവും വിണ്ണിന്റെ വിശുദ്ധിയും ആസ്വദിക്കാമല്ലോ. അരുണോദയത്തിൽനിന്നും സായാഹ്നസൂര്യനിൽനിന്നും പ്രസരിക്കുന്ന രശ്മികൾ ഔഷധമൂല്യമുള്ളതാണെന്ന് വൈദ്യശാസ്ത്രം പറയുന്നു. അവ ശരീരത്തിൽ പതിയട്ടെ; ഒരുന്മേഷം കിട്ടും.**

തലമുടിയിലും താടിമീശയിലുമുള്ള നരയെ, കാലം കനിഞ്ഞുനൽകിയ മുല്ലപ്പൂമാലയാണെന്നാണ് മഹാകവി ജി. വിശേഷിപ്പിക്കുന്നത്. കുഞ്ചൻ നമ്പ്യാരുടെ ഭാഷയിൽ പറഞ്ഞാൽ, ഒരുപിടി അരിയിട്ടാൽ മലരാകുന്ന കഷണ്ടിയുമിന്നില്ല. അതിനും മരുന്ന് കണ്ടുപിടിച്ചിട്ടുണ്ട്. 'ഓൾഡ് ഈസ് ഗോൾഡ്' എന്ന വ്യർത്ഥജല്പനം നടത്തുമെങ്കിലും വയോജനങ്ങളെ വേണ്ടവണ്ണം കരുതുന്നവർ ഇന്നുണ്ടോ? ഇല്ലെന്നതിന്റെ തെളിവാണ് മുക്കിലും മൂലയിലും ഉയർന്നുവരുന്ന വൃദ്ധസദനങ്ങളുടെ പെരുപ്പം. പ്രവാസികളായ മക്കളുടെ 'ടൂർ ടോർച്ചറി'ൽ നിന്നും വയോജനങ്ങൾക്ക് മോചനം കിട്ടേണ്ടിയിരിക്കുന്നു. അവർക്കിഷ്ടമില്ലാത്ത സ്ഥലത്തേക്ക് നിർബന്ധിച്ചുകൊണ്ടുപോയി തടവറയിലിടുന്നതാണ് ടൂർ ടോർച്ചർ.

കവി അയ്യപ്പപണിക്കർ എഴുതിയതുപോലെ, സദാചാരം ചാരമാവുകയും സംസ്കാരം ശവസംസ്കാരമാവുകയും ചെയ്യുന്ന കാലമാണിത്. സുന്ദരമായ മരണത്തിലേക്കും ആഘോഷപൂർവ്വമായ ശവസംസ്കാരത്തിലേക്കും വൃദ്ധജനങ്ങളെയും മക്കളെയും ക്ഷണിക്കുന്ന സൈറ്റുകൾ ധാരാളമായിക്കൊണ്ടിരിക്കുകയാണ് ഇന്റർനെറ്റിൽ. പാശ്ചാത്യരാജ്യങ്ങളിൽ തുടക്കം കുറിച്ച ഇവ താമസിയാതെ ഇവിടേക്കും വരും. എല്ലാ ചടങ്ങുകളും ഇവന്റ് മാനേജ്മെന്റ് കമ്പനിയാണ് അവിടെ നടത്തുന്നത്. മരണ ഒരുക്കങ്ങളും ശവസംസ്കാരവും അവർ ഏറ്റെടുത്തു കഴിഞ്ഞു! കാണുന്നവർക്ക് സന്തോഷം ജനിപ്പിക്കുംവിധം ഭംഗിയായി മരിക്കാനുള്ള നല്ല പാഠം പഠിപ്പിക്കുന്ന ഒരു പുസ്തകം അമേരിക്കയിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. പീറ്റർ ഫോക്സും ന്യൂവുഡ്സും ചേർന്നെഴുതിയ 'Dying - A Practical Guide for the Journey' മരണത്തെ നിർവ്വികാരമായി സമീപിക്കുന്ന സമ്പ്രദായം അവിടെ നിന്ന് ഇവിടേക്കും സംക്രമിച്ചുകൊണ്ടിരിക്കുകയാണ്. കവി വൈലോപ്പിള്ളി പണ്ടേ എഴുതിയ വരി ഓർമ്മിക്കുന്നു: 'എത്ര നിർവ്വികാരമീ പുതുതലമുറ'.

ശവസംസ്കാരം എങ്ങനെ മനോഹരമാക്കാം എന്ന് ഉപദേശിക്കുന്ന സൈറ്റാണ് The good cemetry guide . ചത്തുകിടന്നാലും ചമഞ്ഞു കിടക്കണം എന്ന പഴമൊഴി നമുക്കുമുണ്ടല്ലോ! അവരുടെ ഒരു പരസ്യവാചകം ആരെയാണ് ആകർഷിക്കാതിരിക്കുക: Trust us with your loved ones, your trusted funeral directors for complete bureil needs. ഹോ എത്ര മനോഹരം! വൃദ്ധജനങ്ങൾ സമാധാനിക്കുക. അവരുടെ മക്കൾ ആഹ്ലാദിക്കുക.

ഭാരതത്തിലെ ആചാര്യന്മാർ പല തരത്തിലുള്ള വയോജനങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. വയോവൃദ്ധൻ, ജ്ഞാനവൃദ്ധൻ, ദാനവൃദ്ധൻ, തപോവൃദ്ധൻ, ധർമ്മവൃദ്ധൻ, ധ്യാനവൃദ്ധൻ, അസൂയാവൃദ്ധൻ, ഹിംസാവൃദ്ധൻ, കാമവൃദ്ധൻ, പരിഹാസവൃദ്ധൻ... പട്ടിക ഇനിയും നീളും. വൃദ്ധന്മാർക്കും ബാധകമാണ് ഇതെല്ലാം. തനിക്ക് യോജിച്ച പേര് ഇതിലേതെന്ന് ഓരോ വൃദ്ധനും/വൃദ്ധയും തീരുമാനിക്കട്ടെ. അതനുസരിച്ച് ഭാവി പ്രവചിക്കാം.

ടി.വി. കൊച്ചുബാവയുടെ 'വൃദ്ധസദനം', ഏകലവ്യന്റെ 'സന്ധ്യ' തുടങ്ങിയ നോവലുകളും കൊച്ചുബാവയുടെ 'വൃദ്ധകഥകൾ' എന്ന കഥാസമാഹാരവും എം.ടി. വാസുദേവൻ നായരുടെ 'സ്വർഗ്ഗം തുറക്കുന്ന സമയം' എന്ന കഥയും സാവിത്രീ രാജീവിന്റെ അമ്മയെ കുളിപ്പിക്കുമ്പോൾ എന്ന കവിതയും വാർദ്ധക്യത്തെക്കുറിച്ച് എഴുതപ്പെട്ട കൃതികളാണ്. ഇവ നല്ല വായനാനുഭവം നൽകും. എം. ടി.യുടെ 'ഒരു ചെറുപുഞ്ചിരി' എന്ന സിനിമയും കാണേണ്ടതാണ്. ●



# നിലവിളി കേൾക്കുന്ന ദൈവം

ഫാ. ബെന്നോ
പുതിയാപറമ്പിൽ

എല്ലാ ദിവസവും വിശുദ്ധ കുർബാനയ്ക്കുശേഷം ഏറെ സമയം ഉണ്ണീശോയുടെ രൂപത്തിനു മുമ്പിൽ തിരി കത്തിച്ചുവച്ച് കണ്ണുനീർ തൂകി പ്രാർത്ഥിക്കുന്ന അവളെ ഞാൻ ശ്രദ്ധിച്ചിരുന്നു. ഏകാന്തതയുടെ നിശബ്ദതയിൽ തന്റെ ഹൃദയവേദനകളും നൊമ്പരങ്ങളും അവന്റെ മുമ്പാകെ അവൾ അർപ്പിക്കുകയായിരുന്നു. മുഴുകുടിയനായ ഭർത്താവിന്റെ കഠിനമായ മർദ്ദനത്തിന്റെ അടയാളങ്ങൾ അവളുടെ കൈകളിലും മുഖത്തും നിഴലിച്ചുകാണാമായിരുന്നു. ഭർത്താവിന് ഒരു ധ്യാനത്തിന് പോകാനുള്ള തോന്നലുണ്ടാകുന്നതിനായിട്ടാണ് അവൾ നിരന്തരം പ്രാർത്ഥിച്ചിരുന്നത്. ഈജിപ്തിലെ ദുരന്തഭൂമിയിൽ നിന്ന് കരമുയർത്തി നിലവിളിച്ച ദൈവജനത്തിന്റെ നെടുവീർപ്പുകൾ ആകാശത്തേക്ക് ഉയർന്നപ്പോഴാണ് 'എന്റെ ജനത്തിന്റെ നിലവിളിയുടെ ശബ്ദം എന്റെ കാതുകളിൽ പതിച്ചിരിക്കുന്നു' എന്ന് പറഞ്ഞുകൊണ്ട് പുറപ്പാടിന്റെ പുസ്തകത്തിൽ വിമോചകനായ മോശയെ ഈജിപ്തിലേക്ക് ദൈവം അയയ്ക്കുന്നത്. അടിമത്തത്തിന്റെ നാട്ടിൽനിന്ന് തേനും പാലും ഒഴുകുന്ന സ്വപ്ന ഭൂമിയിലേക്ക് ദൈവജനത്തെ നയിക്കുവാൻ ഹോറെബിലെ കത്തിയെരിയുന്ന മുൾപ്പടർപ്പിൽനിന്ന് മോശയെ ദൈവം വിളിച്ചത് അവരിൽനിന്ന് ഉയർന്നുവന്ന രോദനം കേട്ടതുകൊണ്ടാണ്. ദൈവം നിലവിളി കേൾക്കുന്നവനാണ്.

നിലവിളിക്ക് പ്രത്യുത്തരം ലഭിക്കണമെങ്കിൽ ആദ്യം വേണ്ടത് വിശ്വാസമാണ്. ജറീക്കോയുടെ പാതയോരങ്ങളിൽ ഇരുന്നുകൊണ്ട് തന്റെ ഭിക്ഷാപാത്രത്തിനു നേരെ വലിച്ചെറിയപ്പെടുന്ന ചില്ലിക്കാശിനുവേണ്ടി ആർത്തിയോടെ കാത്തിരുന്ന അന്ധനായ മനുഷ്യൻ തന്റെ ചാരെ കടന്നുപോകുന്നത് രക്ഷകനാണെന്ന തിരിച്ചറിവ് ഉണ്ടായപ്പോഴാണ് ഉറക്കെ നിലവിളിക്കുന്നത്. കാരണം മറ്റു പല അന്ധരിൽനിന്നും അവൻ നസറായനായ യേശുവിനെക്കുറിച്ച് കേട്ടിരുന്നു. പള്ളിമുറ്റത്ത് തന്റെ

കൂടെയിരുന്ന് ഭിക്ഷയെടുത്തിരുന്ന അന്ധനാണ് കൂടാരത്തിരുനാൾ ദിവസം യേശു പറഞ്ഞതുകേട്ട് സീലോഹായിൽ പോയി കഴുകി സുഖം പ്രാപിച്ചത്. മലയുടെ അടിവാരത്തിലിരുന്നപ്പോഴാണ് അവൻ ആശീർവദിച്ചുകൊടുത്ത അപ്പക്കഷണത്തിന്റെ ബാക്കിയുമായി ഭാര്യ എത്തിയത്. മരിച്ച മനുഷ്യനെപ്പോലും ഉയിർപ്പിച്ച നസറായനെക്കുറിച്ച് ടൗണിലിരുന്ന ആളുകൾ പറയുന്നതും അവൻ കേട്ടിരുന്നു. ജറുസലേം മതിലിനു വെളിയിലേക്ക് പുറംതള്ളപ്പെട്ട കുഷ്ഠരോഗികളെയും അവൻ തൊട്ട് സുഖപ്പെടുത്തിയ വാർത്ത കാട്ടുതീ പോലെയാണ് ജറീക്കോ പട്ടണത്തിൽ പടർന്നത്. അന്ന് തീരുമാനിച്ചതാണ്, അവൻ എന്റെ അടുക്കൽ ഒന്നു വന്നിരുന്നെങ്കിൽ. അപ്പോഴാണ് ജനക്കൂട്ടത്തിന്റെ ആർപ്പുവിളി ഉയർന്നുകേട്ടത്. നസറായനായ യേശു കടന്നുവരുന്നു.!

വിശ്വാസത്തിന്റെ അടയാളമാണ് തമ്പുരാനെ നോക്കിയുള്ള നിലവിളി. "ബാബിലോൺ നദിയുടെ തീരത്തിരുന്നുകൊണ്ട് സെഹിയോനെ ഓർത്തു വിലപിക്കുന്ന" തെരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈവം വിമോചകനെ അയയ്ക്കുമെന്ന വിശ്വാസവുമുണ്ടായിരുന്നു. ഈജിപ്തിലെ മണലാരണ്യത്തിലൂടെ കാനാൻ തേടിയുള്ള യാത്രയിൽ വിശന്നുപൊരിയുന്ന ജനം ദൈവത്തെനോക്കി നിലവിളിച്ചപ്പോഴാണ് അവിടുന്ന് അവർക്ക് മന്നായും കാടപ്പക്ഷിയും നൽകുന്നത്. പാപഭാരവും പേറി സമാഗമകൂടാരത്തിന്റെ വാതിൽക്കലിരുന്ന് "ദൈവമേ എന്നോട് കരുണ തോന്നണമേ" എന്ന് നിലവിളിച്ച് പ്രാർത്ഥിക്കുന്ന ദാവീദിന്റെ വംശത്തിൽ നിന്നാണ് രക്ഷകൻ പിറക്കുന്നത്. "ഞാൻ ദുർഭഗനായ മനുഷ്യൻ, ആഗ്രഹിക്കുന്ന നന്മയല്ല, ഇഷ്ടമില്ലാത്ത തിന്മ പ്രവർത്തിച്ചുപോകുന്നു" എന്നു പറഞ്ഞ് പ്രാർത്ഥിച്ച പൗലോസിനോടാണ് നിനക്ക് എന്റെ കൃപ മതി എന്ന് അവിടുന്ന് അരുളി ചെയ്യുന്നത്. ദാവീദിന്റെ പുത്രനെ നോക്കി അന്ധനായ മനുഷ്യൻ നിലവിളിച്ചു പ്രാർത്ഥിച്ചപ്പോഴാണ് അവനെ തന്റെ അടുക്കലേക്ക് വിളിച്ച് അവിടുന്ന് സൗഖ്യം നൽകുന്നത്. നമ്മുടെ ജീവിതത്തിന്റെ തകർച്ചകളിൽ, നിരാശയിൽ, സാമ്പത്തിക ഞെരുക്കങ്ങളിൽ, ഒറ്റപ്പെടുത്തലുകൾക്കിടയിൽ, ഏകാന്തതയുടെ തടവറയിൽ, പരാജയത്തിന്റെ പടുകുഴിയിൽ തമ്പുരാനെ നോക്കി നിലവിളിക്കുമ്പോഴാണ് അവിടുന്ന് നമ്മെ അവന്റെ അടുക്കലേക്ക് വിളിക്കുന്നത്.

**നമ്മുടെ ജീവിതത്തിന്റെ തകർച്ചകളിൽ, നിരാശയിൽ, സാമ്പത്തിക ഞെരുക്കങ്ങളിൽ, ഒറ്റപ്പെടുത്തലുകൾക്കിടയിൽ, ഏകാന്തതയുടെ തടവറയിൽ, പരാജയത്തിന്റെ പടുകുഴിയിൽ തമ്പുരാനെ നോക്കി നിലവിളിക്കുമ്പോഴാണ് അവിടുന്ന് നമ്മെ അവന്റെ അടുക്കലേക്ക് വിളിക്കുന്നത്.**

അടുത്തതായി നിലവിളി വ്യക്തിപരമായ ബന്ധത്തിലേക്ക് നയിക്കുന്നു. തന്റെ അടുക്കൽ നിലവിളിയുമായി നിൽക്കുന്ന അന്ധന്റെ തോളിൽ തട്ടി നസറായൻ ചോദിക്കുന്നത് മറ്റൊന്നുമല്ല, ''ഞാൻ നിനക്കുവേണ്ടി എന്തു ചെയ്തു തരണം?'' ഒരു സുഹൃത്തിനെപ്പോലെ ദൈവം നമ്മുടെ തകർച്ചകളിലേക്ക് കടന്നുവരുന്നതിന്റെ ഉത്തമ ഉദാഹരണമാണ് നാമിവിടെ കാണുന്നത്. ജീവിതത്തിന്റെ തകർച്ചകളിൽ ദേവാലയത്തിന്റെ നിശബ്ദതയിലിരുന്ന് അവനെ നോക്കി ബലിയർപ്പണ സമയത്ത് നിലവിളിക്കുമ്പോൾ അപ്പത്തിന്റെ രൂപത്തിൽ ഓരോ ദിവസം എന്റെ ഹൃദയകവാടത്തിൽ മുട്ടിവിളിച്ച് സജീവനായ ദൈവം ഇന്നും ചോദിക്കുന്നു, "ഞാൻ നിനക്കുവേണ്ടി എന്തു ചെയ്തുതരണമെന്നാണ് നീ ആഗ്രഹിക്കുന്നത്?" വിണ്ണിലിരുന്ന് ഉറങ്ങുന്ന ദൈവമല്ല അവിടുന്ന്. മറിച്ച് മണ്ണിൽ ഇഴയുന്ന മനുഷ്യന്റെ വേദനകളോട് താദാത്മ്യപ്പെട്ടവനാണ് അവിടുന്ന്.

വ്യക്തിപരമായ ബന്ധം മാനസാന്തരത്തിലേക്ക് നയിക്കുന്നതായും നാമിവിടെ കാണുന്നു. സൗഖ്യം ലഭിച്ച അന്ധനായ മനുഷ്യൻ തന്റെ പുറങ്കുപ്പായം വലിച്ചെറിഞ്ഞ് അവനെ അനുഗമിക്കാൻ തയ്യാറാകുന്നു. ജറീക്കോയുടെ തകർച്ചയിൽനിന്ന് ജറുസലേമിന്റെ രാജവീഥിയിലേക്ക് അവൻ യേശുശിഷ്യനായി മാറി കടന്നുപോകുന്നതായാണ് ഇവിടെ കാണുന്നത്. തന്റെ ഭിക്ഷാപാത്രവും അന്ധതയുടെ പുറങ്കുപ്പായവും വലിച്ചെറിയാൻ അന്ധനായ മനുഷ്യൻ തയ്യാറായതുപോലെ അനുദിന ജീവിതത്തിൽ അവിടുന്ന് നൽകുന്ന നിരവധിയായ അനുഗ്രഹങ്ങൾ സ്വന്തമാക്കുന്നു. എന്റെ ജീവിതത്തിൽ ചെറുതായൊരു മാറ്റമെങ്കിലും ഉണ്ടാക്കാൻ തയ്യാറായാൽ മാത്രമാണ് ഞാൻ അവന്റെ ശിഷ്യനായി തീരുന്നത്. "കർത്താവിന്റെ സ്നേഹത്തിൽനിന്ന് ആർക്കെന്നെ വേർപെടുത്താൻ സാധിക്കും" എന്ന് പൗലോസ് ശ്ലീഹായ്ക്ക് ചോദിക്കാൻ സാധിച്ചത് തന്റെ പുറങ്കുപ്പായം വലിച്ചെറിയാൻ തയ്യാറായപ്പോഴാണ്. പരിശുദ്ധമായ ചിന്തകളോടെ അവന്റെ ബലിപീഠത്തിനു മുമ്പാകെ നിൽക്കാനുള്ള കൃപാവരത്തിനായി അന്ധനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം. അവിടുന്ന് നമ്മെ സുഖപ്പെടുത്തട്ടെ. ഈ പുതുവർഷം നിലവിളിയുടെ പ്രാർത്ഥനകളാൽ നമുക്കാരംഭിക്കാം. ■




കെ. ആർ. മീരയുടെ

# ആരാച്ചാർ
## ഒരു പുനർവായന



**സി. ഗ്ലാഡിസ് ഒ.എസ്.എസ്.**


**കെ.** ആർ. മീരയുടെ ഏറ്റവും പ്രശസ്തമായ നോവലാണ് ആരാച്ചാർ. മലയാള നോവൽ സാഹിത്യത്തിൽ പ്രമേയത്തിന്റെ പുതുമകൊണ്ടും ആഖ്യാനചാതുര്യംകൊണ്ടും വേറിട്ടുനിൽക്കുന്ന ഈ നോവലിനെ ഒരു ആധുനിക ക്ലാസ്സിക് എന്നാണ് പ്രമുഖ നിരൂപകർ വിലയിരുത്തുന്നത്. അഞ്ച് വ്യത്യസ്ത പുറം ചട്ടകളിൽ പുറത്തിറങ്ങിയ ഈ നോവലിൽ ബംഗാളി സംസ്കാരവും കൽക്കത്തയുടെ ജീവതുടിപ്പുകളും പ്രാദേശിക ഭാഷയും യഥോചിതം കലർത്തി രചിച്ചിരിക്കുന്നു. അനുവാചക ഹൃദയങ്ങളിൽ ആസ്വാദനം സൃഷ്ടിക്കാൻ ഒരു സ്ത്രീവാദ സാഹിത്യത്തിന് കഴിഞ്ഞു എന്ന് നിസ്സംശയം പറയാൻ കഴിയും. മനുഷ്യജീവിതം സമസ്ത ശക്തിചൈതന്യങ്ങളോടും കൂടി ആവിഷ്കരിക്കാൻ കഴിയുന്ന സാഹിത്യമാധ്യമമാണ് നോവൽ. ജീവിതത്തിന്റെ ആഴവും പരപ്പും വൈരുദ്ധ്യങ്ങളും പ്രശ്നങ്ങളും മൂർത്തമായി അവതരിപ്പിക്കാൻ കഴിയുന്നത് നോവലിലാണ്.

മലയാളത്തിലെ മികച്ച കൃതിക്കുള്ള കേന്ദ്രസാഹിത്യ അക്കാദമി അവാർഡും അതുപോലെ നിരവധി അവാർഡുകളും നേടിക്കൊടുത്ത ഈ പെണ്ണെഴുത്തുകൾ വെറും നിസ്സാരമല്ല എന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് ചരിത്രത്തിൽ ഈ സ്ത്രീപക്ഷ രചന സ്ഥാനം നേടി. 52 അധ്യായങ്ങളുള്ള 552 പേജുകളുള്ള ഈ വലിയ നോവൽ വായിക്കുന്ന ഏതൊരു അനുവാചകനും പോസിറ്റീവ് എനർജി ലഭിക്കുന്നു. സ്ത്രീപക്ഷപാത രചന എന്നുമാത്രം പറഞ്ഞ് ഇതിനെ എഴുതിത്തള്ളാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഏതൊരു യുവാവിനെയും യുവതിയെയും സാമൂഹിക അസമത്വത്തിനെതിരെ പോരാടാൻ, നട്ടെല്ലു നിവർത്തി നിൽക്കാൻ ഈ നോവൽ പ്രേരിപ്പിക്കുന്നു. മിക്ക എഴുത്തുകാരും കാലത്തിന്റെ കൈയ്യി ലെ കളിപ്പന്തുകൾ ആകുമ്പോൾ



ആസ്വാദനക്കുറിപ്പ്






മീര എന്ന സാഹിത്യകാരി പരമാർത്ഥിക ലോകത്തിലെ മനുഷ്യജീവിത മൂല്യങ്ങളെ ചിത്രീകരിക്കുകയാണ് ഈ കൃതിയിലൂടെ.

ചരിത്രവും വർത്തമാനകാലവും ഇടകലർത്തിയുള്ള ഈ നോവൽ മനുഷ്യന്റെ ജീവിതം തങ്ങളുടെ പൂർവ്വപിതാക്കന്മാരുടെ ജീവിതവുമായി ഏറെ സ്വാധീനിച്ചിരിക്കുന്നു എന്നും, ബംഗാളിന്റെ ചരിത്രത്തിലൂടെ ഈ നോവൽ വ്യക്തമാക്കിത്തരുന്നു.


ഭരണകൂടവും മാധ്യമവും ഓരോ മനുഷ്യനെയും എങ്ങനെ അതിന്റെ ഇരയാക്കുന്നു എന്നും ജീവിതത്തെ, മരണത്തെ, കുറ്റത്തെ, ശിക്ഷയെ, പ്രണയത്തെ വിവിധ മുഹൂർത്തങ്ങളിലൂടെ വായനക്കാരന്റെ നേർക്കുനേരെ നിർത്തിക്കൊണ്ട് പുരുഷന്റെ സ്വേച്ഛാധിപത്യവും അതിനായകത്വവും സ്ത്രീയുടെ സ്വതസിദ്ധമായ തന്റേടവും അവകാശബോധവും അസാധുവാക്കി അവളെ ഒരു കാഴ്ചപ്പണ്ടമാക്കാൻ ഓരോ എഴുത്തുകാരും കിണഞ്ഞ് പരിശ്രമിക്കുമ്പോൾ മീര തന്റെ നോവലിലൂടെ സ്ത്രീത്വത്തെ, അവളുടെ സർഗ്ഗാത്മകതയെ, ഉയർത്തുകയാണിവിടെ.

ഈ കഥയിലെ ഇതിവൃത്തം ഒരു ആരാച്ചർ കുടുംബമാണ്. വൃദ്ധനായ ശൃദ്ധമല്ലിക്ക് പ്രായമാകുമ്പോൾ തന്റെ മകൾക്ക് ആരാച്ചാർ പദവി കിട്ടുന്നതിനായി ശ്രമിക്കുന്നതും, സഹോദരൻ രോഗിയായതിനാൽ ചേതന എന്ന പെൺകുട്ടി തന്റെ പിതാവിന്റെ തൊഴിൽ ഏറ്റെടുക്കുന്നു. അന്നു മുതൽ അവൾ മീഡിയായുടെ ഇരയായി മാറുന്നു. ഓരോ ദിവസവും അവളുടെ ചലനങ്ങൾ മീഡിയ ഒപ്പിയെടുക്കുന്നു. അവളെ സ്ത്രീശക്തിയുടെ പുതിയ വക്താവായി പ്രതിഷ്ഠിച്ചുകൊണ്ട് മീഡിയ പുതിയ പുതിയ തന്ത്രങ്ങൾ മെനയുന്നു. ജീവിതത്തിന്റെ പല മുഹൂർത്തങ്ങളിലും അയാൾ പ്രതികാരാഗ്നിയായി മാറുന്നുണ്ട്. ചേതന ഈ നോവലിൽ അപമര്യാദയായി പെരുമാറുന്ന പ്രസാദ് യാദവിനോട് അവൾ ദുപ്പട്ടകൊണ്ട് കഴുത്തിൽ കുടുക്കിട്ട് അവനോട് പ്രതികാരം നടത്തുന്നു. കണ്ണുതള്ളി നിൽക്കുന്ന അവനോട് അവൾ പറയുന്നുണ്ട്, "തൂക്കുകയർ പശുവിനെ കെട്ടാൻ മാത്രമല്ല" കഴുത്തിലെ കുടുക്ക് മാറ്റിയതിനുശേഷം "കോഴിയെ കൊല്ലാൻ ആരാച്ചാരുടെ ആവശ്യമില്ല." ഉറച്ച തന്റേടമുള്ള സ്ത്രീത്വത്തെ മീര ഇതിലൂടെ അവതരിപ്പിക്കുന്നു. ഈ നോവലിന്റെ പല ഭാഗത്തും ചേതന എന്ന പെൺകുട്ടി വല്ലാതെ ഭയചിത്തയാകുന്നുണ്ട്. ക്രൂരതയുടെ മുഖമുള്ള പിതാവിനെ അവൾക്ക് ഭയമായിരുന്നു. ചതിയുടെ പ്രതീകമായ സജീവ് കുമാർ എന്ന ചെറുപ്പക്കാരന്റെ കാര്യം കാണുവാനുള്ള പ്രണയത്തെ അവൾ ഭയത്തോടെ, വെറുപ്പോടെ, പ്രതികാരത്തോടെ നോക്കിക്കാണുന്നു. ഒടുവിൽ പ്രതികാരാഗ്നിയായി മാറുന്ന ചേതന ആരാച്ചാരായി തന്നെ അവനെ ഇല്ലാതാക്കുന്നു. അതുപോലെ സമൂഹത്തെ കാർന്നുതിന്നുന്ന മീഡിയായുടെ സർവ്വാധീശത്വത്തെയും നിർമ്മാർജ്ജനം ചെയ്യുന്നു.




(ശേഷം പേജ് 24)

അനുസ്മരണം






# മലങ്കര കത്തോലിക്കാ സഭയെ നെഞ്ചിലേറ്റിയ
# പന്തോളിൽ അച്ചൻ



ഫാ. ചെറിയാൻ താഴമൺ
(സി.ഇ.ഒ. ദീപിക)

ഇടവക അംഗത്വം തിരുവല്ലാ അതിരൂപതയിൽ, ഇടയശുശ്രൂഷ തിരുവന്തപുരം മേജർ അതിരൂപതയിൽ, കാനോനിക വൈദിക കൂട്ടായ്മ അംഗത്വം പത്തനംതിട്ട രൂപതയിൽ. ജനനം യാക്കോബായ സഭയിൽ, കത്തോലിക്കാ സഭാപ്രവേശം സീറോ മലബാർ സഭയിലൂടെ, വൈദികശുശ്രൂഷ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ. എൻജിനീയറിംഗ് ബിരുദം നേടി സൗത്ത് ആഫ്രിക്കയിൽ ജോലിചെയ്തിരുന്ന യുവാവ് സിവിൽ സർവ്വീസ് പരീക്ഷ എഴുതാൻ കൊളംബോയിലേക്ക് പോകുന്നതിനു മുൻപ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹംതേടി എത്തുന്നു. "**സർക്കാർ സർവ്വീസല്ല സർവ്വേശ്വരന്റെ സർവ്വീസാണ് നിന്റെ വിളി**" എന്ന് ദൈവദാസൻ കൽപ്പിക്കുന്നു. ഫിലിപ്പ് ചാക്കോ ഫാദർ ഫിലിപ്പ് സി. പന്തോളിൽ ആയതിങ്ങനെയാണ്. മലങ്കരസഭയ്ക്കും കേരളക്കരയ്ക്കും അത് വലിയ അനുഗ്രഹമായി.

ജനനം 1915 ഏപ്രിൽ 28-ന്, മരണം 2015 നവംബർ 15-ന് ഞായറാഴ്ച മദ്ധ്യാഹ്നത്തിൽ, കബറടക്കം നവംബർ 17-ന് ചൊവ്വാഴ്ച അയിരൂർ സെന്റ് പാട്രിക്സ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയുടെ

തേക്കേ അങ്കണത്തിൽ പ്രത്യേകം തയാറാക്കിയ കബറിൽ.

നസ്രാണികളുടെ മൂലതറവാടെന്നറിയപ്പെടുന്ന കുറവിലങ്ങാട്, പള്ളി വീട്ടിൽ മാത്തുണ്ണിയുടെ സീമന്തപുത്രൻ മാത്തനും ഭാര്യ കുഞ്ഞിക്കാണ്ടമ്മയും മക്കൾ തൊമ്മനും മാത്തുണ്ണിയും തെക്കുംകൂർ രാജാവിന്റെ ക്ഷണപ്രകാരം കോഴഞ്ചേരിയിൽ വന്നു താമസമായതോടുകൂടി "**കോഴഞ്ചേരി വെള്ളാറേത്ത്**" കുടുംബം ആരംഭിച്ചു. വെള്ളാറേത്ത് കുടുംബത്തിന്റെ ഉപശാഖയാണ് 'പന്തോളിൽ'.

ചാക്കോ ചാക്കോയുടെയും അന്നമ്മയുടെയും എട്ടുമക്കളിൽ ഇളയവൻ, രാജാവിന്റെ സ്കോളർഷിപ്പോടുകൂടി സ്കൂൾ പഠനം. പത്താം ക്ലാസിൽ ഒന്നാം റാങ്കോടുകൂടി ജയം. സിലോണിലെ കൊളംബോയിൽനിന്ന് മെട്രിക്കുലേഷനും എൻജിനീയറിംഗ് ബിരുദവും കരസ്ഥമാക്കി. സൗത്ത് ആഫ്രിക്കയിൽ ടെലഗ്രാഫ് എൻജിനീയറായി ജോലിയിൽ പ്രവേശിച്ചു. സിവിൽ സർവീസ് പരീക്ഷ എഴുതാനായി ജോലി രാജിവച്ച് നാട്ടിലെത്തി. സിവിൽ സർവീസ് പരിശീലനത്തിനു കൊളംബോയിലേക്ക് പോകുവാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹം വാങ്ങാൻ പോയി. ദൈവദാസന്റെ പ്രത്യേക നിർദേശപ്രകാരം വൈദികപരിശീലനത്തിന് 25-ാം വയസിൽ 1940-ൽ തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ സിലോണിലെ കാൻഡി പേപ്പൽ സെമിനാരിയിൽ. വൈദികാഭിഷേകം 1949 ഓഗസ്റ്റ് 24-ന് കാൻഡി സെമിനാരിയിൽ വച്ച്. ദൈവശാസ്ത്രത്തിൽ ലൈസൻഷിയേറ്റും രാഷ്ട്രീയമീമാംസയിൽ ബിരുദാനന്തരബിരുദവും നേടി. മാർ ഈവാനിയോസ് കോളേജിൽ അദ്ധ്യാപകനും ബർസാറും ആയി സേവനംചെയ്തു. അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ സ്ഥാപക പ്രിൻസിപ്പലായി ശുശ്രൂഷചെയ്തു. 1974-ൽ വിരമിച്ചു. നാലാഞ്ചിറ സർവ്വോദയാ സ്കൂൾ പ്രിൻസിപ്പലായി പ്രവർത്തിച്ചു. 2014-ൽ 100-ാം ജന്മദിനത്തിൽ 'ഗുരുശ്രേഷ്ഠ' അവാർഡിനർഹനായി.

മാർ ഈവാനിയോസ്, മാർ ഗ്രിഗോറിയോസ് എന്നീ പിതാക്കന്മാരുടെ സെക്രട്ടറി, തിരുവനന്തപുരം അതിരൂപതാ ചാൻസലർ, പ്രൊക്കുറേറ്റർ എന്നീ തലങ്ങളിൽ സേവനംചെയ്തു. അഞ്ചൽ സെന്റ് ജോൺസ് കോളേജ് ആരംഭിച്ച് വളർത്താൻ അക്ഷീണം യത്നിച്ചു. തിരുവല്ലാ രൂപതയിലും ഒരു കോളേജ് തുടങ്ങുവാൻ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിനെ നിർബന്ധിച്ചു. രൂപതയുടെ അന്നത്തെ സാമ്പത്തിക പശ്ചാത്തലത്തിൽ അത് സാദ്ധ്യമായില്ല. മുക്കംപാല ബഥനി എസ്റ്റേറ്റ് തിരുവനന്തപുരം അതിരൂപതയ്ക്കും വിതുര ലക്ഷ്മി എസ്റ്റേറ്റ് തിരുവല്ലാ രൂപതയ്ക്കും വാങ്ങി സഭയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാൻ ആലോചനയും പിൻബലവും നൽകിയത് അദ്ദേഹമായിരുന്നു.


പന്തോളിൽ കുടുംബത്തിന്റെ കത്തോലിക്കാ സഭാ പ്രവേശം 1926 ഫെബ്രുവരി 20-ന് വില്ലോത്ത്, കിടങ്ങിനേത്ത്, മോഴുമൺ, ചെറിയ ചാങ്ങൽ, മേലേൽ കുടുംബങ്ങളോടൊപ്പം. 1925-ൽ അയിരൂർ ലൂർദ്ദ് ആശ്രമം ആരംഭിച്ചിരുന്നു. അയിരൂരിന് പുറമേ മാരാമൺ, കാട്ടൂർ, ഇലന്തൂർ, ഓമല്ലൂർ, കടമ്മനിട്ട, കൈപ്പട്ടൂർ തുടങ്ങിയ സ്ഥലങ്ങളിലും കർമ്മലീത്താ സന്യാസികളുടെ സേവനം കടന്നുചെന്നിരുന്നു. ഈ സ്ഥലങ്ങളിലെല്ലാം ഇന്ന് ശക്തമായ കത്തോലിക്കാ ഇടവകകൾ നിലനിൽക്കുന്നു. വില്ലോത്ത് നൈനാൻ വർഗീസ്, ഊന്നുകല്ലിൽ എസ്. തോമസ് എന്നീ അല്മായ പ്രേഷിതർ കർമ്മീലത്തർക്ക് ശക്തമായ പിന്തുണ നൽകി. ഇവരുടെ പ്രവർത്തനഫലമായി അനേകർ പുനഃരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാ സഭയിലെത്തി സഭാപരമായ പൂർണ്ണതനേടി. ഇതേ പ്രേഷിത ചൈതന്യമായിരുന്നു ബഹു. പന്തോളിൽ അച്ചനിലും നിറഞ്ഞിരുന്നത്. സഭ ഏൽപ്പിച്ചിരുന്ന ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ ജീവൻ തൃണവൽഗണിച്ചുകൊണ്ടുപോലും അദ്ദേഹം ശ്രമിച്ചിരുന്നു. അഞ്ചൽ പ്രദേശത്ത് ഇന്നു കാണുന്ന വികസനം അദ്ദേഹത്തിന്റെ ജീവിതസമർപ്പണത്തിന്റെ പ്രകടമായ സാക്ഷ്യമാണ്.



പുനഃരൈക്യത്തിന്റെ പ്രേഷിതനായിരുന്നതുപോലെ സഭൈക്യത്തിന്റെയും ശക്തനായ വക്താവായിരുന്നു അദ്ദേഹം. അയിരൂർ എക്യൂമെനിക്കൽ ഫോറത്തിന്റെ പ്രവർത്തകനും ദീർഘകാലം അതിന്റെ ഭാരവാഹിയുമായിരുന്നു അദ്ദേഹം. നാരങ്ങാനം പള്ളിയിൽ 23 വർഷം വികാരിയായിരുന്ന അദ്ദേഹം മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് ഒരു ചെറുഗ്രന്ഥവും രചിച്ചിട്ടുണ്ട്.

അതുല്യമായ ദൈവാശ്രയം, അനന്യസാധാരണ ധീരത, അനുപമമായ സഭാസ്നേഹം, ബുദ്ധിവൈഭവം, നേതൃപാടവം ഇവ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന സവിശേഷ ഗുണങ്ങളായിരുന്നു. രൂപതകൾക്കതീതമായി മലങ്കര സുറിയാനി കത്തോലിക്കാസഭയെ ഒന്നായി കാണാനിയിരുന്നു അദ്ദേഹത്തിനിഷ്ടം. നൂറ്റിഒന്നു വർഷം നീണ്ട ജീവിതം, അറുപത്താറ് വർഷം നീണ്ട പൗരോഹിത്യജീവിതം, മരണദിവസവും വിശുദ്ധ കുർബാന സ്വീകരിച്ച് കൃതജ്ഞതാ പ്രകരണവും നടത്തി, നിത്യസൗഭാഗ്യത്തിലേക്ക് അദ്ദേഹത്തിന്റെ ആത്മാവ് പറന്നുയർന്നു. **സർക്കാർ സർവ്വീസ് ഉപേക്ഷിച്ച് സർവ്വേശ്വരന്റെ സർവ്വീസ് ഏറ്റെടുത്ത ആചാര്യനെ ആചാര്യന്മാരുടെ ആചാര്യൻ അത്യധികമായ അനന്ദമണവറയിൽ ആക്കിയിരിക്കുന്നു.**

"ഭക്തനായ ആചാര്യാ അങ്ങയെ കൂട്ടിക്കൊണ്ടുപോയ കർത്താവുതന്നെ അങ്ങേയ്ക്ക് പുനഃരുത്ഥാനം നൽകും."



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി പാണ്ടങ്കരി**

## ആരാച്ചാർ 21-ാം പേജ് തുടർച്ച)

ഈ നോവലിലെ വികാരനിർഭരമായ മുഹൂർത്തംമാണ്, സ്ത്രീകളെ അതിദാരുണമായി കൊല്ലുന്ന രവീന്ദ്രനാഥ് ബാനർജി എന്ന ഭീകരനെ വധിക്കാൻ ആദ്യമായി വരുന്ന ആരാച്ചാരായിട്ടാണ് ചേതന എത്തുന്നത്. അയാളെ കാണുവാൻ ചേതന ജയിലിലെത്തുന്നു. അയാളെ വധിക്കുന്നതിനു മുമ്പ് അയാളുടെ ആഗ്രഹപ്രകാരം അവൾ ഒരമ്മയുടെ സ്നേഹചുംബനം നൽകുന്നു. അവൾ കരുണയോടെ നോക്കിയപ്പോൾ അയാളുടെ മുഖം കുട്ടിയുടേതായി. കളിയിൽ തോറ്റ, ശരീരം മുറിഞ്ഞ് വേദനിക്കുന്ന ഒരു കുട്ടിയെയാണ് അവൾക്ക് അയാളിൽ കാണുവാൻ സാധിച്ചത്. സ്ത്രീയിലെ ചില ഭാവങ്ങളെ മീര ഇവിടെ സ്പർശാത്മകമായി ചിത്രീകരിച്ചിരിക്കുന്നു. പുരുഷന് തന്നെ ആഹ്ലാദിപ്പിക്കുന്നവളെ മാത്രമേ സ്നേഹിക്കുവാൻ കഴിയൂ. എന്നാൽ സ്ത്രീക്ക് തന്നെ വേദനിപ്പിക്കുന്നവരെക്കൂടി സ്നേഹിക്കുവാൻ കഴിയുമെന്ന് ഈ നോവലിലൂടെ മീര സാക്ഷിക്കുന്നു. പണത്തിനു വേണ്ടി ചേതനയുടെ പിതാവ് അവളെ ഉപഭോഗവസ്തുവാക്കി അവസരത്തിനൊത്ത് വാക്കുകൾ മാറ്റുമ്പോൾ, ചേതന കൊടുത്ത വാക്ക് പാലിക്കുന്നു.

ഒടുവിൽ വധശിക്ഷ നടപ്പിലാക്കേണ്ട ദിവസം വരുമ്പോൾ പിതാവ് ചേതനയോട് പറയുന്നുണ്ട്, ചേതൂ, ബാബയുടെ സഹായമില്ലാതെ നിനക്കീ ജോലി ചെയ്യുവാൻ സാധിക്കില്ല. നീ ലിവർ വലിക്കുമ്പോൾ അത് പാളിപ്പോയാൽ നമ്മുടെ പരമ്പരയുടെ മുഖത്ത് കരിവാരിതേക്കുന്നതിനു തുല്യമാണ്. അവൾ ഉറപ്പോടെ പറഞ്ഞു, ഇത് എനിക്ക് തനിയെ ചെയ്യണം. ഒരു ഭയവും തോന്നാത്തവിധം അവളുടെ മാറിടങ്ങൾ ഉറച്ച കല്ലുകളായി മാറി. പ്രസാദ് യാദവിന്റെയും സഞ്ജീവ് കുമാർ മിത്രയുടെയും ക്രൂരമുഖങ്ങൾ അവളുടെ മനസ്സിൽ തെളിഞ്ഞു. ക്രൂരനായ പുരുഷനെ കൊല്ലുവാനുള്ള ത്വര അവളിൽ ഉടലെടുത്തു. അവൾ പറഞ്ഞു, "എനിക്ക് ഒരു ആരാച്ചാരുടെ മകളായിട്ടല്ല അറിയപ്പെടേണ്ടത്, ഒരു ആരാച്ചാരായിട്ടാണ്." ഒരു അനുവാചക എന്ന നിലയിൽ ഞാൻ പറയും, ചേതന നൽകുന്ന ഈ മറുപടിയാണ് ഈ നോവലിന്റെ വിജയം. സ്വതന്ത്ര ഭാരതത്തിലെ സ്ത്രീത്വത്തിന്റെ ഉയർത്തെഴുന്നേൽപ്പാണ് ഈ നോവൽ.

ഇന്ന് അധികാരവർഗ്ഗവും സമൂഹവും സ്ത്രീയെ കാണാൻ ആഗ്രഹിക്കുന്നത് ശാലീനസുന്ദരി, എളിമയുടെ നിറകുടം എന്ന നിലയിലാണ്. നെഞ്ചിലമർന്ന ഒരു കൈയ്യും, അല്പം കുനിഞ്ഞ ശിരസ്സും; പിന്നെയവൾ മൗനിയുമായി നിന്നാൽ ഏവർക്കും അവൾ ഇഷ്ടപ്പെട്ട പെൺകുട്ടി. എന്നാൽ ഇതൊന്നുമല്ല യഥാർത്ഥ എളിമയും പുണ്യവും. സത്യസന്ധമായ അന്വേഷണങ്ങൾക്കൊടുവിൽ സംഭവിക്കുന്ന സമർപ്പണമാണ് എളിമ. അനിവാര്യമായ ചോദ്യങ്ങൾ ഉയർത്താൻ ഭീതിയില്ലാത്തത് ആണിത്. ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ച് മറിയം മാലാഖയോട് ചോദ്യം ചോദിച്ചു. അതിനാൽ മീരയുടെ ആരാച്ചാർ എന്ന നോവൽ ഭീതിയില്ലാത്ത അനിവാര്യമായ ചോദ്യങ്ങൾ ഉയർത്താൻ ഏതൊരു അനുവാചകനെയും പ്രേരിപ്പിക്കുന്ന സമത്വ ചിന്താഗതി ഉണർത്തുന്ന, നാളെയെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്ന, വ്യത്യസ്ത ചിന്തകൾ ഉണർത്തുന്ന ഒരു വെല്ലുവിളി നോവലാണ് എന്ന് നിസ്സംശയം പറയാൻ കഴിയും.



# സ്തനാർബുദം

ഡോ. അനീഷ് രഘുവരൻ

സ്തനാർബുദം എന്നാൽ സ്തനങ്ങളുടെ കോശങ്ങളിലുണ്ടാകുന്ന ഒരുതരം കാൻസറാണ്. സ്ത്രീകളിൽ പൊതുവായി കണ്ടുവരുന്ന കാൻസറുകളിൽ ഒന്നാണിത്. വളരെ വിരളമായിട്ടാണെങ്കിലും പുരുഷന്മാരിലും ചിലപ്പോഴൊക്കെ സ്തനാർബുദം കണ്ടുവരാറുണ്ട്. നൂറു സ്ത്രീകളിൽ ഈ അസുഖം വരുമ്പോൾ ഒരു പുരുഷനും ഈ രോഗം ഉണ്ടാകുന്നു എന്നാണ് കണക്ക്. അതുകൊണ്ടുതന്നെ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ ഈ രോഗത്തെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്.

## സൂചനകളും ലക്ഷണങ്ങളും

സ്തനാർബുദത്തിന്റെ സൂചനകളും ലക്ഷണങ്ങളും പ്രധാനമായും അഞ്ചു തരത്തിലാണുണ്ടാവുക. സ്പർശിക്കുമ്പോൾ ഉണ്ടെന്നു തോന്നുന്ന തരത്തിലുള്ള സ്തനത്തിലെ മുഴ, സ്തനത്തിന്റെ ആകൃതിയിൽ വരുന്ന മാറ്റം, മുലച്ചുണ്ടിൽ പൊടിഞ്ഞുവരുന്ന രക്തം, മുകളിലേക്കോ അകത്തേക്കോ വളഞ്ഞിരിക്കുന്ന മുലക്കണ്ണുകൾ, ചർമ്മം ഇളകിപ്പോകുന്ന വേദന തോന്നുക ഇതിലേതെങ്കിലും സ്തനത്തിൽ ഉണ്ടെന്നു തോന്നിയാൽ ഉടനടി ഡോക്ടറുടെ സഹായം തേടേണ്ടതാണ്.

പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാണ് സ്തനാർബുദം എളുപ്പത്തിൽ ബാധിക്കുക. പരമ്പരാഗതമായി ബാധിക്കുന്ന രോഗം കൂടിയാണിത്. അമിത വണ്ണമുള്ളവരിലും സ്തനാർബുദ സാദ്ധ്യത കൂടുതലാണെന്ന് അടുത്തിടെ നടന്ന പഠനങ്ങൾ വെളിപ്പെടുത്തുന്നു.



വളരെ ചെറിയ പ്രായത്തിൽതന്നെ മാസമുറ ആരം ഭിക്കുന്നതും വൈകിയുള്ള പ്രസവവുമൊക്കെ സ്തനാർബുദത്തിന് കാരണമായേക്കാവുന്ന കാര്യ ങ്ങളാണ്. പന്ത്രണ്ടു വയസാണ് ഒരു സാധാരണ പെൺകുട്ടിയിൽ മാസമുറ ആരംഭിക്കേണ്ട പ്രായം. പന്ത്രണ്ടു വയസിനു മുൻപ് മാസമുറയുണ്ടായാൽ സ്തനാർബുദത്തിനു സാദ്ധ്യത കൂടും. 35 വയസ് കഴിഞ്ഞ് ആദ്യപ്രസവം നടക്കുന്ന സ്ത്രീകൾക്കും ഇതേ അപകട സാദ്ധ്യത നിലനിൽക്കുന്നുണ്ട്. വിവാ ഹശേഷം ഗർഭധാരണം വൈകിപ്പിക്കുന്നവരുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ ഈ വാർത്തയ്ക്ക് പ്രസക്തിയുമേറുന്നുണ്ട്. ഒരിക്കലും ഗർഭം ധരിക്കാതിരിക്കുന്ന സ്ത്രീകളിലും സ്തനാർബുദത്തിന് സാദ്ധ്യതയേറെയാണ്.

## മുലയൂട്ടാത്ത അമ്മമാർ

മുലയൂട്ടിയാൽ സൗന്ദര്യം പോകുമെന്ന് ഭയക്കുന്ന അമ്മമാർക്കുള്ളതാണ് ഈ വിവരം. കൃത്യമായി കുട്ടി കൾക്ക് മുലകൊടുക്കാത്ത സ്ത്രീകളിൽ




സ്തനാർബുദം വരാനുള്ള സാദ്ധ്യത വളരെ കൂടുത ലാണ്. മുലയൂട്ടുമ്പോൾ ശരീരത്തിലുണ്ടാകുന്ന ഈസ്ട്രജൻ കുറയും. അത് കാൻസറിനെ പ്രതിരോ ധിക്കുവാൻ ശേഷി നൽകും.

## മദ്യവും സ്ത്രീകളും

പ്രൊഫഷൻ സ്റ്റാറ്റസ് നിലനിർത്താനും സമൂഹ ത്തിൽ തുല്യത ഉറപ്പുവരുത്താനുമായി മദ്യപിക്കുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്ന നാടാണ് കേര ളം. മിഡിൽ ക്ലാസ് ഫാമിലിയിൽപോലും ഇന്ന് കോക്ടെയിൽ പാർട്ടികൾ സജീവമാണ്. അങ്ങനെ യുള്ള പാർട്ടികളിൽ ഒരു ഗ്ലാസ് മദ്യം കൈയ്യിലെടു ക്കുമ്പോൾ ഓർക്കുക, നിങ്ങളും ബ്രസ്റ്റ് കാൻസർ സാദ്ധ്യതാ ലിസ്റ്റിൽ പെട്ടിരിക്കുന്നു.

## എങ്ങനെ കണ്ടുപിടിക്കാം

വളരെയെളുപ്പം കണ്ടുപിടിക്കാവുന്ന രോഗമാണ് സ്തനാർബുദം. രോഗിക്കു തന്നെ കണ്ടുപിടിക്കാ വുന്ന അസുഖമാണ് ഇത്. അതിനായി ചെലവഴിക്കേ ണ്ടത് 5 മിനിട്ട് മാത്രം.

- കൈകൾ ഇടുപ്പിൽ തിരുകി ഒരു കണ്ണാടി യുടെ മുൻപിൽ നിവർന്നു നിൽക്കുക.
- സ്തനങ്ങൾ സാധാരണ വലിപ്പത്തിലും രൂപ ത്തിലും നിറത്തിലുമാണോ എന്ന് പരിശോധി ക്കുക. മുഴയുണ്ടെങ്കിൽ പെട്ടെന്ന് തിരിച്ചറി യാൻ ഇത് സഹായിക്കും.
- കൈകൾ കൈയ്ക്കുമുകളിൽ ഉയർത്തിയിട്ട് സ്തനം വിശദമായി പരിശോധിക്കണം.

  കിടന്നുകൊണ്ട് വലതുകരം കൊണ്ട് ഇടതു സ്തനവും ഇടതുകരംകൊണ്ട് വലതു സ്തനവും പരിശോധിക്കണം. സ്തനങ്ങളുടെ കീഴ്ഭാഗം മുതൽ മേലറ്റം വരെയും ഒരു വശ ത്തുനിന്ന് മറ്റൊരു വശത്തേക്കും സ്തനം മുഴു വനായും വൃത്താകാരത്തിൽ പരിശോധിക്ക ണം. കൈയിലെ മൂന്നോ നാലോ വിരലുകൾ ചേർത്തുവച്ചാണ് പരിശോധന നടത്തേണ്ടത്.
- നിൽക്കുമ്പോഴോ ഇരിക്കുമ്പോഴോ സ്തനങ്ങ ളിൽ തൊട്ടുനോക്കണം.
- കുളിക്കുമ്പോൾ ഇപ്രകാരം തൊട്ടുനോ ക്കുന്നത് ഉത്തമം.

ഇനി സ്തനാർബുദം തിരിച്ചറി യാൻ ചില ശാസ്ത്രീയ വശങ്ങളു മുണ്ട്.

**മാമോഗ്രാം:** സ്തനാർബുദം ഉണ്ടോയെന്നറിയുവാനുതകുന്ന സ്തനങ്ങളുടെ ഒരുതരം എക്സ്റേ ആണ് മാമോഗ്രാം.

**അൾട്രാസൗണ്ട്:** ശബ്ദവീചിക ളുപയോഗിച്ച് കട്ടിയായ മുഴകളും ദ്രവം നിറഞ്ഞ മുഴകളും തമ്മി ലുള്ള വ്യത്യാസം കണ്ടുപിടിക്കാൻ അൾട്രാ സൗണ്ട് ഉപയോഗിക്കുന്നു.

**ബയോപ്സി:** സ്തന സെല്ലുക ളുടെ സാമ്പിൾ ടെസ്റ്റിനായി എടുക്കുന്ന രീതിയാണി ത്. കാൻസർ ബാധയുണ്ടോ എന്നറിയുവാൻ ഈ രീതി സഹായമാകും.

**മാഗ്നറ്റിക് റിസോണൻസ് ഇമേജിംഗ് (എം.ആർ. ഐ.):** സ്തനത്തിന്റെ ഉൾവശം കാണിച്ചു തരാൻ പര്യാപ്തമായ രീതിയിലുള്ള കാന്തവും റേഡിയേ ഷൻ തരംഗവുമാണ് എം.ആർ.ഐ. സ്കാൻ.

## ചികിത്സാരീതികൾ

ഓപ്പറേഷനാണ് സ്തനാർബുദത്തിലെ പ്രധാന ചികിത്സാരീതി. മുഴ ദോഷകരമല്ലാത്തതും വളരാത്ത തുമാണെങ്കിൽ മരുന്നുകൊണ്ട് അലിയിപ്പിക്കുന്ന രീതിയും നിലവിലുണ്ട്.

- ലസക്ടമി:

  ലസക്ടമി പ്രകാരം ട്യൂമറും അതിനുചുറ്റുമുള്ള കോശങ്ങളുടെ കുറെ ഭാഗവും മുറിച്ചുമാറ്റുന്നു.
- മാസെറ്റക്ടോമി: ഓപ്പറേഷൻ വഴി സ്തനം പൂർണ്ണമായും മുറിച്ചുമാറ്റുന്ന രീതിയാണ് മാസെ റ്റക്ടോമി.
- സെന്റിന (നോഡ് ബയോപ്സി):

  വളരെക്കുറച്ചു മാത്രം ലിംഫ് നോഡുകൾ മുറി ച്ചുമാറ്റുന്ന രീതിയാണിത്. കാൻസറല്ലാത്ത മുഴ കൾ ഇത്തരത്തിലാണ് നീക്കം ചെയ്യുന്നത്.

- ഓക്സിലറി ലിംഫ് നോഡ് ഡിസക്ഷൻ:

  കാൻസറാണെന്ന് നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞ മുഴകൾ നീക്കംചെയ്യുന്ന രീതിയാണിത്. കൂടുതൽ ലിംഫ് നോഡുകൾ ഈ ഓപ്പറേഷൻ വഴി മുറിച്ചുമാറ്റപ്പെടുന്നു.

- രണ്ടു സ്തനങ്ങളും മുറിച്ചു മാറ്റുക:

  ഒരു സ്തനത്തിൽ കാൻസറുള്ളതായും അത് പടരുന്നതും കണ്ടാൽ ചെയ്യുന്ന ഓപ്പറേഷനാണിത്. ഇതിലൂടെ കാൻസർ പടരുന്നത് തടയാനാകും.

- റേഡിയേഷൻ തെറാപ്പി:

  കാൻസർ സെല്ലുകളെ നശിപ്പിക്കാൻ ശക്തിയേറിയ റേഡിയേഷൻ ശരീരത്തിലേക്ക് കടത്തിവിടുന്ന രീതി.




- കീമോ തെറാപ്പി:

  കാൻസർ കോശങ്ങളെ നശിപ്പിക്കാൻ മരുന്നുപയോഗിക്കുന്ന രീതിയാണ് കീമോതെറാപ്പി.

- ഹോർമൺ തെറാപ്പി:

  ഈസ്ട്രജൻ പ്രൊജസ്റ്റോൺ ഹോർമോണുകൾക്ക് ഹാനികരമാകുന്ന സ്തനാർബുദങ്ങളെ ചികിത്സിക്കാൻ ഈ രീതി ഉപയോഗിക്കുന്നു.

നാല്പതു വയസു കഴിഞ്ഞ സ്ത്രീകൾ കൃത്യമായ സ്തനപരിശോധന നടത്തേണ്ടതാണ്. പ്രസവശേഷം മുലയൂട്ടൽ നിർത്തിയാലും വർഷം തോറും സ്തനപരിശോധന നടത്തിയാൽ അസുഖം വരാതെ സൂക്ഷിക്കാനാകും.

## പ്രതിരോധം

ഏകദേശം മൂന്നിലൊന്ന് സ്തനാർബുദങ്ങളും പ്രതിരോധിക്കാൻ സാധിക്കും എന്നത് ആശയ്ക്ക് വഴിവെയ്ക്കുന്നു. സ്തനാർബുദം ഉണ്ടാകുന്നതിന്റെ മുഴുവൻ കാരണങ്ങളും നമുക്കറിയില്ല. എന്നാൽ അതിലേക്ക് വഴിതെളിക്കുന്ന സുപ്രധാന ഘടകങ്ങളെക്കുറിച്ചുള്ള അറിവ് രോഗത്തിന്റെ പ്രതിരോധത്തിന് വളരെ സഹായകമാണ്.

## ശരീരഭാരം

അമിത ശരീരഭാരം സ്തനാർബുദവുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രായപൂർത്തിയായ ശേഷം ശരീരഭാരത്തിലുള്ള വർദ്ധന (20 കിലോയോ അതിൽ കൂടുതലോ) രോഗസാദ്ധ്യത ഇരട്ടിയാക്കുന്നു. ഈ വർദ്ധന മറ്റു രോഗങ്ങളായ ഡയബറ്റിസ്, ഹൃദ്രോഗം, കുടൽ കാൻസർ എന്നിവയ്ക്കുള്ള സാദ്ധ്യതകളും ഉണ്ടാക്കുന്നു. ആരോഗ്യകരമായ രീതിയിലുള്ള ശരീരഭാരം ആർത്തവ വിരാമത്തിനു മുൻപും പിൻപും നിലനിർത്താൻ കഴിഞ്ഞാൽ സ്തനാർബുദത്തിനുള്ള സാദ്ധ്യത കുറയും. മുലയൂട്ടുന്നതും മുപ്പതു വയസിനു മുൻപുള്ള ആദ്യത്തെ ഗർഭധാരണവും രോഗസാദ്ധ്യത കുറയ്ക്കും.

## വ്യായാമം

ആഴ്ചയിൽ അഞ്ചു ദിവസമെങ്കിലും മുപ്പത് നാല്പത് മിനിട്ട് നീണ്ടുനിൽക്കുന്ന ശാരീരിക വ്യായാമം ചെയ്യണം. ഇത് സ്തനാർബുദ സാദ്ധ്യത മൂന്ന് ശതമാനത്തോളം കുറയ്ക്കുന്നു. വ്യായാമം സ്ത്രീ ഹോർമോണുകളുടെ പ്രവർത്തനം കുറച്ചുകൊണ്ടുവരുന്നതിനാലാണിത്. കൃത്യമായ ശരീരഭാരം ഉള്ളവർക്കാണ് വ്യായാമം കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നത്.

## ആഹാര രീതി

നാരു കൂടുതലുള്ള ആഹാരവും മത്സ്യവും ആഹാത്തിൽ ഉൾപ്പെടുത്തുന്നത് സ്തനാർബുദ സാദ്ധ്യത 25 ശതമാനം വരെ കുറയ്ക്കും. ചുവന്ന മാംസം (പശു, പന്നി, ആട്, കാള, പോത്ത് തുടങ്ങിയവയുടെ) ആഹാരത്തിൽ ഉൾപ്പെടുത്താതെ സൂക്ഷിക്കണം.

## സോയാബീൻ അത്യുത്തമം

സോയാബീനിൽ അടങ്ങിയിരിക്കുന്ന ഐസോഫ്ളവാനോസ് സ്തനാർബുദത്തെ പ്രതിരോധിക്കാൻ സഹായിക്കും. 170 മില്ലി സോയാപാലിൽ നിന്ന് ആവശ്യത്തിനുള്ള 10 മില്ലി ഐസോ-ഫ്ളവാനോസ് ലഭിക്കും. സോയയുടെ ഏറ്റവും കൂടുതൽ പ്രയോജനം ഏഷ്യയിൽ നിന്നുള്ള സ്ത്രീകളിൽ ആണെന്നത് നമുക്ക് കൂടുതൽ ആശ്വാസം നൽകുന്ന കണ്ടുപിടിത്തമാണ്. സ്തനത്തിലുള്ള കോശങ്ങളുടെ ശരിയായ രൂപവത്കരണത്തിന് സോയയുടെ പ്രോട്ടീൻ വളരെയധികം സഹായിക്കും. കുട്ടിക്കാലത്തുതന്നെ സോയ ഉൾപ്പെടുത്തി തുടങ്ങി വയ്ക്കുന്നത് സ്തനത്തിന്റെ ആരോഗ്യത്തിന് വളരെ സഹായിക്കും.

### പുകവലി

പുകവലിക്കുന്ന കൗമാരക്കാരിലും യുവതികളിലും ആർത്തവ വിരാമത്തിനു മുൻപ് രോഗം വരാനുള്ള സാദ്ധ്യത കൂട്ടാം.

### മരുന്നുകൊണ്ടുള്ള പ്രതിരോധം

സ്തനാർബുദം വരാൻ കൂടുതൽ സാദ്ധ്യതയുള്ളവർക്ക് ചില മരുന്നുകൾ പ്രയോജനകരമാകാം. സ്ത്രീ ഹോർമോൺ ആയ ഈസ്ട്രജന്റെ പ്രവർത്തനം തടയാൻ സഹായിക്കുന്ന പല മരുന്നുകളും ഇന്ന് ലഭ്യമാണ്. പക്ഷേ ഈ മരുന്നുകൊണ്ടുണ്ടാകാവുന്ന പാർശ്വഫലങ്ങളെപ്പറ്റിയുള്ള അറിവ് അവർക്ക് ഉണ്ടായിരിക്കണം. പല കാരണങ്ങളാൽ മരുന്നുകൊണ്ടുള്ള പ്രതിരോധത്തിന് ജനങ്ങൾക്കിടയിൽ അത്ര സ്വീകാര്യത ഇപ്പോൾ വന്നിട്ടില്ല.

### നേരത്തെയുള്ള ശസ്ത്രക്രിയ

തകരാറുള്ള ബി.ആർ.സി.എ. 1, ബി.ആർ.സി.എ. 2 ജീനുകൾ ഉള്ള സ്ത്രീകൾക്ക് രോഗസാദ്ധ്യത വളരെ കൂടുതലാണ്. ഇങ്ങനെയുള്ളവർക്ക് രോഗം വരുന്നതിന്റെ മുൻപുതന്നെ ശസ്ത്രക്രിയയിലൂടെ സ്തനങ്ങൾ മുറിച്ചുകളയുകയാണ് ഒരു മാർഗം. ഹോളിവുഡ് നടി ആഞ്ചലീനാ ജോളി ഇതേ മാർഗം സ്വീകരിച്ച് അടുത്ത കാലത്ത് വാർത്തയായത് ഇവിടെ ഓർക്കാം.

### എന്താണ് നാം ചെയ്യേണ്ടത്?


എഴുപത് ശതമാനം സ്തനാർബുദവും ആർത്തവ വിരാമത്തിനുശേഷമാണ് കാണുന്നത്. ബാക്കിയുള്ള മുപ്പത് ശതമാനം അതിനു മുൻപും. സ്തനാർബുദം വരാനുള്ള കാരണങ്ങളുടെ പ്രവർത്തനം വളരെ കുട്ടിക്കാലത്തുതന്നെ തുടങ്ങുന്നു എന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഋതുമതിയാകുന്നതിനും ആദ്യത്തെ ഗർഭധാരണത്തിനുമിടയിലുള്ള കാലയളവ് സ്തനത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. ശരിയായ ആഹാരരീതി, വ്യായാമം, ആരോഗ്യകരമായ ഭാരം, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ ഇല്ലാതിരിക്കൽ എന്നീ കാര്യങ്ങൾ കൗമാരപ്രായത്തിൽ തന്നെ ശ്രദ്ധിച്ചാൽ സ്തനാർബുദം വരാനുള്ള സാദ്ധ്യതകൾ മുപ്പതു ശതമാനത്തോളം കുറയ്ക്കാം.

*കടപ്പാട്: സാംസ്കാരിക കമലദളം* ●

## ഐക്യദീപം വരിക്കാരുടെ ശ്രദ്ധയ്ക്ക്

ഐക്യദീപം മാസികയ്ക്ക് നിങ്ങൾ നൽകുന്ന നിസ്തുലമായ പ്രോത്സാഹനത്തിനും സഹകരണത്തിനും നന്ദി. ഏറ്റവും കുറഞ്ഞ നിരക്കിലും എന്നാൽ മികച്ച നിലവാരത്തിലുമാണ് ഐക്യദീപം നിങ്ങൾക്കായ് ഒരുക്കുന്നത്. ഐക്യദീപം മാസികയുടെ വരിസംഖ്യ അടക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന അഡ്രസ്സിലേക്ക് പണം മണിയോഡറായോ ബാങ്ക് വഴിയോ അടയ്ക്കാവുന്നതാണ്.













Chief Editor
Aikyadeepam Monthly
St. John's Complex, Kacherippady, Thiruvalla, Kerala
E-mail: aikyadeepamtvla@gmail.com
Phone: 0469-2600626




Bank Details;
**Andhra Bank, Tiruvalla**
A/c.No.110110100023901
IFSC : 689011002
Name of A/c holder: CHIEF EDITOR AIKYADEEPAM




കുടുംബവേദി



ഫാ. ജോൺ പടിപ്പുരയ്ക്കൽ

**2015** ചരിത്രത്തിന്റെ ഏടുകളിലേക്ക് ജീവിതപുസ്തകത്തിലെ 2015 എന്ന അദ്ധ്യായം ഒത്തിരി പാഠങ്ങൾ പകർന്നും പഠിപ്പിച്ചും കടന്നു പോകുന്നു. വർഷപരീക്ഷയ്ക്ക് ഒരുങ്ങുന്ന നാലാം ക്ലാസ്സുകാരന്റെ തീക്ഷ്ണതയോടെയും പരിശ്രമത്തോടെയും 2015 എന്ന അദ്ധ്യായം ഒന്നുകൂടി മറിച്ച് നോക്കാം. തീ ജ്വാലയുടെ നിറം ആകർഷണീയം എങ്കിലും അതിൽ തൊട്ടാൽ പൊള്ളുമെന്നും, പിച്ചവെയ്ക്കുന്ന പ്രായത്തിൽ കാൽപറിച്ച് ഓടാൻ ശ്രമിച്ചാൽ മറിഞ്ഞ് വീഴും എന്നും, മൂർച്ചയുള്ള ആയുധംകൊണ്ട് കളിച്ചാൽ ചോരചിന്തുമെന്നുമൊക്കെയുള്ള പാഠങ്ങൾ അനുഭവപാഠപുസ്തകത്തിൽനിന്നും സ്വായത്തമാക്കുന്ന പിഞ്ചുകുഞ്ഞിന്റെ മനോഭാവത്തോടെ 2015-ന്റെ കോട്ടങ്ങളും നേട്ടങ്ങളും ഒരു ആത്മപരിശോധനയ്ക്ക് വിഷയീഭവിപ്പിക്കാം.

സുവിശേഷങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ കണക്കിൽ പിന്നോക്കം നിൽക്കുന്ന യേശു തമ്പുരാനെയാണ് സുവിശേഷകന്മാർ അവതരിപ്പിക്കുക. വലതുകരണത്തടിക്കുന്നവന് ഇടതുകരണം കൂടി കാണിച്ചു കൊടുക്കുവാനും മേലങ്കിയെടുക്കുന്നവന് പുറംകുപ്പായംകൂടി എടുക്കുന്നതിൽ തടയാതിരിക്കുവാനും മത്തായി, ലൂക്കോസ് സുവിശേഷകൻമാരിലൂടെ 'അവൻ' നമ്മെ ഉദ്ബോധിപ്പിക്കുന്നു. (മത്തായി 5:39 -40; ലൂക്കാ 6:29) നൂറാടുകളിൽ ഒന്ന് നഷ്ടപ്പെട്ടുപോയപ്പോൾ ബാക്കി ഉണ്ടായിരുന്ന തൊണ്ണൂറ്റൊമ്പതിനെയും വഴിയരികിൽ നിർത്തിയിട്ട് വഴി തെറ്റിപ്പോയതിന്റെ പുറകെ പോകുവാൻ ആവശ്യപ്പെടുന്നവനെ കണക്കിൽ 'മണ്ടൻ' എന്നല്ലാതെ മറ്റെന്താണ് വിളിക്കുക? നഷ്ടപ്പെട്ട ഒരു നാണയത്തിനുവേണ്ടി വീടു മുഴുവൻ അടിച്ചുവാരി സമയം കളഞ്ഞതും പോരാഞ്ഞ് അത് കിട്ടിക്കഴിയുമ്പോൾ സന്തോഷം പങ്കിടുവാനായി കൈയ്യിലുണ്ടായിരുന്ന ബാക്കി ഒൻപത് നാണയങ്ങൾകൂടി ചെലവാക്കി

കൂട്ടുകാരികൾക്കും അയൽവാസികൾക്കും സദ്യഒരുക്കുന്ന സ്ത്രീയുടെ ഉപമ പറഞ്ഞ തമ്പുരാൻ ഒരിക്കലും കണക്ക് പരീക്ഷ പാസ്സായിട്ടുണ്ടാവില്ല (ലൂക്ക 15:8-10).

ലൂക്കാ സുവിശേഷകന്റെ 13-ാം അദ്ധ്യായം 6 മുതൽ 9 വരെയുള്ള വാക്യങ്ങളിലൂടെ കടന്നുപോകുമ്പോൾ കണക്കിന്റെ കാര്യത്തിൽ വിട്ടുവീഴ്ച ഇല്ലാതെയും കാർക്കശ്യത്തോടെയും പെരുമാറുന്ന തമ്പുരാനെ കണ്ടുമുട്ടുന്നു. അത്തിവൃക്ഷത്തിന്റെ ചോട്ടിൽ ഫലം അന്വേഷിച്ച് ഞാൻ വരുന്നു എന്നാൽ ഒന്നും ലഭിച്ചില്ല എന്ന തമ്പുരാന്റെ പരിഭവത്തിൽ ഒത്തിരി മുറിവുകളോടെ സംസാരിക്കുന്ന ഒരുവന്റെ മുഖം വായിച്ചെടുക്കുവാൻ കഴിയും. 21-ാം നൂറ്റാണ്ടിലെ അപ്പനമ്മമാർ കൈയ്യ് വളരുന്നുണ്ടോ കാല് വളരുന്നുണ്ടോ എന്ന് നോക്കി ഒറ്റപൂരാടത്തെ ഓമനിച്ച് വളർത്തുന്നതുപോലെ വലിയൊരു മുന്തിരിത്തോട്ടത്തിന്റെ നടുവിൽ ഒത്തിരി കരുതലും സംരക്ഷണവും നൽകി വളർത്തിയിട്ടും ഒരു ഫലം പോലും ലഭിച്ചില്ല എന്നതും അവനെ ഒത്തിരി വേദനിപ്പിച്ചു. വൃക്ഷത്തിന്റെ ആത്മസാക്ഷാത്കാരമാണ് അതിലുണ്ടാകുന്ന ഫലങ്ങൾ. അത്തിമരം തന്നെത്തന്നെ കണ്ടെത്താതെ കടന്നുപോകുന്നു. മറ്റുള്ളവർക്ക് ഒരു ഉപകാരവും ഉണ്ടാകുന്നില്ല എന്നതിനെക്കാൾ മറ്റുള്ളവർക്ക് ഒരു ഉപകാരവും ഉണ്ടാകുന്നില്ല എന്നതിനെക്കാൾ മറ്റുള്ളവർക്ക് അവകാശപ്പെട്ടത് നിഷേധിക്കുന്നു എന്നതാണ് തമ്പുരാനെ ഒരുപാട് വേദനിപ്പിച്ചത്. അതുകൊണ്ടാണ് എന്തിന് നിലം പാഴാക്കണം എന്ന ഒരു ചോദ്യമവൻ ചോദിക്കുക.

കുഞ്ഞാടിന്റെ തോൽ ധരിച്ച് സ്വന്തം അപ്പനെപ്പോലും പറ്റിച്ച ലോകത്തിലെ ആദ്യ പ്രച്ഛന്നവേഷധാരിയായ യാക്കോബിന് സദൃശം കടന്നുപോയ നാളുകൾ ഒരുപക്ഷേ എന്റെ ജീവിതത്തിൽ ഉണ്ടാവാം. നന്മ ചെയ്യണമെന്നാഗ്രഹിച്ചിട്ടും ആഗ്രഹിച്ച നന്മ ചെയ്യാനാവാതെ തിന്മയിലൂടെ മാരത്തോൺ ഓട്ടമോടിയ ദിവസങ്ങൾ... കണ്ണിലെ കരടു കാണാൻ കഴിയാത്തവിധം അന്ധതബാധിച്ച് അന്യരുടെ കണ്ണിലെ തടിക്കഷണം തേടി അലഞ്ഞുനടന്ന ദിനരാത്രങ്ങൾ...എന്തിനേറെ, നിങ്ങളിൽ പാപമില്ലാത്തവർ ഇവളെ കല്ലെറിയട്ടെ എന്ന 'ഗുരുമൊഴി' മനഃസാക്ഷിയുടെ രൂപത്തിൽ എന്നോട് മന്ത്രിച്ചപ്പോൾ തലകുനിച്ച് മടങ്ങേണ്ടിവന്ന അവസരങ്ങൾ...ഒത്തിരി കടങ്ങൾ ബാക്കിവച്ചിട്ടാണ് നീ (2015) വിടപറയുക.

കുഞ്ഞുങ്ങളെപ്പോലെയാകുവാൻ പറഞ്ഞ തമ്പുരാന്റെ ഇരുപാദങ്ങളിലും കെട്ടിപ്പിടിച്ച് ഒരു തുള്ളി കണ്ണുനീർ പൊഴിച്ചുകൊണ്ട് 2016-ൽ നിന്നെ സ്വാഗതം ചെയ്യുക. കണ്ണുനീർ തുള്ളികളിലെ ഉപ്പിനോളം രുചി പകരാനും ശുദ്ധീകരിക്കാനും മറ്റൊന്നിനും ആവില്ലെന്നും ഗുരുമുഖത്ത് നോക്കി ഒരു തുള്ളി കണ്ണീരൊഴുക്കിയ പത്രോസ് സുവിശേഷങ്ങളിലൂടെ പലപ്പോഴും നമ്മോട് മന്ത്രിക്കുന്നുണ്ട്. അലസമായിരുന്ന് പലപ്പോഴും തിന്മയുടെ പടുകുഴിയിലേക്ക് വീഴുകയും ഹൃദയം നുറുങ്ങിക്കരഞ്ഞ് ദൈവസന്നിധിയിലേക്ക് തിരികെവന്ന് നല്ലയൊരു ആത്മശോധനയുടെ ആവശ്യകതയും നമ്മെ ഓർമ്മിപ്പിക്കുന്നു. കൃഷിക്കാരൻ അത്തിവൃക്ഷത്തിന് വേണ്ടി ഒരു വർഷംകൂടി യാചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതുപോലെ ആരുടെയൊക്കെയോ പ്രാർത്ഥനമൂലം എനിക്ക് കനിഞ്ഞുകിട്ടിയ പുതുവർഷം 2016 ഫലം നൽകാത്ത വൃക്ഷങ്ങൾ ഫലം നൽകുവാനായി ദൈവം പ്രത്യാശയോടെയും സ്നേഹത്തോടെയും കാത്തിരിക്കുന്ന ഒരു വർഷം.

●

## വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**


**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി: ജനുവരി 12, 13, 14 - 26, 27, 28**

**ഫെബ്രുവരി 9, 10, 11 - 23, 24, 25**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, തിരുമൂലപുരം**

കവിത

# ഋതുഭേദങ്ങൾ

നവവർഷക്കിടാവേ, വിശുദ്ധമാമാത്മീയ
തത്വരഥത്തിലിരുന്നരുളീടുക
നോവിലും പുഞ്ചിരി പാൽക്കടൽ തീർക്കുന്ന
പൂനിലാവോതി പുളകമണിയുക
മാനവശക്തിതൻ മന്വന്തരങ്ങൾ തൻ
ഗാനധ്വനികളെ മനനം ചെയ്യുവാൻ
ഗ്രാമചൈതന്യത്തുടിപ്പിന്റെ ശീലുകൾ
പാടിയുണർത്തുന്ന ഞാറ്റുപാട്ടാവുക
ഓരോ ഋതുപുളകത്തിലും ധർമ്മത്തിൻ
രാഗഭാവം തുടിപ്പിക്കുന്ന തെന്നലായ്
ചങ്ങലക്കെട്ടിൽ കുടുങ്ങിക്കിടക്കുന്ന
സത്യമാമമ്മയെ മുഗ്ദ്ധയാക്കീടുക.

**കൃഷ്ണവേണി**

## Matrimonial



മലങ്കര കത്തോലിക്കാ യുവാവ് എബിൻ ഏലിയാസ് കോലഞ്ചേരി പൂത്തൃക്ക (178/29years) Bsc.Nurs (Kuwait M.O.H) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു (വിദേശത്തുള്ളവർക്ക് മുൻഗണന (Kuwait). Ph: 9562386838

*    *    *

മലങ്കര കത്തോലിക്കാ യുവാവ് വളവറഅടുപ്പിൽ V.C.ഫിലിപ്പിന്റെയും സൂസമ്മ ഫിലിപ്പിന്റെയും മകൻ Anish Philip (Age30/170) Abudhabi-ൽ Tourism & Travels.ജനുവരി 15 ന് നാട്ടിൽ വരും. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. Ph:9446296667

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന


പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഹൈദി ചെറിയാൻ, മാന്താനത്ത് ബഥനി റോഡ്, തിരുവല്ല**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**മെൽവിൻ മാത്യു, മാന്താനത്ത് ബഥനി റോഡ്, തിരുവല്ല**



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**പിങ്കി ജോർജ്ജ്, ഗുജറാത്ത്, വിരാവൽ**

SHAPE YOUR GOALS




# തീരുമാനിക്കും മുമ്പേ



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ്
ട്രെയ്നർ

ശരിയായ അറിവില്ലാതെ നാം എടുക്കുന്ന തീരുമാനങ്ങളാണ് നമ്മുടെ ജീവിതത്തിലെ പകുതി പ്രശ്നങ്ങൾക്കും കാരണം. അതുപോലെ തന്നെയാണ് പെട്ടന്നുള്ള ആവേശത്തിൽ നാം എടുക്കുന്ന തീരുമാനങ്ങൾ നമ്മുടെ ജീവിതത്തെ ചിലപ്പോൾ തകർത്തുകളയും. എങ്ങനെയാണ് ഒരു തീരുമാനം എടുക്കേണ്ടത്? ഇന്ന് പലരും നേരിടുന്ന ഒരു പ്രശ്നമാണിത്. നാം ജീവിതത്തിൽ എടുത്തിട്ടുള്ള പല തീരുമാനങ്ങളും നമ്മുടെ ആശയമായിരിക്കില്ല. മറ്റുപലരുടെയും ചിന്തകളും ആശയങ്ങളും നമ്മിലൂടെ നടപ്പിലാക്കി എന്നുമാത്രം. ഇങ്ങനെ മറ്റുള്ളവരുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്ന ഒരു പാവയായി നാം മാറരുത്.

അപാരശക്തിയുള്ള ഒരു സംഗതി തലയിലേറിയാണ് നാം ഓരോരുത്തരും നടക്കുന്നത്. അതിന്റെ പ്രവർത്തനത്തെപ്പറ്റി ഒന്ന് ചിന്തിച്ചു നോക്കുക. ലോകത്തിലെ ഏറ്റവും വലിയ അത്ഭുതമാണ് നമ്മുടെ ബ്രെയിൻ. ഇതിന്റെ ശക്തിയുടെ വെറും അഞ്ചോ ആറോ ശതമാനം മാത്രമേ നാം ഉപയോഗിക്കുന്നുള്ളു. ഇത് ഒരു ശതമാനമെങ്കിലും കൂടുതൽ ഉപയോഗിക്കാൻ സാധിച്ചാൽ നാമൊക്കെ ഓരോ സംഭവങ്ങളായി മാറും. ജീവിതത്തിൽ നാം ഓരോ പ്രശ്നങ്ങൾ നേരിടുമ്പോൾ നമ്മുടെ ബ്രെയിൻ പലപ്പോഴും ഉപയോഗിക്കാറില്ല. ഉപയോഗമില്ലാത്തതുകൊണ്ട് 'പൂപ്പലും പൊടിയും പിടിച്ച്' കിടക്കുകയാണ് പലരുടെയും ബ്രയിൻ.

പലരുടെയും വിചാരം ഉപയോഗിച്ചുകഴിഞ്ഞാൽ ഇത് തേഞ്ഞുപോകും എന്നാണ്. അതുകൊണ്ട് സ്വന്തം ബ്രെയിൻ സുരക്ഷിതമാക്കി വച്ചുകൊണ്ട് നമുക്ക് പ്രശ്നം വരുമ്പോൾ നാം മറ്റുള്ളവരുടെ ഉപദേശം തേടുന്നു. അവർ കാര്യങ്ങൾ ഗഹനമായി പഠിക്കാതെ എന്തെങ്കിലുമൊക്കെ അഭിപ്രായവും ഉപദേശവും തരും. നാം അതനുസരിച്ച് പ്രവർത്തിക്കും. കുറെ കഴിയുമ്പോഴാണ് മനസ്സിലാകുന്നത് അവരുടെ അഭിപ്രായപ്രകാരം ചെയ്തതുകൊണ്ട് വഴിയാധാരമായി എന്ന്. അപ്പോൾ അവനെ കുറ്റപ്പെടുത്തും., ശപിക്കും. എന്നിട്ടെന്തുകാര്യം? നഷ്ടപ്പെടാനുള്ളത് നമുക്ക് നഷ്ടപ്പെട്ടു. മറ്റുള്ളവരുടെ തീരുമാനങ്ങൾ കണ്ണുമടച്ച് നടപ്പാക്കുന്നവരാകില്ല നിങ്ങൾ എന്ന് ആദ്യമായി സ്വയം തീരുമാനമെടുക്കുക. എങ്ങിനെയാണ് ശരിയായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്? നിങ്ങളുടെ മുന്നിൽ ഒരു പ്രശ്നം വരുമ്പോൾ ആ പ്രശ്നവുമായി നിങ്ങൾ പലവഴിയേ പോവുക. ആ പ്രശ്നം പല ആംഗിളിൽ അനലൈസ് ചെയ്യുക. ഓരോ വഴിയേ മനസ്സിനെ കൊണ്ടുപോയി ആ വഴിയിലെ ഗുണങ്ങളും ദോഷങ്ങളുമെല്ലാം മനസ്സിൽ കാണുക. അപ്പോൾ അത് സംബന്ധിച്ച് പല സംശയങ്ങളും നിങ്ങളുടെ മനസ്സിൽ ഉയർന്നുവരും. ആ സംശയങ്ങൾക്ക് ആധികാരികമായി മറുപടി പറയാൻ പറ്റുന്നവരോട് ചോദിച്ച് ആ വഴിയുടെ ഗുണദോഷങ്ങൾ പഠിക്കുക. നിയമപരമായ സംശയം വക്കീലിനോടും, മെഡിക്കൽ സംബന്ധമായത് ഡോക്ടറോടും ചോദിക്കുക – തിരിച്ചാകരുത്. അതായത് സംശയങ്ങൾക്ക് ആധികാരികമായി മറുപടി നൽകാൻ പ്രാപ്തരായവരോട് മാത്രം ചോദിച്ച് മനസ്സിലാക്കുക. ഇങ്ങനെ ഈ വിഷയവുമായി കുറഞ്ഞത് പത്തുവഴിയെങ്കിലും പോവുക. ഓരോ വഴിയുടെയും ഗുണദോഷങ്ങൾ ആധികാരികമായി നാം പഠിച്ചു തിരിച്ചുവന്ന് ഞാൻ എന്ന വ്യക്തിയെ ഈ ലോകത്ത് ഏറ്റവും കൂടുതലായി അറിയാവുന്നത് ആർക്കാണ്, ചിന്തിക്കുക, അത് മറ്റാർക്കുമല്ല, നിനക്കുതന്നെയാണ്.

നിന്റെ കഴിവുകളും, കഴിവുകേടുകളും മറ്റ് എല്ലാ അവസ്ഥകളും നിനക്കറിയാവുന്നതുപോലെ മറ്റാർക്കും ഈ ലോകത്ത് അറിയില്ല. ഞാൻ എന്ന വ്യക്തിക്ക് ഇതിൽ ഏത് വഴിയാണ് അനുയോജ്യം എന്ന് സ്വയം തീരുമാനിച്ച് ഒരു വഴി തെരഞ്ഞെടുത്താൽ ആ വഴി ഒരിക്കലും തെറ്റില്ല. അല്ലാതെ ആരെങ്കിലും എന്തെങ്കിലും പറയുന്നതു കേട്ട് ഒരു തീരുമാനം എടുത്താൽ ചിലപ്പോൾ അത് നിങ്ങളുടെ ജീവിതംതന്നെ തകർത്തുകളഞ്ഞേക്കാം.

അതുപോലെ പെട്ടന്നുള്ള ആവേശത്തിന്, അരിശത്തിന് നാം എടുക്കുന്ന തീരുമാനവും ചിലപ്പോൾ നമ്മെ തകർത്തുകളഞ്ഞെന്നിരിക്കും. പെട്ടെന്നുള്ള ആവേശത്തിന് അല്ലെങ്കിൽ അരിശത്തിന് തീരുമാനമെടുക്കുന്നതിനുമുമ്പ് ഒന്നുമുതൽ അഞ്ചുവരെ എണ്ണുക. അരുതാത്ത തീരുമാനങ്ങളിൽ നിന്ന് നിങ്ങൾ സ്വയം പിന്മാറും. പെട്ടെന്നുള്ള ആവേശത്തിൽ എടുത്തുചാടി യാതൊരുവിധ ക്രിമിനൽ പശ്ചാത്തലമില്ലാത്ത പലരും ഇന്ന് കൊലപാതകക്കേസിൽ വരെ പ്രതിയാകുന്നുണ്ട്.

ഏതാനും നാളുകൾക്കുമുമ്പ് ചെന്നൈയിൽ ഉണ്ടായ സംഭവം നാമെല്ലാം അറിഞ്ഞതാണല്ലോ. തന്റെ വീട്ടുവളപ്പിൽ കളിക്കാൻ കയറിയ കുട്ടികളുടെ നേരെ ഒരു കേണൽ വെടിവച്ചു. ഒരു കുട്ടി മരിച്ചു. കേണൽ ഇന്ന് ജയിലിൽ. പെട്ടെന്ന് ഒരു നിമിഷത്തിലുണ്ടായ അരിശം മാത്രമാണ് കേണലിനെക്കൊണ്ട് ഈ പാതകം ചെയ്യിച്ചത്.

ഏതാനും വർഷങ്ങൾക്കുമുൻപ് അമേരിക്കയ്ക്കു പോകുവാൻ വിസായ്ക്കുവേണ്ടിയുള്ള ഇന്റർവ്യൂവിന് മദ്രാസ് എംബസിയിൽ ക്യൂവിൽ നിൽക്കുമ്പോൾ എന്റെ ഇടതുവശത്തായി ഉള്ള ക്യൂവിൽ നിന്ന കൊല്ലംകാരനായ ഒരു യുവാവ് ഇന്റർവ്യൂവിൽ വിസായ്ക്ക് അനുവാദം ലഭിച്ചു എന്നറിഞ്ഞ സന്തോഷത്തിൽ ഇന്റർവ്യൂ ചെയ്ത സായിപ്പിന്റെ മുന്നിൽവച്ചുതന്നെ സന്തോഷം കൊണ്ട് 'ഹായ് ഹായ്' എന്നുപറഞ്ഞൊരു തുള്ളിച്ചാട്ടം. സായിപ്പിന് അതൊട്ടും പിടിച്ചില്ല. സായ്പ് ഉടൻ പാസ്പോർട്ട് തിരിച്ചുവാങ്ങി ക്യാൻസൽ ചെയ്തുകൊടുത്തു. പത്തുപേരിൽ ഒന്നോ രണ്ടോ പേർക്കായിരിക്കും സാധാരണ ഇന്റർവ്യൂവിൽ വിസയ്ക്ക് അനുവാദം ലഭിക്കുന്നത്. അതിന് താൻ അർഹനായി എന്നറിഞ്ഞപ്പോൾ പരിസരം മറന്ന് പെട്ടന്നുള്ള ആവേശത്തിൽ പ്രതികരിച്ചതാണ് ഈ യുവാവിന് പറ്റിയ അബദ്ധം.

പോലീസ് ഓഫീസേഴ്സിനുള്ള ക്ലാസ്സിൽ ഞാൻ എപ്പോഴും പറയാറുണ്ട്, നിങ്ങളുടെ മുൻപിൽ വരുന്ന പ്രശ്നങ്ങളിൽ എൺപതു ശതമാനവും മാന്യമായ വാക്കുകൾകൊണ്ടും, പിന്നീടുള്ള പത്ത് ശതമാനം ചൂണ്ടുവിരൽ കൊണ്ടും തീർക്കാം; പിന്നീടു മതി ലാത്തിയെടുക്കലും തോക്കെടുക്കലും. ഇതുപോലെതന്നെ തീർക്കാവുന്നതേയുള്ളു നിത്യജീവിതത്തിലെ ഓരോ പ്രശ്നവും. അവസാനമെടുക്കേണ്ടത് ആദ്യം എടുത്ത് പ്രയോഗിച്ചാൽ പിന്നെ മുമ്പോട്ടുപോകുവാൻ നിങ്ങളുടെ മുൻപിൽ വഴിയുണ്ടാകില്ല.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഒരു വിശ്വാസി, തിരുമൂലപുരം**



"Over the past 59 years at the Bar, I have come to realize that justice is elusive, sometimes unpredictable and often unsatisfying."
Before Memory Fades...

**Fali Sam Nariman**
**Advocate**

# ഓർമ്മ മാഞ്ഞുപോകും മുമ്പ്




**ഫാ. യൽദോ മോഴശേരിൽ**

ഫാലി സാം നരിമാൻ, ഇന്ത്യ കണ്ടിട്ടുള്ള ഏറ്റവും പ്രതിഭാശാലിയായ അഭിഭാഷകനാണ്. സമുന്നത സ്ഥാനം വഹിക്കുന്ന ഇന്ത്യൻ ഭരണഘടനാ നിയമ വിദഗ്ദ്ധൻ. 1971 മുതൽ പരമോന്നത നീതിപീഠത്തിൽ മുതിർന്ന അഭിഭാഷകനായി പ്രവർത്തിക്കുന്നു. 1991 മുതൽ ബാർ അസ്സോസിയേഷന്റെ അദ്ധ്യക്ഷൻ, അദ്ദേഹം അന്തർദേശീയ തലത്തിലുള്ള നിയമപരമായ മാദ്ധ്യസ്ഥതകൾ വഹിക്കുന്ന കാര്യങ്ങളിൽ നിപുണൻ. ഒരു അഭിഭാഷകൻ എന്ന നിലയിൽ വളരെ പ്രമാദമായ കേസുകളും വാദിച്ച വ്യക്തി. എല്ലാ മേഖലകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വം. വിരമിക്കാൻ തയ്യാറാകാത്ത മനസ്സുള്ള കരുത്തനായ ഈ അഭിഭാഷകൻ നമുക്ക് പ്രചോദനമാണ്.

ഭാരതസർക്കാർ അദ്ദേഹത്തിന്റെ സംഭാവനകളെ അംഗീകരിക്കുകയും പരമോന്നത അംഗീകാരമായ പദ്മഭൂഷൺ (1991), പദ്മവിഭൂഷൺ (2007) എന്നിവ നൽകി ആദരിച്ചു. 2002-ൽ ഗ്രുബർ പ്രൈസ് ഫോർ ജസ്റ്റിസ് അദ്ദേഹത്തെ തേടിയെത്തി. NDTV അദ്ദേഹത്തെ ഇരുപത്തിയഞ്ച് ജീവിച്ചിരിക്കുന്ന ഇന്ത്യൻ ഇതിഹാസങ്ങളിൽ ഒരാളായി തെരഞ്ഞെടുത്തു. അദ്ദേഹം അഡീഷണൽ സോളിസിറ്റർ ജനറലായും ചുമതല നിർവഹിച്ചിട്ടുണ്ട്. അദ്ദേഹം രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം കൂടിയാണ്.

ഒരു വ്യക്തിയുടെ ജീവിതത്തിൽ അദ്ദേഹം വളർന്ന സ്ഥലവും വിദ്യ നേടിയ സ്ഥാപനവും ചെലുത്തുന്ന സ്വാധീനം വലുതാണ്. ഫാലി ജനിച്ചത് ബ്രിട്ടീഷ് ഇന്ത്യയിൽ 1929-ൽ ആണ്. ഇപ്പോഴത്തെ മ്യാൻമാർ

അന്ന് അറിയപ്പെട്ടിരുന്നത് ബർമ എന്നാണ്. ബർമയുടെ തലസ്ഥാനമായ റൻഗൂണിലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ സാം ബറിയാംജി നരിമാനും ബാനോ നരിമാനും വലിയ സ്വാധീനം അദ്ദേഹത്തിന്റെ ജീവിതത്തിൽ ചെലുത്തി. അദ്ദേഹം ക്രിസ്ത്യൻ സ്കൂളിലാണ് പ്രധാനമായും വിദ്യ നേടിയത്. പ്രാഥമിക വിദ്യാഭ്യാസം ബിഷപ്പ് കോട്ടൺ സ്കൂൾ, ഷിംലയിലും, കോളജ് വിദ്യാഭ്യാസം, സെന്റ് സേവ്യേഴ്സ് കോളജ്, ബോംബെയിലും, എൽ.എൽ.ബി. പഠനം ഗവൺമെന്റ് ലോ കോളജ് ബോംബെയിലായിരുന്നു. അദ്ദേഹം തന്റെ ആത്മകഥയിൽ തന്റെ ഗുരുക്കന്മാരെ ആദരവോടെ ഓർക്കുകയും, തനിക്ക് ലഭിച്ച നന്മകൾക്ക് അവരെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ തലങ്ങളിൽ ക്രിസ്ത്യൻ സഭകൾക്കുള്ള സ്ഥാനം അദ്ദേഹം എടുത്തുപറയുന്നുണ്ട്. തന്റെ ബാല്യകാല സ്മരണകളിൽ ബിഷപ്പ് കോട്ടൺ സ്കൂൾ, ഷിംലയും ബിരുദപഠനകാലത്ത് സെന്റ് സേവ്യേഴ്സും അദ്ദേഹത്തിന്റെ ഓർമ്മകളിൽ സജീവമാണ്. ഈശോസഭയിലെ വൈദികരുടെ പ്രഭാവം അദ്ദേഹത്തിന് മറക്കാൻ കഴിയുന്നതല്ല. കത്തോലിക്ക വൈദികരുടെ ബുദ്ധിവൈഭവത്തെ അദ്ദേഹം എടുത്ത് പറയുന്നുണ്ട്. അവരെക്കുറിച്ചുള്ള സ്മരണകൾ ഹൃദയമായി അദ്ദേഹം ഓർത്തുവയ്ക്കുന്നുണ്ട്. തന്റെ ആത്മകഥയിൽ "The hall mark of a great educational institution is whether after more than 50 years you can still remember with gratitude those who taught you. I can and I do. I recall with admiration and affection three outstanding teachers of my time. Rev. Father Duhr, SJ Rev. Father Heras SJ, and Rev. Father Gense, SJ..."(Before Memory Fades R.P. 20-21).




തന്റെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത് ബോംബെ ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്തുകൊണ്ടാണ്. ഇരുപത്തിരണ്ട് വർഷങ്ങൾ അഭിഭാഷകനായി പ്രവർത്തിച്ച ശേഷം അദ്ദേഹം സുപ്രീംകോടതിയിൽ മുതിർന്ന അഭിഭാഷകനായി 1971–ൽ നിയമിതനായി. തന്റെ അഭിഭാഷക ജീവിതത്തിൽ ജംഷേഡ്ജി കംഗ എന്ന അഭിഭാഷകനെ ഗുരുവായി ലഭിച്ചത് തന്റെ ഭാഗ്യമായി കരുതുന്നു എന്ന് ആത്മകഥയിൽ സാക്ഷിക്കുന്നു. അടുത്തയിടെ ഒരു പത്രത്തിന് നൽകിയ അഭിമുഖത്തിൽ താൻ പറഞ്ഞത് ഞാൻ ജയത്തെക്കാൾ തോൽവിയാണ് ഏറ്റുവാങ്ങിയിട്ടുള്ളത് എന്ന്. തന്റെ അഭിഭാഷക ജീവിതത്തിലെ കറുത്ത അദ്ധ്യായമായി കാണുന്നത് Union Carbide നുവേണ്ടി ഭോപാൽ ദുരന്തത്തിന്റെ കേസ് വാദിച്ചതാണ്. അന്ന് അദ്ദേഹത്തിന് അനവധി വിമർശനങ്ങൾ കേൾക്കേണ്ടിവന്നു.

ഫാലി വളരെ സ്നേഹത്തോടെ ആണ് എല്ലാ മതങ്ങളെയും കാണുന്നത്. ഫാലി സൊറാസ്ട്രിയനിസം എന്ന മതവിഭാഗത്തിൽ ഉള്ള വിശ്വാസിയാണ്. അവർ പാർസികൾ എന്നും അറിയപ്പെടുന്നു. പാർസികളുടെ നാട് പേർഷ്യയാണ്. സൊറാസ്ട്രർ എന്ന പ്രവാചകനാണ് ഈ മതം 650 ബി.സി.യിൽ സ്ഥാപിച്ചത്. പേർഷ്യ ഇസ്ലാമിക രാജാക്കന്മാർ കീഴടക്കിയപ്പോൾ, ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് പലായനം ചെയ്തു. കുറച്ച് പാർസികൾ ഇന്ത്യയിലേക്കും പലായനം ചെയ്തു. പാർസികൾ ഏക ദൈവവിശ്വാസികളാണ്. ഇന്ന് ലോകത്തിൽ എവിടെയും ഇരുപത് ലക്ഷം വിശ്വാസികൾ മാത്രമേ ഉള്ളൂ. ഫാലി നരിമാൻ തന്റെ മതത്തെക്കുറിച്ച് പറയുന്നത് "But I like to think that it is because of our religion - a religion of good morals which parsi Zoraostians find difficult to explain but easy to live by".

നരിമാന്റെ ജീവിതത്തെ മതപരമായി സ്വാധീനിച്ച വ്യക്തികൾ ദലൈലാമയും, മദർ തെരേസയും ആണ്. ദലൈ ലാമയുടെ എളിമയും, മദർ തെരേസയുടെ കാരുണ്യ പ്രവർത്തനങ്ങളും അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചു.

അദ്ദേഹം രചിച്ച രണ്ടാമത്തെ പുസ്തകമായ "The state of the Nation" പറയുന്നത് നിയമത്തിന്റെ നല്ല വശങ്ങളും തിന്മ വശങ്ങളുമാണ്. നീതി എല്ലാ സാഹചര്യങ്ങളിലും നടപ്പാക്കപ്പെടുന്നില്ല എന്ന് നരിമാൻ സമ്മതിക്കുന്നു. നിയമത്തെ കുറിച്ചുള്ള അറിവില്ലായ്മയും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അദ്ദേഹം പറയുന്നത്, The profession of law (that includes Lawyers and judges) is one in which there is still very little transparency. When enacted laws are abstruse and

unclear, we lawyers do little or nothing to educate the public about them."

കഴിഞ്ഞ വർഷം ഫാലി എസ് നരിമാൻ ന്യൂസിൽ നിറഞ്ഞിരുന്നു. ഭയപ്പെടാതെ സാക്ഷ്യം നൽകുന്ന വ്യക്തിയാണ് അദ്ദേഹം. ന്യൂനപക്ഷസമുദായങ്ങൾക്ക് വേണ്ടി സംസാരിക്കുവാൻ അദ്ദേഹം എപ്പോഴും സന്നദ്ധൻ ആണ്. National Commission for Minorities ന്റെ 7–ാമത്തെ Annual Lecture 2014 –ൽ Minorities at Cross Roads: Comments on Judicial pronouncements" എന്ന വിഷയത്തിൽ ധീരമായി അദ്ദേഹം പറഞ്ഞത് ന്യൂനപക്ഷങ്ങൾ നേരിടുന്ന ഗുരുതരപ്രശ്നങ്ങളെ സംബന്ധിച്ചാണ്. Nariman said he argued that the 'majority government at the centre' had done nothing to stop the recent repeated tirades by individuals or groups against members of minority communities.

ഭൂരിപക്ഷ സമുദായത്തോട് അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്.

"Nariman began the lecture by saying that he welcomed the single - party majority government at the centre but also feared it because of 'past experience with majoritarian government. Nariman said Hindustan has traditionally been the most tolerant of all Indian faiths. But recurrent instances of religious tension fanned by fanaticism and hate speech has shown that the Hindu tradition of tolerance is showing signs of strain. And let me say this frankly my apprehension is that Hinduism is somehow changing its benign face because, and only because it is believed and proudly proclaimed by a few that it is because of their faith and belief that Hindus have been now put in the driving seat of governance."

ഫാലി എസ്. നരിമാന് വിശ്രമജീവിതമില്ല. താൻ പഠിച്ചതും അനുഭവത്തിലൂടെ മനസ്സിലാക്കിയതും ആയ കാര്യങ്ങൾ ലോകത്തിന് നൽകിക്കൊണ്ടിരിക്കുകയാണ്. ഭയം കൂടാതെ, എല്ലാം നഷ്ടമാകും എന്ന ചിന്തയില്ലാതെ തുറന്ന സംസാരിക്കുന്ന ഈ അഭിഭാഷകൻ നീതിക്ക് വേണ്ടിയും സമാധാനത്തിന് വേണ്ടിയും തീക്ഷ്ണമായി പ്രവർത്തിക്കുന്ന ഫാലി എസ്. നരിമാൻ നീതിവ്യവസ്ഥയ്ക്ക് മാതൃകയാണ്.



*മല്ലപ്പള്ളി സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട ബനഡിക്ട് മാർ ഗ്രിഗോറിയോസ് സ്മാരക പ്രഭാഷണം*



*ത്രിതല പഞ്ചായത്ത് മത്സരത്തിൽ തിരുവല്ല അതിരൂപതയിൽ നിന്ന് വിജയിച്ചവർക്ക് നല്കിയ സ്വീകരണം*

## ഇടയശബ്ദം (5 – ാം പേജ് തുടർച്ച)

ട്ടിരുന്നില്ല (എഫേ 3:5). "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ രീതികളിൽ ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. (ഹെബ്ര.1:1). ദൈവിക വെളിപാട് ഉരുത്തിരിയുന്ന വഴികൾ അനാവൃതമാകുന്നത് ശ്രദ്ധേയമാണ്. പ്രവാചകന്മാരുടെ വെളിപ്പെടുത്തലുകളിൽ ദൈവത്തിന്റെ സ്വഭാവം കുറേക്കൂടി വ്യക്തമായിത്തീർന്നു. എന്നാൽ ദൈവികവെളിപാടിന്റെ പൂർണ്ണത ഇനിയും കൈവരേണ്ടിയിരുന്നു. അതിന്റെ ആവിർഭാവത്തെപ്പറ്റിയും പൂർണ്ണതയെപ്പറ്റിയും ഹെബ്രായലേഖകന്റെ വെളിപാട് ശ്രദ്ധിക്കുക: "എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി ദൈവം നമ്മോട് സംസാരിച്ചിരിക്കുന്നു. അവൻ അവിടുത്തെ മഹത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയുമാണ്" (ഹെബ്ര. 1:2,3). ദൈവത്തെപ്പറ്റി അറിയേണ്ടത് മുഴുവൻ പുത്രൻ തമ്പുരാൻ നമ്മോട് വെളിപ്പെടുത്തി. പൂർവ്വകാലങ്ങളിലെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ വേണം ഇത് മനസ്സിലാക്കുവാൻ. ദൈവത്തിന്റെ അടിസ്ഥാന സ്വഭാവം സ്നേഹമാണെന്നും അവിടുന്ന് ബലിയല്ല, കരുണയാണ് ആഗ്രഹിക്കുന്നതെന്നുമുള്ള ആത്യന്തികവെളിപാടു ദൈവപുത്രൻ തന്നെ നമുക്ക് നൽകുന്നു. നിയമങ്ങളും ചട്ടങ്ങളും പാരമ്പര്യങ്ങളും അർത്ഥമുള്ളവതന്നെ. എന്നാൽ അവയെ മനസ്സിലാക്കുവാനും വ്യാഖ്യാനിക്കുവാനുമുള്ള സങ്കേതം ദൈവത്തിന്റെ സ്നേഹവും കരുണയുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടുന്നതിന് ആമുഖമായി സഭയുടെ ഇക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ എടുത്തുപറഞ്ഞിട്ടുള്ള ഒരു കാര്യം ശ്രദ്ധേയമാണ്. ക്രിസ്തുവിന്റെ മണവാട്ടി ഇപ്പോൾ കാരുണ്യത്തിന്റെ ഔഷധം ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. പ്രതിസന്ധികളുടെയും നിരന്തര പീഡനങ്ങളുടെയും ഒറ്റപ്പെടുത്തലുകളുടെയും അന്യായമായ ആരോപണങ്ങളുടെയും നടുവിലും കാരുണ്യത്തിന്റെ മുഖം പ്രകാശിപ്പിക്കുവാൻ തിരുസഭ പ്രതിജ്ഞാബദ്ധയാണെന്നാണ് സഭാനൗകയുടെ കപ്പിത്താൻ തരുന്ന സന്ദേശം. ഇത് തേനൂറുന്ന വെറും വാക്കല്ല. ജീവിതം വഴി മാതൃക കാണിക്കുകയും സാധൂകരിക്കുകയും ചെയ്യുന്ന തന്റെ ജീവിത സാക്ഷ്യമത്രേ. ദൈവജനത്തിന് ലഭിച്ച അമൂല്യ നിധിപേടകമായ രണ്ടാം വത്തിക്കാൻ സാർവ്വത്രിക സുന്നഹദോസാകട്ടെ അതിന്റെ മൂർത്തമായ സാക്ഷ്യവും. തിരുസഭയ്ക്ക് മുഖകാന്തിയേകുന്ന അനേകം കാരുണ്യപ്രവർത്തനങ്ങൾക്ക് ബീജാവാപം ചെയ്യുവാൻ ആ നേതൃത്വത്തിലൂടെ കഴിഞ്ഞു എന്നത് അരനൂറ്റാണ്ടിനുശേഷവും നാം തിരിച്ചറിയുന്നു. "കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്ക് കരുണ ലഭിക്കും" (മത്തായി 5:7) എന്ന ഗിരിപ്രഭാഷണ സന്ദേശം നമുക്ക് പ്രചോദനമാകട്ടെ. തങ്ങൾക്ക് കരുണ ലഭിക്കണമെന്ന് മനുഷ്യർ പൊതുവിൽ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുമെങ്കിലും കരുണ കൊടുക്കുന്ന കാര്യത്തിൽ കാര്യമായി ശ്രദ്ധിക്കാറില്ല എന്നത് ഇന്നിന്റെ ഒരു വിരോധാഭാസം ആണ്. തനിക്ക് ഏറെ ഇളവു ലഭിച്ചിട്ടും, ലഘുവായ ഒരു ഇളവുപോലും തന്റെ സഹസേവകന് നൽകാത്ത സേവകനെ എത്ര തീവ്രമായ ഭാഷയിൽ ആണ് യേശുനാഥൻ ശാസിക്കുന്നതെന്നും തിരുത്തുന്നതെന്നും മനസ്സിലാക്കുക. നമ്മുടെ ജീവിതം സുന്ദരമാകുന്നത് സഹജീവികളോട് കരുണ കാണിക്കുമ്പോഴാണ്. പ്രത്യാശയുള്ളവർക്ക് മാത്രമെ കരുണയുള്ളവരാകാൻ കഴിയൂ. അഹങ്കാരവും പിടിവാശിയും അബദ്ധധാരണകളും നമ്മുടെ വ്യക്തിത്വത്തിന് ഇടിവു വരുത്തുന്നു. മനുഷ്യമഹത്വത്തിൽനിന്നു നമ്മെ താഴ്ത്തുന്നു. ദൈവം തന്ന ഔന്നത്യത്തിന്റെ പൂജനീയ ഭാവങ്ങൾ സദാപ്രോജ്ജ്വലിപ്പിക്കുമ്പോഴാണ് മനുഷ്യമഹത്വം സംജാതമാകുക. അങ്ങനെയാണ് കരുണാമയനായ ദൈവത്തിന്റെ മുഖം ശോഭാമയമാകുന്നത്, അതു വഴിയാണ് കരുണയുള്ള പിതാവിന്റെ യഥാർത്ഥ മക്കളാകുന്നതും.



നമ്മുടെ കുടുംബങ്ങളിൽ കരുണയുടെ സംസ്കാരം രൂപപ്പെടുത്തുവാൻ നമുക്ക് ശ്രമിക്കാം. തീർച്ചയായും ക്ഷമയെന്ന പരിചയാണ് അതിനുള്ള പ്രധാന ആയുധം. വിശ്വപ്രസിദ്ധ സുവിശേഷ പ്രസംഗകനായ ബില്ലി ഗ്രഹാം പറയുമായിരുന്നു, നാൻസിയുമായുള്ള അദ്ദേഹത്തിന്റെ വിവാഹബന്ധം സുദൃഢമാകുവാൻ കാരണം, അവർ രണ്ടുപേരും നന്നായി ക്ഷമിക്കുന്ന വ്യക്തിത്വങ്ങളായതുകൊണ്ടാണെന്ന്. കുടുംബബന്ധങ്ങൾ ശക്തമാക്കണമെന്ന ആഗ്രഹത്തോടെയാവണം ഭാര്യാഭർത്താക്കന്മാർ ഇടപെടുവാൻ. അതിനായി എന്തു വിട്ടുവീഴ്ചചെയ്യാനും അവർ സന്നദ്ധരാകണം. പിടിവാശി പാടില്ല. അത് നമ്മെ തോല്പിക്കും. അതിനുള്ള വിളിയും നിയോഗവുമാണ് വിവാഹകൂദാശയിൽ ദമ്പതികൾ ഭരമേൽക്കുന്നത്. അതുപോലെ ഭവനത്തിലെ പ്രായമായവരും കിടപ്പുരോഗികളും ഭിന്നശേഷിയുള്ളവരും നമ്മുടെ കാരുണ്യത്തിന്റെ പ്രധാന സ്വീകർത്താക്കൾ ആവണം. ഓരോ കുടുംബത്തിനും അതതിന്റേതായ വേദനകളും കുരിശുകളും ഉണ്ട്. എന്നാൽ അവയെ അനുഗ്രഹത്തിന്റെ ഉറവുകളായി കരുതിയാൽ, ഏറെ നന്മകൾ കൊയ്യുവാനും കുടുംബത്തിന് ആത്മീക അനുഗ്രഹങ്ങൾ ശേഖരിക്കുവാനും കഴിയും.

വ്യക്തിപരമായി കരുണയുടെ അനുഭവം സ്വന്ത


മാക്കുന്ന മറ്റൊരു സന്ദർഭം ആണ് കടംകൊടുക്കുന്ന അവസരം. നമ്മുടെ പല ഇടവകകളിലും കുടുംബ ങ്ങൾ തമ്മിൽ വേണ്ടത്ര സ്നേഹവും പങ്കുവയ്ക്കലും സംസർഗ്ഗവും ഇല്ലെന്ന കാര്യം ഏറെ വേദനയോടെ തിരിച്ചറിയുന്നു. നിസ്സാരകാര്യങ്ങൾക്കുവേണ്ടി സഹോദരങ്ങളും കുടുംബാംഗങ്ങളും ഇടവകാംഗ ങ്ങളും അയൽക്കാരും തമ്മിൽ കലഹിച്ചുകഴിയുന്ന ദുഃഖകരമായ അനുഭവം നാം പരിഹരിക്കണം. വിദ്വേ ഷത്തിന്റെയും വെറുപ്പിന്റെയും ബീജങ്ങൾ മുളയിലേ നുള്ളിക്കളയണം. അതുവഴി ശത്രുക്കളുടെ തലയിൽ തീ കോരി ഇടുമെന്ന് ശ്ലീഹ പഠിപ്പിക്കുന്നു (റോമ. 12:20). ദൈവികസുകൃതങ്ങളായ സ്നേഹവും വിശ്വാ സവും പ്രത്യാശയും കൈമുതലായിട്ടുള്ള ഒരുവന് മാത്രമെ ക്ഷമകൊടുക്കുവാൻ കഴിയൂ. പൂർവ്വപിതാ വായ യൗസേപ്പിന്റെ മാതൃക നമുക്ക് വലിയ പ്രചോ ദനമാണ്: "നിങ്ങൾ എനിക്ക് തിന്മചെയ്തു. പക്ഷേ ദൈവം അത് നന്മയായി മാറ്റി." (ഉല്പ.50:19-21). ദൈവപരിപാലനയെ തിരിച്ചറിയുന്ന വിധമാണ് അത്. ഏറെ ഹ്രസ്വമായ നമ്മുടെ ജീവിതത്തിൽ നാളെക ളിലേക്ക് - വരും തലമുറകളിലേക്ക് - എന്തിന് പകയും ക്രോധവും സൂക്ഷിച്ചുവയ്ക്കണം? മനഃസാ ക്ഷിയെ ശുദ്ധമാക്കി നമ്മുടെ ദിനങ്ങൾ ദൈവസ്നേ ഹത്തിൽ ചെലവഴിക്കാൻ കരുണയുടെ ജൂബിലി വർഷം നമുക്ക് തുടക്കം കുറിക്കാം.

കരുണയുടെ ജൂബിലി വർഷത്തിൽ ഏറെ പ്രസ ക്തമായ മറ്റൊന്നാണ് കാരുണ്യപ്രവർത്തികൾ. നമുക്ക് ചുറ്റും ആവശ്യങ്ങളുടെയും അത്യാവശ്യങ്ങ ളുടെയും പട്ടിക നീണ്ടുകിടക്കുമ്പോൾ ആർഭാടങ്ങ ളിൽ മുഴുകുവാനും, സഹായഹസ്തം നീട്ടേണ്ടിവ രുമ്പോൾ നിസംഗരും നിർനിമേഷരുമായി നോക്കി നിൽക്കുവാനും നമുക്കെങ്ങനെ സാധിക്കും? തടവിൽ കഴിയുന്നവരും അഭയാർത്ഥികളും അവരുടെ പരി ത്യക്തകുടുംബങ്ങളും നമ്മുടെ സവിശേഷശ്രദ്ധയ്ക്ക് വിഷയമാകണമെന്നത് പരിശുദ്ധ പിതാവിന്റെ പ്രത്യേക ആഹ്വാനമാണ്. ജീസസ് ഫ്രട്ടേണിറ്റി എന്ന തടവറ പ്രേഷിതത്വം സഭയിലെ സവിശേഷമായ മിനി സ്ട്രിയാണ്. സന്ദർശനം കൊണ്ടും പ്രാർത്ഥന കൊണ്ടും മറ്റു സഹായങ്ങൾകൊണ്ടും ഈ ശുശ്രൂ ഷയിൽ സഹകരിക്കണം. അതുപോലെ നമ്മുടെ ഇട വക അതിർത്തികളിലെ ഭിന്നശേഷിയുള്ളവരുടെ (Mentally Challenged) കുടുംബാംഗങ്ങളെ ആവും വിധം സഹായിക്കുവാൻ നമുക്ക് കഴിയണം. വാർദ്ധ ക്യത്തിൽ മറവിയുടെ ലോകത്തേക്ക് വഴുതിവീഴുന്ന നിസഹായരെയും നിത്യരോഗത്തിന് അടിമകളായ വരെയും കണ്ടെത്തി അവരെ ആശ്വസിപ്പിക്കുവാനും അവരുടെ കുടുംബങ്ങൾക്ക് കഴിയുന്നത്ര പിന്തുണ കൊടുക്കുവാനും നമുക്ക് പരിശ്രമിക്കാം. വയോവൃ ദ്ധരും ഏകാകികളുമായി കുടുംബങ്ങളിലോ തനിച്ചോ കഴിയുന്നവരുടെകൂടെ ഒരു മണിക്കൂർ സമയം ഒന്നിച്ചു പ്രാർത്ഥിച്ചും സാന്ത്വനവചസ്സുക ളാൽ ആശ്വസിപ്പിച്ചും കഴിയുന്നത് ദൈവസന്നിധി യിൽ വിലയേറിയ മനോഗുണപ്രവൃത്തി തന്നെ. ദിവ്യ കാരുണ്യ സന്നിധിയിൽ ഒരുമണിക്കൂർ പ്രാർത്ഥനാ നിരതരായിരിക്കുന്നതുപോലെ തന്നെ ഇതും ദൈവ ത്തിന് പ്രീതികരമത്രേ. മാതൃസമാജാംഗങ്ങൾക്കും ലീജൻ ഓഫ് മേരി അംഗങ്ങൾക്കും സെന്റ് വിൻസെന്റ് ഡീ പോൾ സഖ്യാംഗങ്ങൾക്കും അനു യോജ്യമായ ഒരു പ്രേഷിത പ്രവർത്തനമേഖലയാ ണിത് എന്ന് അനുസ്മരിപ്പിക്കട്ടെ.

നമ്മുടെ ഇടവകയിലെ പെരുന്നാൾ ആഘോഷ ങ്ങളും, കുടുംബങ്ങളിലെ വിവിധ ആഘോഷങ്ങളും അവയോടനുബന്ധിച്ച സൽക്കാരങ്ങളും പരമാവധി ചിലവുചുരുക്കി നടത്തി കാരുണ്യപ്രവൃത്തികൾക്ക് ആവശ്യമായ ധനശേഖരണം നടത്തുവാൻ പരിശ്ര മിക്കണം.

നാം അല്പം ശ്രദ്ധയും കരുതലും കാണിച്ചാൽ നമുക്കുചുറ്റുപാടും നമുക്കുതന്നെയും എത്രമാത്രം വ്യതിയാനം വരുത്തുവാൻ കഴിയും? എത്രയേറെ പ്രകാശം പരത്തുവാൻ കഴിയും? ജൂബിലിവർഷം ദൈവം നമുക്ക് കനിഞ്ഞ് നൽകിയിരിക്കുന്ന അനു ഗ്രഹിക്കപ്പെട്ട ഒരു കാലയളവാണ്. ഇതാ സുപ്രസാ ദകാലം, ഇതാ രക്ഷയുടെ സമയം (2കൊരി 6:2) നമ്മുടെ കർത്താവിന്റെ കരുണയുടെ മുഖം കൂടു തൽ തെളിമയുള്ളതാക്കാൻ നമുക്ക് ശ്രദ്ധിക്കാം. നമ്മുടെ കർത്താവിന്റെ തിരുവചനങ്ങൾ വായിക്കു വാൻ സാധിക്കാത്തവർ ഒരുപക്ഷേ വായിച്ചേക്കാ വുന്ന ഒരേയൊരു ബൈബിൾ നമ്മുടെ വിശുദ്ധജീ വിതം ആകുന്നതുകൊണ്ട് അതീവ ശ്രദ്ധയോടെ നമുക്ക് ജീവിക്കാം. ഈ ജൂബിലി വർഷത്തിൽ നമ്മുടെ മനോഭാവങ്ങളും പെരുമാറ്റരീതികളും ജീവി തശൈലിതന്നെയും പുനഃക്രമീകരിക്കാം. അങ്ങനെ കാരുണ്യത്തിന്റെ വക്താക്കളായി മാറാം. കാരുണ്യം നൽകുകയും സ്വീകരിക്കുകയും ചെയ്ത് ധന്യത പ്രാപിക്കാം.

മിച്ചം വരുന്നത് പാവപ്പെട്ടവർക്ക് നൽകുന്നതല്ല കാരുണ്യം. എന്റെ സഹോദരൻ എന്ന ചിന്തയിൽ എനിക്കുള്ളത് പങ്കുവയ്ക്കുന്നതിലാണ് കാരുണ്യം അടങ്ങിയിരിക്കുന്നത്. അസഹിഷ്ണുതയുടെ ശൈലി ശക്തമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കാരുണ്യമാകുന്ന എണ്ണ മാത്രമെ പ്രതിവിധിയായി ട്ടുള്ളൂ എന്ന് നാം മനസ്സിലാക്കണം. ഇനിയും നന്മ നഷ്ടപ്പെട്ടിട്ടില്ലാത്ത സുമനസ്സുകളെ ചേർത്തുപിടിക്ക ണം. നമ്മുടെ കണ്ണുകളിൽ ആർദ്രതയും ഹൃദയ ത്തിൽ അനുകമ്പയും അധരങ്ങളിൽ തേൻമൊഴി കളും കരങ്ങളിൽ സാന്ത്വനസ്പർശവും പാദങ്ങളിൽ തിടുക്കവും പ്രകടമാകട്ടെ. കാരുണ്യവർഷം സ്വാർത്ഥത മുറ്റിനിൽക്കുന്ന കാലഘട്ടത്തിന്റെ ഉത്ത രമായി മാറട്ടെ. ക്രിസ്തുമസ് സുഹൃത്തിനെ എടു ക്കുന്നതുപോലെ ഓരോ കുടുംബവും കാരുണ്യ മർഹിക്കുന്ന ഭിന്നശേഷിയുള്ളവനെയോ, കിടപ്പുരോ ഗിയെയോ ഏറ്റെടുക്കണം. "കാരുണ്യ സുഹൃ ത്തായി" ആ വ്യക്തിതീരട്ടെ! കൂട്ടിരിക്കുവാനും സഹ യാത്രികനാകുവാനും സഹായിക്കുവാനും ഈ വർഷ മുള്ള സുഹൃത്തായി ആ വ്യക്തിതീരട്ടെ! എങ്കിൽ ഈ കാരുണ്യവർഷാചരണം എത്ര ഉദാത്തമായ കാരുണ്യാഘോഷമായി രൂപാന്തരം പ്രാപിക്കുകയി ല്ല. ഈ ജൂബിലി വർഷത്തിൽ ദൈവം നിങ്ങളെ സമൃ ദ്ധമായി അനുഗ്രഹിക്കട്ടെ.! ●



# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

## ജനുവരി 3
## യൽദായ്ക്കുശേഷം രണ്ടാം ഞായർ
## യോഹന്നാൻ 1:29 – 34
## ദൈവത്തിന്റെ കുഞ്ഞാട്

സ്നാപകൻ യേശുവിന് നൽകുന്ന ഒന്നാമത്തെ പേര് ദൈവത്തിന്റെ കുഞ്ഞാട് എന്നാണ്. രക്ഷകന്റെ തിരിച്ചറിയൽ കാർഡാണിത്. ഉല്പത്തിപ്പുസ്തകത്തിൽ ഒരു കുഞ്ഞിന്റെ ജീവനെ കൊലക്കത്തിയിൽനിന്നു രക്ഷിച്ചത് ഒരു കുഞ്ഞാടാണ്. രക്ഷകന്റെ സൂചനയായി ആ കുഞ്ഞാടിനെ സഭാപിതാക്കന്മാർ കാണുന്നു. അടിമത്ത ദേശത്തുനിന്നുള്ള രക്ഷപെടലിന്റെ പ്രതീകമായി പെസഹാകുഞ്ഞാടിനെക്കുറിച്ച് പുറപ്പാടിന്റെ പുസ്തകം വിവരിക്കുന്നു (12:13).

മോശയുടെ നിയമത്തിൽ ആദ്യജാതന്മാരെ വീണ്ടെടുക്കുന്നത് കുഞ്ഞാടിനെ ബലിയർപ്പിച്ചുകൊണ്ടാണ്. ഏശായാനിബിയായുടെ സഹനദാസൻ കൊല്ലപ്പെടാൻ കൊണ്ടുപോകുന്ന കുഞ്ഞാടായിരുന്നു (ഏശാ 53:7). യേശുവിനെ ദൈവത്തിന്റെ കുഞ്ഞാട് എന്നു വിളിക്കുമ്പോൾ സ്നാപകന്റെ മനസ്സിൽ ഈ ചിത്രങ്ങളായിരുന്നിരിക്കാം പ്രതിഫലിച്ചിരുന്നത്. യേശുവിനെ യഥാർത്ഥ പെസഹാക്കുഞ്ഞാടായിട്ടാണ് യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുന്നത്. പന്ത്രണ്ട് ശ്ലീഹന്മാരടങ്ങുന്ന കുടുംബത്തിൽ "ദൈവത്തിന്റെ കുഞ്ഞാടാണ്" പെസഹാക്കുഞ്ഞാടായി അർപ്പിക്കപ്പെട്ടത് എന്ന് യോഹന്നാൻ സമർത്ഥിക്കുന്നു.

വെളിപാടിന്റെ പുസ്തകത്തിൽ കൊല്ലപ്പെട്ടിട്ടും ദൈവികസിംഹാസനത്തിലിരിക്കുന്ന കുഞ്ഞാടായി യോഹന്നാൻ അവതരിപ്പിക്കുന്ന കുഞ്ഞാട് (വെളി.5:6) ക്രൂശിതനായ യേശുവാണ്. അവൻ ജീവജലത്തിലേക്ക് നയിക്കുന്നവനുമാണ്.

"ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നുവോ അവനാണ് പരിശുദ്ധാത്മാവുകൊണ്ട് സ്നാനം നൽകുന്നവൻ" എന്നാണ് രക്ഷകനെപ്പറ്റി അവന് നൽകപ്പെട്ട വെളിപാട്. ദൈവപുത്രനെ തിരിച്ചറിഞ്ഞ ആദ്യഗണത്തിൽ സ്നാപകന് ഇടം ലഭിച്ചത് ഇങ്ങനെയാണ്.

രക്ഷകനെ തിരിച്ചറിയാൻ ഇന്ന് നമുക്കുള്ള പ്രധാനമാർഗം തിരുവചനമാണ്. വചനത്തിൽ നാം വിശ്വസിക്കുമ്പോഴാണ് വചനം നമ്മിൽ മാംസമാകുന്നത്. അതില്ലെങ്കിൽ സാവൂളിന് ലഭിച്ചതുപോലെയുള്ള ദർശനം നമുക്കും വേണ്ടിവരും. അത് സർവ്വസാധാരണമല്ല താനും. സ്നാപകൻ തന്നെ പറയുന്നത് ശ്രദ്ധിക്കുക: "ഞാനും അവനെ അറിഞ്ഞിരുന്നില്ല" (1:33). മനുഷ്യന്റെ സ്വാഭാവികമായ നന്മകൊണ്ട് രക്ഷകനെ തിരിച്ചറിയാൻ കഴിയുകയില്ല. അതിന് അതിസ്വാഭാവിക അനുഗ്രഹം തന്നെ വേണം. "യോനയുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ. മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിത്തന്നത്" (യോഹ.16:17).

കേവലം എട്ടുദിവസം മാത്രം പ്രായമായ ശിശുവിനെ കൈകളിലെടുത്ത വൃദ്ധനായ ശെമഓന് രക്ഷകനെ അവനിൽ കണ്ടെത്താൻ കഴിഞ്ഞത് ദൈവത്തിന്റെ ഇടപെടൽ കൊണ്ടായിരുന്നു (ലൂക്കോ 2: 28–35). അവൻ പറഞ്ഞു: "സകലജനത്തിനും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ" എന്ന്. അത് എന്റെ കണ്ണുകൾ ദർശിച്ചു എന്ന്. ഗർഭസ്ഥയായിരുന്ന രക്ഷകന്റെ മാതാവിനെ എക്സറേ കണ്ണുകളിലൂടെ ദർശിച്ച എലിസബേത്തിനും ഇതുതന്നെയാണ് പറയാൻ കഴിഞ്ഞത്. "എന്റെ കർത്താവിന്റെ അമ്മ" എന്ന്. യൗസേഫ് ശിശുവിന് രക്ഷകൻ എന്നർത്ഥമുള്ള യേശു എന്നു പേരിട്ടു (മത്താ. 1:21, 25). ദൈവിക ഇടപെടലാണ് അസ്വസ്തനായിരുന്ന അവനെ ശാന്തനാക്കിയത്. സ്വർഗീയഗാനമാണ് ആട്ടിടയന്മാർക്ക് വിശ്വാസത്തിന്റെ തിരികൊളുത്തിയത്. ജ്ഞാനികൾക്കാകട്ടെ ദൈവമഹത്വം ദർശിക്കാൻ ആകാശനക്ഷത്രം അകമ്പടിയായി. "ഞങ്ങൾ അവന്റെ നക്ഷത്രം കണ്ടു" (മത്താ. 2:2). ഈയോബിന്റെ ദർശനം ഇങ്ങനെ: "എന്റെ രക്ഷകൻ ജീവിച്ചിരിക്കുന്നു എന്ന് എനിക്കറിയാം. അവസാന നാളിൽ അവൻ ഭൂമിയിൽ പ്രത്യക്ഷനാകും.'' (യൽദാ: സന്ധ്യാപ്രാർത്ഥനയുടെ സെദ്റ). ഏശായാ പറഞ്ഞു: കന്യക പ്രസവിക്കുന്നവൻ എമ്മാനുവേൽ ആണ് - നമ്മോടുകൂടി എന്നും ആയിരിക്കുന്ന ദൈവം (ഏശാ. 7:14). അബ്രഹാമിന് തന്റെയും കുഞ്ഞിന്റെയും രക്ഷകനെ കുഞ്ഞാടിൽ കണ്ടെത്താൻ കഴിഞ്ഞു (ഉല്പ. 22:13).

ഈ സാക്ഷ്യങ്ങൾ നമ്മെ ഉണർത്തുന്നുണ്ടോ? തിരുവചനമാണ് നമ്മുടെ വിശ്വാസത്തിന്റെ ആധാരശില. തിരുവചനമാണ് നമ്മുടെ വിശ്വാസത്തിന് മിഴിവേകുന്നത്. കന്യകയിൽ നിന്നു ജനിച്ചവനും എമ്മാനുവേലും വചനത്തിൽ നിഗൂഹനം ചെയ്യപ്പെട്ടവനും

തന്റെ സ്നേഹിതരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുന്നവനും (ലൂക്കോ 24:32) തന്റെ ആരാധകരുടെ കണ്ണുകളെ തുറക്കുന്നവനും (ലൂക്കോ 24:31) ആയ രക്ഷകനെ – ലോകപാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ – തിരിച്ചറിയുവാനുള്ള ഉൾക്കാഴ്ച ലഭിക്കുവാൻ ഈ വചനഭാഗം നമ്മെ സഹായകമാകട്ടെ.

*ഫാ. ഏബ്രഹാം നടുവിലേടം*

## ദനഹായ്ക്ക് ശേഷം ഒന്നാം ഞായർ

### യോഹ. 1:43 – 51

ദനഹായ്ക്കുശേഷം വരുന്ന ആദ്യത്തെ ഞായറാഴ്ചയായ ഇന്നിന്റെ ധ്യാനവിഷയം കർത്താവ് തന്റെ ശിഷ്യഗണത്തെ വാർത്തെടുക്കുന്നതാണ്. ധാരാളം ചിന്തകൾ ഇതിൽനിന്നും രൂപപ്പെടുത്താമെങ്കിലും ഒരു ചിന്ത മാത്രം ഇവിടെ പങ്കുവയ്ക്കുകയാണ്. "പീലിപ്പോസ് നിന്നെ വിളിക്കുന്നതിന് മുമ്പ്, നീ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു."

യേശു ഇപ്രകാരം നഥാനയേലിനോട് പറയുന്നതിന്റെ പൊരുൾ എന്താണ്? യഹൂദ റബ്ബിമാർ സന്ധ്യാസമയങ്ങളിൽ അത്തിമരച്ചുവടുകളിൽ ഇരുന്ന് നിയമഗ്രന്ഥങ്ങൾ വായിക്കാറുള്ളതായി യഹൂദപാരമ്പര്യങ്ങൾ രേഖപ്പെടുത്തുന്നു. നഥാനയേലും ഇപ്രകാരം ചെയ്തിരുന്നു എന്ന് വചനം സാക്ഷിക്കുന്നു. പഴയനിയമ ഗ്രന്ഥങ്ങളുടെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഒരു വചനഭാഗമാണിത്. പഴയനിയമഗ്രന്ഥങ്ങൾ ആവശ്യമില്ല; പുതിയ നിയമം മാത്രം മതി എന്ന് ചിന്തിക്കുന്ന സഹോദരങ്ങൾ ശ്രദ്ധിക്കേണ്ട ഒരു ഭാഗമാണിത്.

അതിലുപരി ദൈവവചനത്തിന്റെ പ്രാധാന്യം ഈ ഭാഗം എടുത്തുവിവരിക്കുന്നു. 'വചനം വായിക്കുന്ന വ്യക്തിയെ ദൈവം അറിയുന്നു എന്നും, അവനെ പേര് ചൊല്ലി വിളിക്കുന്നുവെന്നും, അവനെ ശിഷ്യനായ് സ്നേഹിക്കുന്നു എന്നും' ഈ വചനങ്ങൾ വെളിപ്പെടുത്തുന്നു. വചനം ദൈവത്തിന് നമ്മെ പരിചയപ്പെടുത്തുന്നു. വചനം മാംസമായവനിലേക്ക് നമ്മെ ലയിപ്പിക്കുന്നു.

നമ്മുടെ ജീവിതങ്ങളെ നമുക്കൊന്ന് പരിശോധിക്കാം. പലപ്പോഴും ഈ വചനത്തിൽ നിന്നും നാം ഓടി ഒളിക്കാറില്ലേ. അന്ധകാരശക്തികളെ തടഞ്ഞുനിർത്താൻ കഴിവുള്ള വചനം പലപ്പോഴും നമ്മുടെ ജീവിതങ്ങളിൽ ശക്തിക്ഷയിച്ച് കിടപ്പില്ലേ. നമുക്ക് ശക്തിപ്പെടും ദൈവവചനത്താൽ, അത് ഇരുതലവാളിനെക്കാൾ മൂർച്ചയുള്ളതാണെന്ന് നമുക്ക് മനസ്സിലാക്കാം. വചനം നമുക്ക് കോട്ടയും ശക്തിദുർഗവുമാണെന്ന് തിരിച്ചറിയാം. അത് എന്റെ കാലുകൾക്ക് വിളക്കാണെന്ന് മനസ്സിലാക്കാം. എല്ലാറ്റിലുമുപരി ദൈവവചനം എന്നെ ദൈവത്തിന്റെ ഓർമ്മയിൽ, കാഴ്ചയിൽ, ശ്രദ്ധയിൽ നിലനിർത്തുന്നു എന്ന് തിരിച്ചറിയാം. ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഓസ്റ്റിൻ ജോൺ തെക്കേതിൽ**

## ദനഹായ്ക്ക് ശേഷം രണ്ടാം ഞായർ

### വി. ലൂക്കാ 4:16 – 22

യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭമാണ് ഇവിടെ ലൂക്കാസുവിശേഷകൻ വിവരിക്കുന്നത്. യേശുവിന്റെ തിരുവചനവായന, വചനവ്യാഖ്യാനം, ജനങ്ങൾക്കുണ്ടായ പ്രതികരണങ്ങൾ ഇവ ഉൾക്കൊള്ളുന്നതാണ് യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭം.

യേശുവിന്റെ സ്വന്തം സ്ഥലമായ നസറത്തിലെ സിനഗോഗിലാണ് യേശുവിന്റെ വചനവായന നടക്കുന്നത്. ഇസ്രായേലിന്റെ പാരമ്പര്യത്തിലെ പ്രധാന ഘടകമായ സാബത്താചരമണത്തിൽ പങ്കുചേരുന്നതിലൂടെ ഇസ്രായേലിന്റെ തുടർച്ചയാണ് താനെന്ന് യേശു വെളിപ്പെടുത്തുകയാണ്. നിയമവും പ്രവാചകന്മാരുടെ പുസ്തകവുമാണ് സിനഗോഗിൽ വായനയ്ക്കുപയോഗിക്കുന്നത്. ഏശയ്യാ പ്രവാചകന്റെ പുസ്തകമാണ് യേശുവിന് നൽകപ്പെട്ടത്. "പുസ്തകം തുറന്നപ്പോൾ ഇപ്രകാരം എഴുതിയിരിക്കുന്നത് അവൻ കണ്ടു" എന്ന് വി. ലൂക്കാ 4:17 –ൽ പറയുന്നു. യേശു വായിച്ച ഭാഗം യാദൃശ്ചികമായി അവൻ കണ്ടതല്ല, മറിച്ച് തന്റെ ശുശ്രൂഷയെ പ്രവചനത്തിന്റെ പൂർത്തീകരണമായി അവതരിപ്പിക്കുവാൻ ഈ വചനഭാഗം യേശു മനഃപൂർവ്വം കണ്ടു എന്നാണ് മനസ്സിലാക്കേണ്ടത്. ഏശയ്യാ 61:1–2 വചനങ്ങൾ വായിക്കുന്നതിലൂടെ പ്രവചനങ്ങളുടെ പൂർത്തീകരണമാണ് താനെന്നും, തന്റെ ദൗത്യം എന്താണെന്നും യേശു ഇവിടെ പ്രകാശിപ്പിക്കുകയാണ്.

"കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്" എന്ന് പറഞ്ഞുകൊണ്ടാണ് വചനഭാഗം ആരംഭിക്കുന്നത്. വി. ലൂക്ക 1:35 ന്റെ വെളിച്ചത്തിലാണ് യേശു ഇത് പ്രഘോഷിക്കുന്നത്. യേശുവിന്റെ ശുശ്രൂഷയിൽ പരിശുദ്ധാത്മാവിനുള്ള സ്ഥാനം ഇവിടെ പ്രഖ്യാപിക്കുകയാണ്. പരിശുദ്ധാത്മാവ് യേശുവിനെ ദൗത്യനിർവ്വഹണത്തിനുവേണ്ടി പ്രവാചകപരമായി അഭിഷേചിച്ചിരിക്കുകയാണ്.

കർത്താവിന്റെ ആത്മാവിനാൽ അഭിഷേചിക്കപ്പെട്ടിരിക്കുന്ന യേശുവിൽ നിറവേറ്റപ്പെടേണ്ട ദൗത്യങ്ങളാണ് പിന്നീട് വിവരിക്കുന്നത്.

1. ദരിദ്രരോട് സുവിശേഷം അറിയിക്കാൻ
2. ബന്ധിതർക്ക് മോചനം നൽകാൻ / അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം നൽകാൻ.
3. അന്ധർക്ക് കാഴ്ച നൽകാൻ.
4. കർത്താവിന്റെ വത്സരം പ്രഘോഷിക്കാൻ.

**1. ദരിദ്രരോട് സുവിശേഷം അറിയിക്കാൻ**

സാമ്പത്തികവും രാഷ്ട്രീയവും ശാരീരികവും ആത്മീയവും സാമൂഹ്യവുമായ അടിമത്തത്തിൽനിന്ന് മോചനം ലഭിക്കേണ്ടവരെല്ലാം ദരിദ്രരാണ്. ദരിദ്രരെ സംബന്ധിക്കുന്ന 5 വിവരണങ്ങൾ വി. ലൂക്കായുടെ സുവിശേഷത്തിൽ കാണാം. ദരിദ്രർ, ബന്ധിതർ, അന്ധർ, അടിച്ചമർത്തപ്പെട്ടവർ, വിശപ്പ് സഹിക്കുന്നവർ, കരയുന്നവർ, പീഡയനുഭ

വിക്കുന്നവർ, കുരുടർ, മുടന്തർ, കുഷ്ഠരോഗികൾ, ചെകിടർ, മരിച്ചവർ, വികലാംഗർ ആദിയായവർ വി. ലൂക്കായുടെ കാഴ്ചപ്പാടിൽ ദരിദ്രരാണ്. ദരിദ്രരോട് സുവിശേഷം അറിയിക്കുക എന്നതിലൂടെ മനുഷ്യന്റെ സമഗ്രവിമോചനമാണ് യേശു ആഗ്രഹിക്കുന്നത്. മനുഷ്യത്വത്തിന്റെ ഏതെങ്കിലും മേഖലയിൽ ദാരിദ്ര്യമനുഭവിക്കുന്നവർക്കെല്ലാം, ഹൃദയം തകർന്നവർക്കെല്ലാം യേശുവിലൂടെ ലഭിക്കുന്ന സൗഖ്യത്തിന്റെ, രക്ഷയുടെ സുവിശേഷമാണ് വി. ലൂക്കാ വിവരിക്കുന്ന യേശുവിന്റെ സുവിശേഷം.

2. **ബന്ധിതർക്ക് മോചനം നൽകാൻ**

ഏതെങ്കിലും വിധത്തിലുള്ള അടിമത്തത്തിലായവരാണ് ബന്ധിതർ. പൈശാചിക അടിമത്തങ്ങളിൽനിന്ന് മനുഷ്യനെ മോചിപ്പിച്ച് ദൈവികഭരണത്തിൻ കീഴിലാക്കുകയാണ് യേശുവിന്റെ ദൗത്യം. ഭൗതികവും മാനസികവും ആത്മീയവും സാമൂഹ്യവും സാമ്പത്തികവുമായ എല്ലാ ബന്ധനങ്ങളെയും പൊട്ടിച്ചെറിഞ്ഞ് ദൈവികരക്ഷയുടെ ഭാഗമായി മനുഷ്യനെ മാറ്റുകയാണ് ബന്ധിതർക്ക് മോചനം എന്ന ദൗത്യത്തിലൂടെ

3. **അന്ധർക്ക് കാഴ്ച നൽകാൻ**

കാഴ്ച, പ്രകാശം ഇവ രക്ഷയുടെ പ്രതീകങ്ങളാണ്. ബാഹ്യമായ പ്രകാശം നൽകുമ്പോഴെല്ലാം യേശു ആന്തരികമായ പ്രകാശമാണ് വ്യക്തികളിൽ നിറയ്ക്കുന്നത്. “സകലമനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും” (ഏശയ്യ 40/5) എന്ന ദൈവത്തിന്റെ പദ്ധതി യേശുവിൽ പൂർത്തീകരിക്കപ്പെടുകയാണ്. രക്ഷയും രക്ഷകനായ ദൈവത്തെയും കാണാൻ കഴിയാതെ വ്യാപരിക്കുന്നവർക്ക് രക്ഷയുടെ പ്രകാശം നൽകുവാൻ യേശു അയയ്ക്കപ്പെട്ടിരിക്കുന്നു.

4. **കർത്താവിന്റെ വത്സരം പ്രഖ്യാപിക്കുവാൻ**

ഏശയ്യാ പ്രവചനത്തിന്റെ പൂർത്തീകരണമായ മോചനവും രക്ഷയും സകല മനുഷ്യരും പ്രാപിക്കുന്ന കർത്താവിന്റെ വത്സരം പ്രഖ്യാപിക്കുകയാണ്. യേശുവിന്റെ ദൗത്യം സ്വാതന്ത്ര്യവും സമാധാനവും ആനന്ദവും നിറഞ്ഞുനിൽക്കുന്ന അനുഭവം ദൈവികരാജ്യത്തിന്റെ വത്സരമാണ്. ഈ വത്സരം തന്റെ രക്ഷയിലൂടെ പ്രഖ്യാപിക്കുകയാണ്, നിറവേറ്റുകയാണ്.

വചന വായനക്കും വ്യാഖ്യാനത്തിനും ശേഷം ശ്രോതാക്കൾ അവനെ ‘ഉറ്റുനോക്കി’ എന്നു പറഞ്ഞിരിക്കുന്നു. സംശയദൃഷ്ടിയോടെയോ പ്രതീക്ഷാനിർഭരമോ ആയ വീക്ഷണത്തെയാണ് ഉറ്റുനോക്കുക എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്. കാരണം താൻ വായിച്ച ഏശയ്യാ പ്രവചനം, തന്നിലൂടെ തന്നെ നിറവേറും എന്നും, കാലാകാലങ്ങളായി ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന മിശിഹാ/രക്ഷകൻ താനാണെന്നും യേശു പ്രഖ്യാപിക്കുകയായിരുന്നു. “നിങ്ങൾ കേട്ടിരിക്കെത്തന്നെ ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു” (വി. ലൂക്കാ 4/21). ദൈവത്തിന്റെ രക്ഷ ഭാവിയിലാകേണ്ട കാര്യമല്ല. മറിച്ച് ഇപ്പോൾത്തന്നെ തന്നിൽ പൂർത്തിയാകേണ്ടതാണെന്ന് യേശു വ്യക്തമാക്കുന്നു. മനുഷ്യന് ഇന്നലെകളും നാളെകളും ഉണ്ടെങ്കിലും ദൈവത്തിന് എന്നും ‘ഇന്ന്’ ആണ്. ഏശയ്യാ പ്രവാചകനിലൂടെ ദൈവം നൽകിയ രക്ഷയുടെ വാഗ്ദാനം പൂർത്തീകരിക്കുകയാണ് തന്റെ ലക്ഷ്യമെന്ന് യേശു വ്യക്തമാക്കുകയാണ്. യേശുവിന്റെ പരസ്യശുശ്രൂഷയുടെ മുഴുവൻ കാതലായി ദൗത്യപ്രവചനം നിലകൊള്ളുന്നു.

ക്രിസ്തുശിഷ്യരെന്ന നിലയിൽ യേശുവിന്റെ ദൗത്യം നമ്മുടെയും ദൗത്യമാണ്. ദരിദ്രരായി, അടിച്ചമർത്തപ്പെട്ടവരായി, അന്ധരായി, ബന്ധിതരായി കഴിയുന്ന നമ്മുടെ സഹോദരങ്ങളെ ദൈവത്തിന്റെ പുത്രനും പുത്രിയുമാക്കിത്തീർക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ശരീരത്തിലും മനസ്സിലും ആത്മാവിലും ദാരിദ്രമനുഭവിക്കുന്നവരെ ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും കൊണ്ടുനിറയ്ക്കുവാൻ നമുക്ക് സാധിക്കണം. നമ്മുടെ സമയം, കഴിവുകൾ, ആരോഗ്യം, സമ്പത്ത് ഇവ ഇല്ലായ്മയനുഭവിക്കുന്നവരുമായി നമുക്ക് പങ്കുവയ്ക്കാം. സമൂഹത്തിൽ അടിച്ചമർത്തപ്പെട്ടവരെ, മനുഷ്യനെന്ന നിലയിലുള്ള സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കാത്തവരെ ക്രിസ്തുവിന്റെ സ്നേഹത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും കൈപിടിച്ചുയർത്താം. ശാരീരിക, ആത്മീക, സാമൂഹ്യ, തലങ്ങളിൽ അന്ധരായവരെ ക്രിസ്തുവിന്റെ പ്രകാശത്തിലേക്കും അവിടുത്തെ വചനത്തിന്റെ തെളിമയിലേക്കും നമുക്ക് നയിക്കാം. യേശുവിന്റെ രക്ഷയുടെ മാധുര്യം അനുഭവിച്ചറിഞ്ഞ് ദൈവികഭരണത്തിലായിരിക്കുന്ന രക്ഷയുടെ വത്സരം സകല ജനപഥങ്ങളോടും ചേർന്ന് പ്രഖ്യാപിക്കുവാൻ നമുക്ക് ആഗ്രഹിക്കാം, പരിശ്രമിക്കാം.

**ഫാ. ജോസഫ് കരിപ്പായിൽ**


**70th Birthday**



**K.P. ABRAHAM**
**KARUVELIL, ANIKAD**
**JUNIOR WARRANT OFFICER**
**INDIAN AIR FORCE**
**H.O.D.Physical Education**
**SREE RAJAHAMSASRAMA**
**VIDHYA PEEDOM HIGH SCHOOL**
**CHAMPAKARA**

# വേറിട്ടൊരു ക്രിസ്തുമസ്

മാനവരാശിക്ക് ശാന്തിയും സമാധാനവും ആശംസിച്ചുകൊണ്ട് വീണ്ടും ഒരു ക്രിസ്തുമസ് കൂടി കടന്നുപോയിരിക്കുന്നു. ലോകത്ത് ഏറ്റവുമധികം ആളുകൾ ആഘോഷിക്കുന്ന ഉത്സവമാണ് ക്രിസ്തുമസ്. ലോകത്തിന്റെ പല ഭാഗങ്ങളിൽ ജീവിക്കുകയും പല ഭാഷകൾ സംസാരിക്കുകയും പല സംസ്കാരങ്ങൾ പുലർത്തുകയും ചെയ്യുന്ന കോടിക്കണക്കിന് ജനങ്ങൾ പലരീതിയിലാണെങ്കിലും ആഘോഷിക്കുന്നതാണ് ക്രിസ്തുമസ്. വൈരുദ്ധ്യത്തിലെ ഏകത്വം (Unity in Divesity) എന്ന തത്വം ക്രിസ്തുമസിനെ സംബന്ധിച്ച് തികച്ചും അന്വർത്ഥമാണ്. ഏത് രീതിയിൽ ആഘോഷിച്ചാലും അവരുടെ ലക്ഷ്യം ഒന്നുതന്നെയാണ്. യേശുദേവനെ അനുസ്മരിക്കുക. അതുവഴി സത്യത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുക.

മതത്തിന്റെയും ജാതിയുടെയും വർണ്ണത്തിന്റെയും വർഗ്ഗത്തിന്റെയും പേരിൽ വിഭാഗീയത ഇന്ന് വളർന്നു വരുന്നു. മനുഷ്യനെ സഹജീവി എന്ന നിലയിൽ കാണാതെ മറ്റൊരു ജാതിക്കാരനായി – ശത്രുവായി കാണുന്ന പ്രവണത കൂടി വരുന്നു. താൻ പറയുന്നതാണ് സത്യം അഥവാ ശരി എന്നതിൽനിന്നും താൻ പറയുന്നതേ ശരിയുള്ളൂ, ബാക്കിയുള്ളവ തെറ്റ്, തകർക്കപ്പെടേണ്ടത് എന്ന ചിന്ത വളർന്ന് ലോകം മുഴുവൻ തീവ്രവാദത്തിന്റെ ഭീഷണിയിലാണ്. പരസ്പരം സ്നേഹിക്കാനും മറ്റുള്ളവർ പറയുന്നത് കേൾക്കാനും അതിൽ ശരിയുണ്ടോ എന്ന് അന്വേഷിക്കാനും കഴിഞ്ഞാൽ ഭീകരതയും വിദ്വേഷവും ഇല്ലാതാകും. സഹനവും സഹവർത്തിത്വവും സ്നേഹവുമാണ് യേശുദേവന്റെ ആഹ്വാനം. അതുൾക്കൊള്ളാൻ കഴിഞ്ഞാൽ എത്ര നന്നായി.




ഇന്ന് മുൻകാലങ്ങളെ അപേക്ഷിച്ച് ആരാധനാലയങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ക്ഷേത്രമായാലും പള്ളിയായാലും ഇപ്പോൾ പണം ഒരു പ്രശ്നമേയല്ലാതായിട്ടുണ്ട്. വിശ്വാസികൾ കൈയ്യഴിച്ച് ആരാധനാലയങ്ങൾക്ക് പണം നൽകുന്നു. എന്നാൽ അനാഥരുടെയും പട്ടിണിക്കാരുടെയും സഹായത്തിന് നൽകുന്ന തുക തുലോം തുച്ഛമാണ്. ആരാധനാലയങ്ങളിലേക്ക് ഭക്തപ്രവാഹമാണ് എപ്പോഴും. എല്ലാ മതവും നല്ലതുമാത്രമാണ് പ്രചരിപ്പിക്കുന്നത്. എന്നാൽ ഇന്ന് പത്രമാധ്യമങ്ങളിൽ പ്രാധാന്യത്തോടെ വരുന്ന വാർത്തകൾ ഭീകരമാണ്. സ്ത്രീയെ ഉപഭോഗവസ്തുവായി കാണുന്നവരുടെ എണ്ണം കൂടുന്നു. അമ്മ, സഹോദരി, ഭാര്യ, മകൾ എന്നൊക്കെയുള്ള ധാരണകൾക്കു പോലും മാറി വരുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പിതാവിൽനിന്നും ഗർഭം ധരിക്കുന്ന മകളും സഹോദരനിൽനിന്നും നിരന്തരം പീഡനമേൽക്കേണ്ടിവരുന്ന സഹോദരിയും മറ്റും ഇന്ന് സർവ്വസാധാരണമാകുന്നു. കേട്ടിട്ടില്ലാത്ത നിലയിൽ ചൂഷണങ്ങൾ നടക്കുന്നു. അംബരചുംബികളായ ആരാധനാലയങ്ങൾ ഉയരുമ്പോൾത്തന്നെ കുറ്റകൃത്യങ്ങളും അത്രത്തോളം ഉയരുന്നു. ഈ വൈരുദ്ധ്യം നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്.

അന്നത്തെ സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും അനീതികൾക്കുമെതിരെ ശക്തിയുക്തം പോരാടിയ വിപ്ലവകാരിയായിരുന്നു യേശുക്രിസ്തു. ദേവാലയത്തിൽ കച്ചവടം നടത്തിയവരെ ചമ്മട്ടി എടുത്ത് തല്ലിയോടിച്ച ക്രിസ്തുദേവൻ വിശന്നിരുന്ന അജഗണങ്ങളെ കണുമ്പോൾ മനസ്സലിയുകയും ചെയ്തിരുന്നു.

ആത്മാർത്ഥതയും സത്യസന്ധതയും ഉള്ളവർക്ക് മാത്രമേ ദിവ്യമായ അനുഗ്രഹം ലഭിക്കുകയുള്ളൂ. വിനയമുള്ള ജീവിതങ്ങളും ആഴമേറിയ സമർപ്പണവും ഇതിനാവശ്യമാണ്. ഇതിന് പരസ്പരം സ്നേഹിക്കാനും ആദരിക്കാനും ശുശ്രൂഷിക്കാനും കഴിയണം. മനുഷ്യൻ മനുഷ്യനു തന്നെ കോടാലിയായി മാറരുത്. ഈ പ്രപഞ്ചത്തിൽ മനുഷ്യൻ മാത്രമല്ല ഉള്ളത്. പക്ഷിമൃഗാദികളും വൃക്ഷലതാദികളും ഉണ്ട്. അവർക്കും ദൈവം ഇവിടെ ഇടം കൊടുത്തിട്ടുണ്ട്. അവരെയും ഉൾക്കൊള്ളുവാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ ക്രിസ്തുദേവന്റെ ജനനം നമ്മെ സംബന്ധിച്ച് അർത്ഥപൂർണ്ണമാവുകയുള്ളൂ.

യേശുവിന്റെ ജനനം പ്രത്യാശയുടെയും സമാധാനത്തിന്റെയും പുത്തൻ പുലരിയായി പരിഗണിച്ച് മനുഷ്യജീവിതത്തിന് അർത്ഥവും ലക്ഷ്യവും നൽകാൻ കഴിയണം. പ്രതാപത്തിന്റെ ഗിരിശൃംഗങ്ങളിൽ നിന്ന് സമാധാനത്തിന്റെ സന്ദേശവാഹകനായി ബേത്‌ലഹേമിൽ പിറന്ന ത്യാഗമൂർത്തി ഈ സുദിനത്തിൽ നമ്മുടെ ഹൃദയത്തിലും പിറക്കട്ടെ. ശത്രുക്കളെ സ്നേഹിക്കുവാനും ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമുള്ള മനസ്സുണ്ടാകട്ടെ. സ്നേഹത്തിന്റെയും ദയയുടെയും സഹനത്തിന്റെയും സത്യത്തിന്റെയും പാതയിലൂടെ മാനവരാശിയിൽ സമാധാനവും ഐക്യവും ഊട്ടിയുറപ്പിക്കുവാൻ പണിപ്പെടുക എന്നതാകട്ടെ ഈ സുദിനത്തിലെ സന്ദേശം. ●

## ഉള്ളതു പറഞ്ഞാൽ...





# നടേശാ... കൊല്ലൻടാ...



**അഡ്വ. വിനോദ് മാത്യു വിൽസൺ**

ഓർമ്മ ശരിയാണെങ്കിൽ രാവണപ്രഭു എന്ന മോഹൻലാൽ ചിത്രത്തിൽ ലാലിനെ അടിക്കാൻ ഗുണ്ടയെ പറഞ്ഞുവിട്ടിട്ട് വിജയരാഘവൻ പറയുന്ന ഡയലോഗാണിത്. "നടേശാ...കൊല്ലൻടാ..." സിനിമ കാണുന്ന നമുക്ക് എല്ലാവർക്കും അറിയാം ലാലിനെ തല്ലാൻ പോയിട്ട് രോമത്തെ തൊടാൻപോലും കഴിയില്ല എന്ന്. ഇതുതന്നെയാണ് എനിക്കും ഈ സാമൂഹിക, രാഷ്ട്രീയ സാഹചര്യത്തിൽ പറയാൻ ഉള്ളത്. മുതലാളിക്ക് ഒരു ചുക്കും ചെയ്യാൻ കഴിയില്ല, അതും ജാതിയുടെയും മതത്തിന്റെയും പേരിൽ ഈ കൊച്ചുകേരളത്തിൽ.

വ്യക്തിപരമായി ആർക്കും മുതലാളിയോട് പിണക്കമോ പരിഭവമോ ഇല്ല. എന്നാൽ കൈക്കൊണ്ടിരിക്കുന്ന നിലപാടിനോടാണ് എതിർപ്പ്. ഇങ്ങനെ ഒരു നിലപാട് കൈക്കൊള്ളാൻ തരത്തിൽ മുതലാളിയെ വളർത്തിയെടുത്ത രാഷ്ട്രീയ കച്ചവടക്കാർക്കാണ് ഈ പാപത്തിന്റെ പ്രഥമ ഉത്തരവാദിത്വം. അദ്ദേഹം നടത്തിയ യാത്രയിൽവച്ച് മനുഷ്യസ്നേഹിയായ നൗഷാദിനെ മുസ്ലീമായി ചിത്രീകരിച്ചു സംസാരിച്ചു. അതുമായി ബന്ധപ്പെട്ട് കേസും എടുത്തു. പക്ഷേ നിയമം നിയമത്തിന്റെ വഴിക്ക് പോകും എന്നതുപോലെ ഈ കേസും അതിന്റെ വഴിക്ക് തന്നെ പോകും. ജോലി വാങ്ങുന്നതിന് കാശുവാങ്ങുന്നില്ല എന്നതാണ് നിലപാട്. കാശ് കൊടുത്ത് ജോലി വാങ്ങിയ ഒരുത്തനും തന്റേടം ഇല്ലല്ലോ ഈ പൊയ്മുഖം വലിച്ചുകീറാൻ. ഇത് പറഞ്ഞത് മദ്യം വിഷമാണ്, എന്നാൽ മുതലാളി പറയുന്നത് മദ്യം കഴിക്കുന്നത് വിഷമമാണ്. അതു മാറാൻ കൂടുതൽ വെള്ളമോ സോഡയോ ഒഴിച്ച് കഴിച്ചാൽ മതി എന്നാണ്. ഇന്നലെ ഒരു യാത്രയിൽ എന്റെ വളരെ അടുത്ത ഒരു സുഹൃത്ത്, ഒരു മതേതരവാദിയാണ്, പക്ഷേ മനസ്സിൽ ചില പുകച്ചിലുകൾ വന്ന് തുടങ്ങി. "അളിയാ, അയാള് ഈ പറയുന്നതിൽ കുറച്ച് കാര്യം ഉണ്ട്." ഇതാണ് അസഹിഷ്ണുത. അത് ഉണ്ടാക്കിയെടുക്കാൻ എന്തായാലും സാധിച്ചു. ഒരു മുഖ്യമന്ത്രിയെ വിലക്കാൻ തക്ക തരത്തിൽ മധുരമനോഹര ജനാധിപത്യത്തിൽ മതത്തിന് സാധിച്ചിരിക്കുന്നു.

മൗനം മരണമാണ്. പ്രതിഷേധിക്കാൻ ഭയമുള്ളവന്റെ പ്രതിഷേധമാണ് മൗനം. കാടിന് തീ പിടിക്കുമ്പോൾ ആദ്യം അറിയുന്നത് വണ്ണാത്തിക്കിളികളും കരിയിലക്കിളികളുമൊക്കെയാണ്. കിടന്ന് ചിലയ്ക്കും. നമ്മൾ പറയും, ഈ ഭ്രാന്തൻ കിളികൾക്ക് എന്തുപറ്റിയെന്ന്. കാടിനും കൂടിനും ചിത ഒരുക്കിക്കൊണ്ടിരിക്കുകയാണ് എന്ന് അറിയുമ്പോഴേക്കും കാര്യങ്ങൾ കൈവിട്ടുപോകും. നൗഷാദും, ജോർജും, രമേശും ഒരുമിച്ച് ഭക്ഷണം കഴിക്കട്ടെ, അമ്പലങ്ങളും പള്ളികളും മദ്രസ്സകളും നന്മയുടെ ശംഖൊലി മുഴക്കട്ടെ.



# പുഷ്പഗിരി ഹോസ്പിറ്റലിൽ നിന്നും കടല

ഇടുങ്ങിയ മൺപാതകളും വഴിയോരങ്ങളിൽ പച്ചപ്പു ചാർത്തിയ പച്ചക്കറിത്തോട്ടങ്ങളും കണ്ണെത്താ ദൂരത്തോളം നീണ്ടുകിടക്കുന്ന ജമന്തിപ്പാടങ്ങളും പുല്ലുമേഞ്ഞ കുടിലുകളും... കവിതയുണർത്തുന്ന ഗ്രാമഭംഗി!!! അതാണ് 'കടലൂർ'. സമുദ്രനിരപ്പിൽനിന്നും അധികം ഉയരത്തിലല്ലാത്ത തമിഴ്നാട്ടിലെ ഒരു കൊച്ചുഗ്രാമം. അവിടെ പുല്ലുമേഞ്ഞ, ചാണകം മെഴുകിയ കുഞ്ഞു കുടിലുകളിൽ ഇന്നിന്റെ വേവലാതികളും നാളെയുടെ പ്രതീക്ഷകളുമായി ജീവിക്കുന്ന സാധാരണക്കാരിൽ സാധാരണക്കാരായ ജനത... അവരുടെ സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും മേൽ പ്രകൃതി തന്റെ സംഹാര താണ്ഡവമാടിയത് ഈ മഞ്ഞുകാലത്താണ്... 'കാലം തെറ്റിയെത്തിയ മഴ'! ആ പ്രളയമാരിയിൽ ഒലിച്ചുപോയത് അവരുടെ സ്പ്നങ്ങളും ഒരായുസ്സുകൊണ്ട് ഉണ്ടാക്കിയ സമ്പാദ്യങ്ങളുമായിരുന്നു. രണ്ടാഴ്ചയോളം മഴ നിൽക്കാതെ പെയ്തു. കടലൂരിന്റെ പാതിയോളം വെള്ളത്തിനടിയിലായി. കുടിലുകൾ പലതും നശിച്ചു...കൃഷിയിടങ്ങളിൽ വെള്ളം കയറി... മഴ പെയ്തു തോർന്ന പുലരിയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും കുടിലുകൾ തേടി വന്നവർക്കു മുമ്പിൽ നാശനഷ്ടങ്ങളുടെ വലിയ കൂമ്പാരമാണുണ്ടായിരുന്നത്. ഭക്ഷണമില്ല, പാർപ്പിടമില്ല, വ്സ്ത്രങ്ങളില്ല, ഒപ്പം പടർന്നുപിടിക്കുന്ന പകർച്ചവ്യാധികളും... ജീവിതം ഒരു ചോദ്യചിഹ്നമായി ആ പാവങ്ങൾക്കു മുന്നിൽ...

ഈ പ്രളയഭൂമിയിലേക്ക് സഹായഹസ്തവുമായി ആയിരങ്ങളുടെ പ്രാർത്ഥനയുടെ അകമ്പടിയോടെ അവശ്യമരുന്നുകളുമായി പതിനാലു പേരടങ്ങുന്ന സംഘം 2015 ഡിസംബർ 9-ാം തീയതി രാവിലെ പുഷ്പഗിരിയിൽ നിന്നും തിരിച്ചു... മനസ്സിൽ ഇതുവരെ കാണാത്ത, പരിചയമില്ലാത്ത സ്ഥലം. ഒപ്പം അവിടെ പടർന്നുപിടിക്കുന്ന പകർച്ചവ്യാധികളുടെ ഭീതിയും. ഒൻപതിന് രാത്രി പത്തുമണിയോടുകൂടി കടലൂരിലെ പോണ്ടിച്ചേരിയിൽ എത്തിച്ചേർന്നു. പ്രതീക്ഷിച്ചതിലും ഭീകരമായ അന്തരീക്ഷത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്.

പ്രളയം നാശം വിതച്ചനാട്...വൃത്തിഹീനമായ അന്തരീക്ഷം...പടർന്നുപിടിക്കുന്ന ത്വക്രോഗങ്ങളും പകർച്ചവ്യാധികളും... നല്ല വസ്ത്രങ്ങളോ, ശരിയായ ഭക്ഷണമോ ലഭിക്കാതെ വലയുന്ന മനുഷ്യർ... നല്ല ഗതാഗത സൗകര്യമോ വൈദ്യുതിയോ ഒന്നുമില്ല. ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് എത്തിച്ചേരണമെങ്കിൽ ട്രാക്ടറുകളെ ആശ്രയിക്കേണ്ട അവസ്ഥ. ഒരുവശത്ത് പ്രളയം വരുത്തിവച്ച നാശനഷ്ടങ്ങൾ. മറുവശത്ത് പടർന്നുപിടിക്കുന്ന രോഗങ്ങൾ. ഇതിലും ശോചനീയമായത്, ആ മനുഷ്യരുടെ നിരക്ഷരതയായിരുന്നു. മുറിവുകൾ എങ്ങനെ പരിചരിക്കണമെന്നോ, മരുന്നുകൾ എങ്ങനെ ശരിയായി ഉപയോഗിക്കണമെന്നോ, പരിസരം എങ്ങനെ വൃത്തിയായി സൂക്ഷിക്കണമെന്നോ അറിയാത്ത, ഇന്നും പുരോഗമനം തൊട്ടുതീണ്ടിയിട്ടില്ലാത്ത ജനത. അവർക്കുമേൽ കൂനിന്മേൽ കുരുപോലെ പ്രളയകെടുതിയും...

കനത്ത മഴ തകർത്തു കളഞ്ഞ കടലൂരിന്റെ സ്വപ്നങ്ങൾ വീണ്ടും പണിതുയർത്താനുള്ള പണിപ്പാടിലാണ് ആ പാവങ്ങൾ. അവരുടെ പ്രയത്നം. ഒരു വിരൽത്താങ്ങെങ്കിലും നൽകാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഞങ്ങൾ. ഈ ക്രിസ്തുമസ് കാലത്ത് നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം. പ്രതീക്ഷയുടെ പൊൻകിരണങ്ങൾ അവരുടെ ജീവിതത്തിലേക്കും തെളിയട്ടേയെന്ന്. അവരുടെ സ്വപ്നങ്ങൾക്കും ചിറകുകൾ ഉണ്ടാകട്ടേയെന്ന്.

**സൈമൺ ഫ്രാൻസിസ് (സ്റ്റാഫ് നേഴ്സ്)**







# ൂരിലേക്ക് ഒരു യാത്ര












# ഐക്യദീപം പരസ്യ നിരക്കുകൾ





**വായിക്കുക! വരിക്കാരാവുക!**

## ഐക്യദീപം മാസിക

ജീവിതത്തിലെ അവിസ്മരണീയ ദിനങ്ങളിൽ നിങ്ങളോടൊപ്പം പങ്കുചേരുവാൻ ഐക്യദീപം ആഗ്രഹിക്കുന്നു. വിവാഹം, മാമോദീസ, ആദ്യ കുർബാന സ്വീകരണം, എന്നീ ആനന്ദനിമിഷങ്ങളും. മരണം, ഓർമ്മദിവസങ്ങൾ എന്നീ വ്യസനനിമിഷങ്ങളും ഐക്യദീപത്തിലൂടെ മിതമായ നിരക്കിൽ അറിയിക്കാവുന്നതാണ്. നിരക്കുകൾ ചുവടെ ചേർക്കുന്നു.

### ADVERTISEMENT TARIFF

| | |
|---|---|
| 1. Full page Back Cover Colour | Rs. 10,000 |
| 2. Full page Back inside Colour | Rs. 8000 |
| 3. Full page Inside Black and White | Rs. 3500 |
| 4. Half page Black & White | Rs. 2000 |
| 5. Quarter page Black & White | Rs. 1500 |
| 6. Obituary | Rs. 500 |
| 7. Matrimonial | Rs. 500 |
| 8. Thanks giving prayer with photo | Rs. 500 |
| 9. Thanks giving prayer without photo | Rs. 300 |
| 10. Birthday Wishes (with passport size photo) | Rs. 300 |
| 11. Lifelong Subscription (10 Years) | Rs. 1000 |
| 12. Annual Subscription | Rs. 120 |
| 13. Annual Subscription (outside India) | Rs. 2750 |






ഫാ. തോമസ് കല്ലുപുരയ്ക്കൽ

ഫാ. ഫിലിപ്പ് തറയിലേത്ത് (തായില്യം)


ഫാ. ഡാനിയേൽ തോട്ടാപ്പുരയ്ക്കൽ

ഫാ. ജോൺ പടിപ്പുരയ്ക്കൽ




കടപ്ര മാന്നാർ ഇളമതയിൽ **ജിനോ ജെയിംസിന്റെയും റാണി ജിനോയുടെയും മകൾ എയ്‌ലിൻ സാറാ ജിനോ**യുടെ മാമോദീസാ 2015 നവംബർ 28-ാം തീയതി കുന്നംന്താനം സെന്റ് ജോസഫ് കത്തോലിക്കാ പള്ളിയിൽ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

BAPTISM



Date of Publication: 28-12-2015
Price ₹ 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822

R.N.I. 35982/80
January 2016

# തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ഇടവക, പൂഴിക്കുന്ന്
## തിരുവല്ല അതിരൂപത, റാന്നി വൈദിക ജില്ല
# പ്ലാറ്റിനം ജൂബിലി ആഘോഷം - ഇടവക തിരുന്നാൾ


2016 ജനുവരി 23 ശനി മുതൽ
2016 ജനുവരി 31 ഞായർ വരെ

## തിരുക്കർമ്മങ്ങൾ

പ്ലാറ്റിനം ജൂബിലി വിളംബര റാലി
പ്ലാറ്റിനം ജൂബിലി – തിരുന്നാൾ കൊടിയേറ്റ്
ആഘോഷമായ വി. കുർബാന
**അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ**
**കാരുണ്യ സ്പർശം** – എം. സി. വൈ. എം. ന്റെ ആഭിമുഖ്യത്തിൽ
രോഗിസഹായം, പഠനസഹായവിതരണം. സണ്ടേസ്കൂൾ വാർഷികം
ഇടവക നവീകരണ ധ്യാനം
ആഘോഷമായ സമൂഹബലി (റാന്നി മേഖലയിലെ വൈദികർ)
ആഘോഷമായ സമൂഹബലി (ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദികർ)
**മൂന്നിൻമേൽ കുർബാന**, ഇടവക ദൈവവിളി സംഗമം
സെമിത്തേരിയിൽ ധൂപപ്രാർത്ഥന
വാഹന വെഞ്ചരിപ്പ്
**തിരുന്നാൾ റാസ**
**തിരുന്നാൾ കുർബാന**, പ്ലാറ്റിനം ജൂബിലി സംഗമം,
കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രപ്പോലിത്താ**
**75 വയസ്സായവരെ ആദരിക്കൽ**
**കാരുണ്യ വർഷത്തിൽ ഇടവക നിർമ്മിച്ച് നല്കുന്ന**
**ഭവനത്തിന്റെ കൂദാശ അഭി. പിതാവ് നിർവഹിക്കുന്നു**



പ്ലാറ്റിനം ജൂബിലി വർഷം
1940 – 2015



ഫാ. മാത്യൂ ചിറയിൽ
വികാരി

ശ്രീ. ജോൺ സാമുവേൽ
ചരിവുപുരയിടത്തിൽ
ട്രസ്റ്റി

ശ്രീ. ഏബ്രഹാം ഫിലിപ്പ്
ചാമക്കാലായിൽ
(സെക്രട്ടറി)




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*